# ഒൻപതാം പദ്ധതി



## സമഗ്രവികസന റിപ്പോർട്ട്

ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്


ഇൻഡ്യ
72°
88°
28°
12°
0 500 കി.മി.
കേരളം


കേരളം
75°
76°
77°
12°
11°
10°
9°
0 80 കി.മി.
കൊല്ലം

# കൊല്ലം


0 10 കി.മി.
9°
8° 30'
ശൂരനാട്ട് വടക്ക്

15-6

# അധികാരം ജനങ്ങളിലേക്ക്

## ഒൻപതാം പദ്ധതി ജനകീയ പദ്ധതി

ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസന റിപ്പോർട്ട്



ഇന്നു മുതൽ നിങ്ങൾ മുൾക്കിരീടം ചൂടുകയാണ്. സത്യവും അഹിംസയും മുറുകെപിടിക്കുക. ക്ഷമയുള്ളവരായിരിക്കുക. ബ്രിട്ടീഷ് ഭരണം നിങ്ങളുടെ പൗരുഷത്തെ ഉണർത്തി. പക്ഷേ യഥാർത്ഥത്തിലുള്ള പരീക്ഷ ആരംഭിക്കാൻ പോകുന്നതേയുള്ളു. അധികാരത്തിനെതിരേ കരുതിയിരിക്കുക. അധികാരം ദുഷിപ്പിക്കും. അധികാരത്തിന്റെ വലയിൽ വീഴാതിരിക്കുക. അതിന്റെ ആഡംബരങ്ങളിൽ ഭ്രമിക്കാതിരിക്കുക. ഇന്ത്യയിലെ പാവപ്പെട്ട ഗ്രാമീണരെ സേവിക്കാനാണ്, നിങ്ങൾ അധികാരത്തിലിരിക്കുന്നത് എന്ന് മറക്കാതിരിക്കുക



ശൂരനാട് വടക്ക് പഞ്ചായത്ത്
76° 37'
76° 39'
വടക്ക്
0
1 കി.മി.
III
ആനയടി
II
IV
V
നടുവിലേമുറി
I
XI
VII
VI
VIII
ചക്കുവള്ളി
IX
X
LPS
ചക്കുവള്ളി
→ മലനട
To
9° 7'
9° 5'
വാർഡു അതിർത്തി
റോഡുകൾ

# വിഷയവിവരം


| | |
|---|---|
| പേജ് 5 | ആമുഖം |
| പേജ് 7 | പഞ്ചായത്ത് പൊതുവിവരണം |
| പേജ് 8 | ഭൂപ്രകൃതി-ജനപ്രകൃതി-ജലവിഭവം |
| പേജ് 13 | കൃഷിയും ജലസേചനവും |
| പേജ് 23 | മൃഗസംരക്ഷണവും മത്സ്യബന്ധനവും |
| പേജ് 25 | വ്യവസായം |
| പേജ് 27 | വിദ്യാഭ്യാസം |
| പേജ് 32 | ഗതാഗതം ഊർജ്ജം, മാർക്കറ്റ് |
| പേജ് 38 | കുടിവെള്ളവും പൊതുജനാരോഗ്യവും |
| പേജ് 41 | പാർപ്പിടവും സാമൂഹ്യക്ഷേമവും |
| പേജ് 48 | സംസ്കാരം |
| പേജ് 55 | വനിതാക്ഷേമം |
| പേജ് 56 | സഹകരണം |
| പേജ് 61 | പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം |
| പേജ് 65 | വിഭവസമാഹരണം |
| പേജ് 68 | ഉപസംഹാരം |




# ആമുഖം

ഭാവിയിൽ ഏറ്റെടുക്കാനുള്ള ചരിത്ര ദൗത്യത്തിലൂടെ അർത്ഥപൂർണ്ണമാകാൻ ചരിത്രത്തിന്റെ അങ്ങേത്തലയ്ക്കലെങ്ങോ രൂപം കൊണ്ട ഒരു നാട്ടുപേര് – ശൂരനാട്. നാടകരംഗത്തെ ഭീഷ്മാചാര്യനും വിപ്ലവ പ്രസ്ഥാനത്തിന്റെ സമരാരാദ്ധ്യനായകനുമായിരുന്ന ശ്രീ തോപ്പിൽ ഭാസിയുടെ ഭാഷയിൽ 'കൂന്താലിക്കാരുടെ നാട് ' അതേ, ഇന്നും ശൂരനാട് അദ്ധ്വാനശീലരായ സാധാരണ കൃഷിക്കാരുടെ നാടു തന്നെ.

ജന്മിനാടു വാഴിത്ത വ്യവസ്ഥക്കെതിരായി കൃഷിക്കാരും കർഷകത്തൊഴിലാളികളും സംഘടിതമായി നടത്തിയ മുന്നേറ്റങ്ങളിൽ മഹത്തായ ഒരു പങ്കു വഹിച്ച നാടാണ് ശൂരനാട്. അതിലൂടെ ഈ നാടിന്റെ പ്രിയപ്പെട്ട അഞ്ച് വീര പുത്രന്മാർ രക്തസാക്ഷിത്വം വരിച്ചു. (1) തണ്ടാ ശ്ശേരി രാഘവൻ, (2) കളയ്ക്കാട്ടു തറ പരമേശ്വരൻ നായർ, (3) പായിക്കാലിൽ ഗോപാലപിള്ള, (4) കാഞ്ഞിരപ്പള്ളി വടക്ക് പുരുഷോത്തമക്കുറുപ്പ്, (5) മഠത്തിൽ ഭാസ്ക്കരൻ നായർ. ഇവർ ഈ നാടിന്റെ അഭിമാനബോധത്തിന്റെയും ഉയർന്ന രാഷ്ട്രീയ ബോധത്തിന്റെയും ജ്വലിക്കുന്ന പ്രതീകങ്ങളാണ്.

മലയാള സാഹിത്യ തറവാട്ടിലെ കുലപതിയും, ബഹുഭാഷാ പണ്ഡിതനുമായിരുന്ന ശ്രീ. ശൂരനാട്ടു കുഞ്ഞൻപിള്ളയുടെ ജനനം കൊണ്ട് പവിത്രവും, ധന്യവുമാണ് നമ്മുടെ നാട്.

ഈ നാടിന്റെ ചരിത്രം തന്നെ 1949 ഡിസംബർ 31 നു മുമ്പും പിമ്പും എന്നു തിരിക്കാവുന്ന നിലയിലാണ് ഈ നാട്ടിലെ കനകം വിളയുന്ന മണ്ണ് അതിൽ അദ്ധ്വാനിക്കുന്നവർക്ക് ഉടമാവകാശം ഉണ്ടായിരുന്നില്ല. വിരലിലെണ്ണാവുന്ന ഭൂവുടമകൾ ഇവിടുത്തെ വിളഭൂമികൾ കയ്യടക്കിവച്ചു. നോക്കിയാൽ നോക്കെത്താത്ത പാടശേഖരങ്ങളും പറമ്പുകളും അവർ നേരിട്ടു കൃഷി ചെയ്യിച്ചു. ഇതിനായി കന്നിൻ പറ്റങ്ങളെയും ആട്ടിൻ പറ്റങ്ങളെയും, കന്നുകാലിപ്പറ്റങ്ങളെയും അവർ പോറ്റി. ഇവയ്ക്കു കൊടുക്കുന്ന പരിഗണനകൾ പോലും കൊടുക്കാതെ അടിയാളരുടെ പറ്റങ്ങളെയും അവർ പോറ്റി. തിരുവായ്ക്ക് എതിർ വായുണ്ടായിരുന്നില്ല. പകലന്തിയോളം പണിയെടുത്താൽ ആഹാരത്തിനുള്ള വക പോലും കിട്ടിയിരുന്നില്ല. ഉടമയ്ക്ക് ഇവരെ തല്ലാനും കൊല്ലാനും അവകാശം ഉണ്ടായിരുന്നു. ആരും ചോദിക്കാനുണ്ടായിരുന്നില്ല. വിശാലമായ പാടങ്ങളുടെ വിദൂരമായ കോണുകളിൽ മാടംകെട്ടി ഇവർ രാപാർത്തു. ആരാന്റെ പാടത്ത് ഉഴാനും നടാനും കറ്റകൊയ്യാനും മെതിക്കാനും മറ്റ് അടിമപണികൾ ചെയ്യാനും മാത്രം വിധിക്കപ്പെട്ടവരായി. സാധാരണക്കാരനും ഇവർക്ക് വഴങ്ങി. നട്ടെല്ലു വളച്ച് ജീവിതം കഴിച്ചുകൂട്ടി.

ഇവിടെ വിദ്യാഭ്യാസ സൗകര്യങ്ങളുണ്ടായിരുന്നില്ല. ഗതാഗത സൗകര്യങ്ങൾ ഉണ്ടായിരുന്നില്ലെന്നു തന്നെ പറയാം. പുറംനാടകളുമായുള്ള ബന്ധങ്ങളും കമ്മി. ഇന്ന് പഞ്ചായത്തിലെ അറിയപ്പെടുന്ന പ്രധാന നിരത്തുകളൊക്കെ അന്ന് പറങ്കിമാവിൻ കൂട്ടങ്ങളുടെയും മരച്ചീനി വിളകളുടെയും കുറ്റിക്കാടുകളുടെയും ഇടയിലൂടെയുള്ള ഊടുവഴികളായിരുന്നു. അല്ലെങ്കിൽ പാടശേഖരങ്ങളെ കീറിമുറിയ്ക്കുന്ന നടവരമ്പുകളായിരുന്നു.

ഇപ്പോഴും അപര്യാപ്തതകളുടെ നടുവിലായതുകൊണ്ട്, കഴിഞ്ഞ അരനൂറ്റാണ്ടുകാലം നമ്മുടെ നാടിന്റെ മുഖച്ഛായയിലുണ്ടാക്കിയ മാറ്റം കാണാതിരുന്നു കൂടാ. ഇന്ന് ഒഴിപ്പിക്കലിന്റെയോ കുടിയിറക്കിന്റെയോ ഭീഷണിയില്ലാതെ സ്വാഭിമാനത്തോടു കൂടി ജീവിക്കാൻ കഴിയുന്ന ഒരു ജനതയാണ് നമ്മുടെ നാട്ടിലുള്ളത്. മഹാഭൂരിപക്ഷം ജനങ്ങളും ഉപജീവനത്തിന് ഇന്നും കൃഷിയെത്തന്നെ ആശ്രയിക്കുന്നതിന്റെ വല്ലായ്ക ഇന്നും നമ്മുടെ നാട്ടിലുണ്ട്. ചില വമ്പൻ കാലടികൾ ചവിട്ടിപ്പിടിച്ചിട്ടുരുന്നതു കൊണ്ട് നമ്മുടെ നാടിന്റെ പല മേഖലകളും ഇന്നും നടുവൊടിഞ്ഞ അവസ്ഥയിലാണ്. വിദ്യാഭ്യാസ രംഗത്തുള്ള മുന്നേറ്റം പഞ്ചായത്തിന്റെ പല മേഖലയിലും വളരെ പതുക്കെയാണ്. താമസയോഗ്യമായ വീടുകളുടെ കാര്യത്തിൽ വളരെയേറെ ബുദ്ധിമുട്ടുണ്ട്. തൊഴിൽ മേഖല ഇനിയും വളരെ വിപുലപ്പെടേണ്ടതുണ്ട്. ഗതാഗതസൗകര്യവും മെച്ചപ്പെടണം.

പക്ഷേ രണ്ടോ മൂന്നോ ദശാബ്ദങ്ങൾക്ക് മുൻപത്തെ അവസ്ഥ എന്തായിരുന്നു. ഇന്ന് നമ്മുടെ പഞ്ചായത്തിലെ പല പ്രധാന റോഡുകളും അന്നില്ലായിരുന്നു. ആനയടി-മണപ്പള്ളിറോഡ്, കണ്ണമം-പാറക്കടവ് റോഡ്, പള്ളിച്ചന്ത-താമരക്കുളം റോഡ്, തൊടിയൂർ-തെക്കേമുറി എച്ച്.എസ് ജംഗ്ഷൻ റോഡ് ഇതെല്ലാം ചെമ്മൺ പാതകളായിരുന്നു. പള്ളിച്ചന്ത-താമരക്കുളം റോഡിൽപള്ളിക്കലാറിനു കുറെകെയുണ്ടായിരുന്നത് ഒരു കല്ലുപാലം (നടപ്പാലം) മാത്രമാണുണ്ടായിരുന്നത്. വീട്ടിനാൽ പാലം നിലവിൽ നന്നതോടുകൂടി ഈ റോഡ് നമ്മുടെ പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന പ്രധാന റോഡുകളിലൊന്നായിത്തീർന്നു. ആനയടി-മണപ്പള്ളി റോഡിൽ ഇരവീട്ടിനാൽപാലം തടിപ്പാലം ആയിരുന്നു. ആ പാലവും വാഹന ഗതാഗതത്തിന് യോഗ്യമായതോടുകൂടി മലനാടും ഇടനാടും തീരപ്രദേശവുമായി ബന്ധിപ്പിക്കുന്ന ഒരു പ്രധാന റോഡ് നമ്മുടെ പഞ്ചായത്തിൽ കൂടി കടന്നു പോകുന്നു എന്നത് വളരെ പ്രയോജനകരമാണ്. പണ്ടു മുതലേ വളരെ പ്രധാനപ്പെട്ടതും പ്രയോജനപ്രദവുമായ ചക്കുവള്ളി-താമരക്കുളം റോഡിലെ ആനയടി പാലം തകർച്ചയുടെ വക്കിലാണ്. കൂരിക്കുഴി പാലം ഉണ്ടാകേണ്ടിയുമിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ കാർഷികമേഖലയെ സംബന്ധിച്ചിടത്തോളം ഒരു 'അമൃതവാഹിനി' തന്നെയാണ് പള്ളിക്കലാറ്. പള്ളിക്കലാറിനു കുറുകെ നിർമ്മിച്ചിട്ടുള്ള രണ്ടു തടയണകളും പള്ളിക്കൽ ഡാമും ഏഴ് ലിഫ്റ്റ് ഇറിഗേഷൻ പമ്പു സ്റ്റേഷനുകളും നമ്മുടെ പഞ്ചായത്തിലെ ജലസേചന സൗകര്യം വളരെയേറെ മെച്ചപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മെയിന്റനൻസ് കാലാകാലങ്ങളിൽ നടത്താത്തതുകൊണ്ട് പൂർണ്ണമായും ഈ സൗകര്യം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ആനയടി ഏലാ, കൊച്ചു പുഞ്ച, ഓണമ്പിള്ളിൽ ഏലാ , വിരിപ്പോലിൽ ഏലാ, മംഗലത്ത് ഏലാ, ചത്തിയറപ്പുഞ്ച തുടങ്ങി ഈ പഞ്ചായത്തിന്റെ വടക്കൻ മേഖലയിലെ ഏലാകളിലെ ഉല്പാദന വർദ്ധനവിന് ഈ ജലസേചന സൗകര്യം പൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിയണം.

വിദ്യാഭ്യാസ സൗകര്യങ്ങളും കൂടിയിട്ടുണ്ട്. എന്നാൽ യു.പി., ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് 5 കി. മീറ്ററിലധികം യാത്ര ചെയ്യേണ്ടിവരുന്നവർ നമ്മുടെ പഞ്ചായത്തിലുണ്ട്. ഉള്ള സ്കൂളുകൾക്ക് മെച്ചപ്പെട്ട കെട്ടിട സൗകര്യങ്ങളും മറ്റു ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുന്നതിനുള്ള കുറച്ചു ശ്രമങ്ങൾ കഴിഞ്ഞ കാലത്ത് നടന്നിട്ടുണ്ട്.

ഒരു പക്ഷേ നമ്മുടെ പഞ്ചായത്ത് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്നത് ആരോഗ്യരക്ഷാസംവിധാനങ്ങളുടെ കാര്യത്തിലായിരിക്കും. ശൂരനാട് പ്രൈമറി ഹെൽത്ത് സെന്റർ ഇന്ന് ഈ പ്രദേശത്തുകാർക്ക് പ്രയോജനം ചെയ്യാത്ത അവസ്ഥയിലാണ്. മാറ്റത്തിനു വേണ്ടിയുള്ള പരിദേവനങ്ങളൊക്കെ വനരോദനമായി കലാശിച്ചിരിക്കുകയാണ്. ഈ രംഗത്ത് സ്വകാര്യമേഖലയുടെ സേവനവും നമ്മുടെ പഞ്ചായത്തിൽ ലഭ്യമല്ല.

വ്യവസായ സംരംഭകരോ വ്യവസായങ്ങളോ നമ്മുടെ നാട്ടിൽ തീരെയില്ലെന്നു തന്നെ വേണം പറയാൻ. ഇപ്പോൾ തുടങ്ങിയിട്ടുള്ള ഏതാനും കശുവണ്ടി ഫാക്ടറികളിലും ഇഷ്ടികച്ചൂളകളിലുമായി നമ്മുടെ നാടിന്റെ വ്യവസായം ഒതുങ്ങി നിൽക്കുന്നു. സാമാന്യവിദ്യാഭ്യാസം നേടിയ യുവതീ-യുവാക്കളുടെ അദ്ധ്വാനശക്തിയെ സാർത്ഥകമായി പ്രയോജനപ്പെടുത്താനുതകുന്ന മേഖലകൾ കണ്ടെത്തി വികസിപ്പിക്കേണ്ടിയിരിക്കുന്നു.

വനിതാക്ഷേമം ഇന്നും നമ്മുടെ പഞ്ചായത്തിൽ ഏതാനും അംഗൻവാടി കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഒതുങ്ങി നിൽക്കുന്നു. കുഞ്ഞുങ്ങളുടെ ബഹുമുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള ഒരു കേന്ദ്രമായി മാററുക എന്ന ലക്ഷ്യത്തോടു കൂടി പണികഴിപ്പിച്ച ശിശുവിഹാർ അതിനാവശ്യമായ മറ്റു ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തകൾ കൊണ്ട് നമുക്ക് പ്രവൃത്തി പഥത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല.

പഴയ ശൂരനാട് ഇന്ന് രണ്ട് പഞ്ചായത്തുകളാണ് ശൂരനാട് നോർത്ത്-ശൂരനാട് സൗത്ത്. നാലഞ്ച് കുന്നിൻപുറങ്ങളും വിസ്തൃതമായ പാടശേഖരങ്ങളുമായാണ് നമ്മുടെ നാടിന്റെ കിടപ്പ്. കുന്നത്തൂർ താലൂക്കിന്റെ തന്നെ നെല്ലറയാണ് ശൂരനാട്. നെടിയപാടം ഏലാ, കിഴകിട ഏലാ, കൂരിക്കുഴി ഏലാ, വിളക്കുപാടം, വിരിപ്പോലിൽ ഏലാ, കൊച്ചു പുഞ്ച, ആനയടി ഏലാ, ചത്തിയറപ്പുഞ്ച ഈ ഏലാകൾ നമ്മുടെ കാർഷിമേഖലയുടെ നട്ടെല്ലാണ്. ചത്തിയറപ്പുഞ്ച വീണ്ടെടുക്കാനാവാത്ത വണ്ണം ചളിയെടുപ്പുകൊണ്ട് നശിച്ചുകഴിഞ്ഞിരിക്കുന്നു. മറ്റ് ഏലാകളും അതിവേഗം നികന്നു കൊണ്ടിരിക്കുന്നു. അവശേഷിക്കുന്ന നെല്പാടങ്ങളെങ്കിലും നെല്പാടങ്ങളായി നിലനിർത്താനും പരമാവധി ഉല്പാദനവർദ്ധന നേടാനും നമുക്ക് കഴിയണം. റബ്ബർ കൃഷിയുടെ കടന്നുകയറ്റം കിഴങ്ങുവിളകളുടെ ഉല്പദനത്തിൽ നമ്മുടെ നാടിനുണ്ടായിരുന്ന മുൻകൈ നഷ്ടപ്പെടുത്തിയിരിക്കുന്നു. നമ്മുടെ നാടിന്റെ മുഖം തന്നെ വികൃതമാക്കുന്ന തരത്തിൽ വൻതോതിൽ നടക്കുന്ന മണ്ണെടുപ്പും ഭാവിയിൽ ഗുരുതരമായ പ്രത്യാഘാതത്താൽ ഉണ്ടാക്കും. തെങ്ങു കൃഷിയുടെ തകർച്ചയും അതുപോലെ തന്നെ.

കഴിഞ്ഞ അരനൂറ്റാണ്ടുകാലത്ത് നമ്മുടെ പഞ്ചായത്ത് ഒട്ടേറെ മുന്നോട്ടുപോയിട്ടുണ്ടെങ്കിലും നമ്മുടെ ആവശ്യങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ വേഗത പോരാ. ഈ സാഹചര്യത്തിലാണ് പുതിയ പഞ്ചായത്തീരാജ് സംവിധാനത്തേയും ജനകീയാസൂത്രണത്തേയും ജനങ്ങൾ വളരെ പ്രതീക്ഷയോടെ ഉറ്റുനോക്കുന്നത്. ആ പ്രതീക്ഷ സ്വാർത്ഥകമാക്കാൻ നമുക്ക് കൂട്ടായി യത്നിക്കാം.

# പഞ്ചായത്ത് പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | ശൂരനാട് വടക്ക് |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | ശൂരനാട് വടക്ക് |
| ബ്ലോക്ക് പഞ്ചായത്ത് | - | ശാസ്താംകോട്ട |
| താലൂക്ക് | - | കുന്നത്തൂർ |
| അസംബ്ലി മണ്ഡലം | - | കുന്നത്തൂർ |
| പാർലമെന്റ് മണ്ഡലം | - | കൊല്ലം |
| വിസ്തീർണ്ണം | - | 22.67 ച.കി.മീറ്റർ |

**അതിരുകൾ**

വടക്ക് ആലപ്പുഴ ജില്ലയിലെ താമരക്കുളം ഗ്രാമപഞ്ചായത്ത്, കിഴക്ക് പത്തനംതിട്ട ജില്ലയിലെ പള്ളിക്കൽ, കൊല്ലം ജില്ലയിലെ പോരുവഴി എന്നീ പഞ്ചായത്തുകൾ, തെക്ക് ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്, പടിഞ്ഞാറ് തൊടിയൂർ, തഴവാ എന്നീ ഗ്രാമപഞ്ചായത്തുകൾ

| | | |
|---|---|---|
| ജനസംഖ്യ | - | 26354 25470 |
| പുരുഷൻമാർ | - | 13263 13375 |
| സ്ത്രീകൾ | - | 13091 13095 |
| ജനസാന്ദ്രത | - | 1124/ച.കി.മീ |
| വാർഡുകൾ | - | 11 |
| പ്രസിഡന്റിന്റെ പേര് | - | ജെ. ബീന |
| വൈസ് പ്രസിഡന്റിന്റെ പേര് | - | എസ്സ്. രമേഷ്ബാബു |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപെ.യ്സൺ | - | അഡ്വ: എസ് ലീല |

**ശൂരുനാട് വടക്ക് ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ**

| | | |
|---|---|---|
| ജെ. ബീന | - | പ്രസിഡന്റ് |
| എസ്. രമേഷ് ബാബു | - | വൈസ് പ്രസിഡന്റ് |
| അഡ്വ: എസ്. ലീല | - | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപെയ്സൺ |
| വി. ദിവാകരൻ | - | മെമ്പർ |
| വി. വേണുഗോപാലകുറുപ്പ് | | " |
| കെ.പി.സുഭദ്ര . | | " |
| പി.റ്റി.എസ്.തങ്ങൾ | | " |
| എ. സുമ | | മെമ്പർ |
| വി.എം.അബ്ദുൾസലാം | | " |
| കെ.ആർ.വേലായുധൻപിള്ള | | " |
| എസ്.എസ്. വിജയകുമാർ | | " |

**ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ**

| | | |
|---|---|---|
| ശൂരനാട് എ. ഡിവിഷൻ | - | കെ. യശോധ (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്) |
| ശൂരനാട് ബി.ഡിവിഷൻ | - | സി.എസ്.വിജയകുമാരി |
| ജില്ലാ പഞ്ചായത്ത് പ്രതിനിധി | | ഇ. കാസ്സിം |

# ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

ഭൂവിജ്ഞാനത്തെ അവഗണിച്ചുകൊണ്ടുള്ള ഏതൊരു വികസനാസൂത്രണവും ദിശാബോധമില്ലാത്ത യാത്ര പോലെയാണ്. ആസൂത്രണ പ്രക്രിയയിൽ അതാതു പ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ അറിവ് ഒഴിച്ചുകൂടാനാവാത്തതാണ്. ആസൂത്രണത്തിന് വിധേയമാക്കേണ്ട പ്രദേശത്തിന്റെ ഭൂപ്രകൃതി, മൺതരം, കാലാവസ്ഥ, ജലലഭ്യത തുടങ്ങി എല്ലാ പ്രകൃതിദത്ത വിഭവങ്ങളേയും അപഗ്രഥിച്ചുകൊണ്ടാവണം ആസൂത്രിത പദ്ധതിയ്ക്ക് തുടക്കം കുറിയ്ക്കേണ്ടത്. ഓരോ പ്രദേശത്തിന്റെയും വികസനം ആ പ്രദേശത്ത് വസിക്കുന്ന ജനങ്ങളുടെയും മറ്റ് പ്രകൃതി വിഭവങ്ങളുടെയും സന്തുലിതാവസ്ഥയ്ക്കും അനുയോജ്യമായതും ആ പ്രദേശത്തിന്റെ സ്ഥായിയായ വികസനത്തിന് വഴിയൊരുക്കുന്നതുമായിരിക്കണം. ഇത്തരം പരിപാടികളിൽ വ്യത്യസ്ത പ്രദേശങ്ങളുടെ ഭൂമിശാസ്ത്രഘടകങ്ങളുടെ അവലോകനം ഒഴിച്ചുകൂടാനാവാത്തതാണ്.

അറബിക്കടലിനു 15 കി.മി കിഴക്കായി വടക്ക് ആലപ്പുഴ ജില്ലയും, കിഴക്ക് പത്തനംതിട്ട ജില്ല അതിർത്തിയായും സ്ഥിതി ചെയ്യുന്ന വിശാലമായ താഴ്‌വാരങ്ങളോടുകൂടിയ ഒരു ഭൂപ്രദേശമാണ് ശൂരനാട് വടക്ക് പഞ്ചായത്ത്.







കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ട ബ്ലോക്കിൽ ഉൾപ്പെടുന്ന ആറ് പഞ്ചായത്തുകളിൽ ഒന്നാണ് ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്ത്. 22.67 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിനെ 11 വാർഡുകളായി തിരിച്ചിരിക്കുന്നു.

| വാർഡ് നമ്പർ | വാർഡിന്റെ പേര് |
|---|---|
| I | ഇടപ്പനയം |
| II | പുലിക്കുളം |
| III | ആനയടി |
| IV | പാതിരിക്കൽ |
| V | നടുവിലേമുറി |
| VI | തെക്കേമുറി |
| VII | പടിഞ്ഞാറ്റ കിഴക്ക് എ |
| VIII | പടിഞ്ഞാറ്റ കിഴക്ക് ബി |
| IX | പടിഞ്ഞാറ്റ കിഴക്ക് സി |
| X | പടിഞ്ഞാറ്റംമുറി |
| XI | അഴകിയകാവ് |

പഞ്ചായത്ത് ആഫീസ് സ്ഥിതിചെയ്യുന്നത് പത്താം വാർഡായ പടിഞ്ഞാറ്റം മുറിയിലാണ്. ദേശീയപാത 47 ൽ നിന്നും 10 കിലോമീറ്ററും, കരുനാഗപ്പള്ളിയിൽ നിന്നും 15 കിലോമീറ്ററും, ശാസ്താംകോട്ടയിൽ നിന്നും 9 കിലോ

മീറ്ററും ദൂരത്തിലാണ് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

ഭൂമിശാസ്ത്രപരമായി ശൂരനാട് വടക്ക് പഞ്ചായത്ത് അക്ഷാംശം 9° 5' നും 9° 7'നും 30" N ഉം രേഖാംശം 76° 36' 30" നും 76° 39' E ക്കും ഇടയ്ക്കു സ്ഥിതി ചെയ്യുന്നു.







പഞ്ചായത്തിന്റെ വടക്ക് ആലപ്പുഴ ജില്ലയിലെ താമരക്കുളം പഞ്ചായത്തും, കിഴക്ക് പത്തനംതിട്ട ജില്ലയിലെ പള്ളിക്കൽ പഞ്ചായത്തും, കൊല്ലം ജില്ലയിലെ പോരുവഴി പഞ്ചായത്തും, തെക്ക് ശൂരനാട് തെക്ക് പഞ്ചായത്തും, പടിഞ്ഞാറ് കരുനാഗപ്പള്ളി താലൂക്കിലെ തഴവ, തൊടിയൂർ പഞ്ചായത്തുകളുമാണ് അതിർത്തിയിൽ വരുന്ന പഞ്ചായത്തുകൾ.

## ഭൂപ്രകൃതി

നിമ്നോന്നതിയനുസരിച്ച് ഈ പഞ്ചായത്തിനെ മൂന്ന് മേഖലകളായി തിരിക്കാം.

1. സമുദ്രനിരപ്പിൽ നിന്നും 20 മീറ്ററിനും താഴെയുള്ള പ്രദേശങ്ങൾ
2. 20 മീറ്ററിനും 40 മീറ്ററിനുമിടയ്ക്കുള്ള പ്രദേശങ്ങൾ
3. 40 മീറ്ററിനു മുകളിലുള്ള പ്രദേശങ്ങൾ




| നിമ്നോന്നത മേഖലകൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|
| < 20 മീറ്റർ | 1665.45 | 73.46 |
| 20–40 മീറ്റർ | 540.62 | 23.84 |
| > 40 മീറ്റർ | 60.93 | 2.68 |
| ആകെ | 2267.00 | 100.00 |

പഞ്ചായത്തിന്റെ മുക്കാൽ ഭാഗത്തോളം പ്രദേശങ്ങളും 20 മീറ്ററിനു താഴെയുള്ളവയാണ്. ഉയരംകൂടിയ പ്രദേശങ്ങൾ ഏറിയവയും കിഴക്ക് ഭാഗത്താണ് കാണപ്പെടുന്നത്. പഞ്ചായത്തിന്റെ കിഴക്കേ മദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന കൊക്കിനാമുകൾ എന്ന സ്ഥലമാണ് ഏറ്റവും ഉയരംകൂടിയ പ്രദേശം. ഇത് അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്നു. ഇതുകൂടാതെ എണ്ണശ്ശേരി, പീടിയയ്ക്കൽ പുതിയകാവ് ക്ഷേത്രത്തിനു സമീപം, വയ്യാങ്കര ജംഗ്ഷനു സമീപം, എന്നിവയാണ് മറ്റ് ഉയർന്ന പ്രദേശങ്ങൾ

ഭൂരചനയനുസരിച്ച് ശുരനാട് വടക്ക് പഞ്ചായത്തിനെ നാലായി തരം തിരിക്കാം.

1. നിലങ്ങൾ 2. ചെറുചരിവ് 3. ഇടത്തരം ചെരിവ് 4 വലിയ ചെരിവ് 5. ഉയർന്ന സമതലം.




പഞ്ചായത്തിലെ ഏറ്റവും താഴ്ന്ന പ്രദേശങ്ങളാണ് നിലങ്ങൾ. ഏറ്റവും ഉയർന്നതും ഏറെക്കുറെ നിരപ്പുള്ള തുമായ പ്രദേശങ്ങളാണ് ഉയർന്ന സമതലത്തിൽ ഉൾപ്പെട്ടിരിക്കുന്നത്. അവിടെനിന്ന് നിലങ്ങളിലേക്ക് ചരിഞ്ഞിറങ്ങുന്ന പ്രദേശങ്ങളെയാണ് ചെരിവുകൾ കൊണ്ടുദ്ദേശിക്കുന്നത്. ഈ പഞ്ചായത്തിലുള്ള ഉയർന്ന സമതലങ്ങൾ താരതമ്യേന പൊക്കം കുറഞ്ഞവയായതു കൊണ്ട് ചെരിവുകൾ കൂടുതലും ഇടത്തരം ചെരിവുകളാണ് (5° –10° വരെ). പഞ്ചായത്തിന്റെ കിഴക്ക് മദ്ധ്യഭാഗത്ത് കൊക്കിനാമുകൾ എന്ന സ്ഥലത്തിനു സമീപം കൂടിയ ചെരിവുകളും നിലവിലുണ്ട്. ഭൂരചനയനുസരിച്ച് ഈ പഞ്ചായത്തിലെ ഓരോ വിഭാഗങ്ങളുടെയും വിസ്തൃതി താഴെ കൊടുത്തിരിയ്ക്കുന്നു.

| ഭൂരചനകൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|
| നിലങ്ങൾ | 559.37 | 24.67 |
| ചെറുചരിവ് | 96.87 | 4.27 |
| ഇടത്തരം ചരിവ് | 1315.46 | 58 |
| വലിയ ചരിവ് | 34.37 | 1.51 |
| ഉയർന്ന സമതലം | 260.93 | 11.50 |
| ആകെ | 2267 | 100 |

പഞ്ചായത്തിന്റെ മൊത്തം ഭൂരചനയുടെ പകുതിഭാഗവും ഇടത്തരം ചെരിവുകളാണ്. നിലങ്ങൾ 25 ശതമാനത്തോളം വരുന്നു.

ശൂരനാട് വടക്ക് പഞ്ചായത്തിൽ പ്രധാനമായും രണ്ടു തരത്തിലുള്ള മണ്ണുകളാണ് കാണപ്പെടുന്നത്

1. എക്കൽ മണ്ണ്
2. ചെമ്മണ്ണ്

എക്കൽ മണ്ണ് കൂടുതൽ താഴ്ന്ന പ്രദേശങ്ങളായ നിലങ്ങളിലും, പ്രധാന തോടിന്റെ വശങ്ങളിലും കാണപ്പെ
ടുന്നു. ചെരിവുകളിലും ഉയർന്ന സമതലങ്ങളിലും ചെമ്മണ്ണാണ് കാണപ്പെടുന്നത്.

## കാലാവസ്ഥ

തെക്കൻ ഇടനാട് കാർഷിക കാലാവസ്ഥ മേഖലയിലാണ് ശൂരനാട് വടക്ക് പഞ്ചായത്ത് ഉൾപ്പെടുന്നത്. ഒരു വർഷം ശരാശരി 241 മി.മി മഴ ഈ പഞ്ചായത്തിൽ ലഭിക്കുന്നു. ഏറ്റവും കുടുതൽ മഴ ലഭിയ്ക്കുന്ന മാസം ജൂലൈയും കുറച്ച് മഴ ലഭിയ്ക്കുന്ന മാസം ജനുവരിയുമാണ്. ഏറ്റവും കുടുതൽ അന്തരീക്ഷ ഊഷ്മാവ് അനുഭവപ്പെടുന്നത് ഏപ്രിൽ മാസത്തിലും ഏറ്റവും കുറവ് ജനുവരി മാസത്തിലുമാണ്.







പഞ്ചായത്തിൽ മഴക്കാലം ആരംഭിയ്ക്കുന്നത് ജൂൺ

മാസാരംഭത്തിലാണ്. ഇത് ആഗസ്റ്റ് മാസം വരെ തുടരും. തുടർന്നുള്ള രണ്ടു മാസത്തോളം തെളിഞ്ഞ കാലാവസ്ഥയാണ്. ഒക്ടോബർ നവംബർ മാസങ്ങളിൽ വടക്ക് കിഴക്കൻ മൺസൂണായി. ഡിസംബർ മാസമാകുമ്പോൾ മഞ്ഞുകാലമായി. ഇത് ജനുവരി മാസാവസാനം വരെ നീണ്ടു നിൽക്കും. പിന്നീട് വരുന്നത് വേനൽക്കാലം. ഇത് മേയ് അവസാനം വരെ കാണും.

## ജലപ്രകൃതി

ഉപരിതല ജലസ്രോതസ്സുകളും, ഭൂഗർഭജലസ്രോതസ്സുകളുമായി രണ്ടു തരത്തിൽ ഈ പഞ്ചായത്തിലെ ജലസ്രോതസ്സുകളെ തരം തിരിക്കാം. ഉപരിതല ജലസ്രോതസ്സുകളിൽ നദികൾ, തോടുകൾ, കുളങ്ങൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പള്ളിക്കൽ ആറും അതുമായി ബന്ധപ്പെട്ട പോഷകതോടുകളുമാണ് പഞ്ചായത്തിലൂടെ കടന്നു പോകുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിനെ മൂന്ന് നീർമറി പ്രദേശങ്ങളായി തിരിക്കാം.




1. പള്ളിക്കൽ തോട് നീർമറി പ്രദേശം
2. കിഴകിട തോട് നീർമറി പ്രദേശം
3. നെടിപാടം തോട് നീർമറി പ്രദേശം

പള്ളിക്കൽ തോട് ഈ പഞ്ചായത്തിൽ ചാത്താകുളത്തു നിന്നും ആരംഭിച്ച് തൊടിയൂർ പാലത്തിലവസാനിക്കുന്നു. ഇത് 11 കി.മീറ്റർ നീളത്തിൽ ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. കിഴകിട തോട് മൈമകുളങ്ങര ചിറയിൽ നിന്നാരംഭിച്ച് കരിങ്ങാട്ടിൽ മാടൻനട ഭാഗത്തവസാനിക്കുന്നു. ഇതിന്റെ നീളം 5.56 കി.മീറ്ററാണ്. നെടിയപാടം തോട് 4.44 കി.മീറ്റർ സഞ്ചരിച്ച് തൊടിയൂർ പാലത്തിനു വടക്കു വശം അവസാനിക്കുന്നു. വാർഡടിസ്ഥാനത്തിൽ ഓരോ തോടിന്റേയും നീളം താഴെ കൊടുത്തിരിക്കുന്നു.

Table 1 നീളം കി.മീറ്ററിൽ

| വാർഡ് | കുളങ്ങളുടെ എണ്ണം | തോട് | പള്ളിക്കൽ ആറ് | കല്ലട ഇറിഗേഷൻ, വലതുകര കനാൽ |
|---|---|---|---|---|
| 1 | 3 | 5.32 | 4.36 | 1.8 |
| 2 | 2 | 1.72 | .68 | 5.08 |
| 3 | 4 | 1.72 | — | 1.44 |
| 4 | 1. | 1.2 | 1.96 | 1.84 |
| 5 | | 1.80 | 2.76 | 1.6 |
| 6 | 2 | 1.[illegible] | — | 2.72 |
| 7 | 1 | 1.84 | — | 1.48 |
| 8 | 3 | — | — | 2.4 |
| 9 | 1 | — | — | — |
| 10 | 4 | 2.52 | .76 | 2.4 |
| 11 | | .76 | .48 | — |

പഞ്ചായത്തിലെ നിലവിലുള്ള കിണറുകളെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ മൊത്തം മൂന്ന് മേഖലകളാക്കി തിരിച്ചിരിക്കുന്നു. കൂടുതൽ ജലലഭ്യതയുള്ള പ്രദേശങ്ങൾ, മിതമായി ലഭിയ്ക്കുന്ന പ്രദേശങ്ങൾ, കുറവ് ലഭിയ്ക്കുന്ന പ്രദേശങ്ങൾ. പള്ളിക്കൽ തോട്, കിഴികിട തോട്, നെടിയപാടം തോട്, മണലിക്കൽ ചാലുമായി ബന്ധപ്പെട്ട താഴ്ന്ന പ്രദേശം, എന്നീ പ്രദേശങ്ങളിൽ ജലലഭ്യത കൂടുതലാണ്. പഞ്ചായത്തിന്റെ വടക്ക് കിഴക്കു ഭാഗം കിഴക്ക്-മദ്ധ്യഭാഗം എന്നിവയിൽ ഉയർന്ന പ്രദേശങ്ങളാണ് ജലലഭ്യത കുറവുള്ള പ്രദേശങ്ങൾ. പഞ്ചായത്തിലെ 3,5,6,9 വാർഡുകളാണ് ജലലഭ്യതയിൽ കുറവ് അനുഭവപ്പെടുന്നത്. ഇതൊഴിച്ചാൽ കൂടുതൽ പ്രദേശങ്ങളും മിതമായി ജലം ലഭിയ്ക്കുന്ന പ്രദേശങ്ങളാണ്.

## ഭൂവിനിയോഗം

ശൂരനാട് വടക്ക് പഞ്ചായത്തിലെ ഭൂവിനിയോഗത്തിൽ പ്രധാന പങ്ക് വഹിക്കുന്നത് മിശ്രിതവിളകളാണ്. ഇതിൽ പ്രധാനമായും തെങ്ങ്, വാഴ, ചേമ്പ്, മരച്ചീനി എന്നിവ ഉൾപ്പെടുന്നു. മൊത്തം 594.23 ഹെക്ടറിൽ മിശ്രിത കൃഷിയാണ് കാണപ്പെടുന്നത്. രണ്ടാം സ്ഥാനം നെൽകൃഷിക്കാണ്. രണ്ടു പൂ കൃഷിയാണ് കുടുതലും

ഭൂവിനിയോഗം വാർഡടിസ്ഥാനത്തിൽ

| ഭൂവിനിയോഗം | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| നെൽകൃഷി ഒരുപ്പൂ | 4.8 | .44 | | | | | | | | | | 5.24 |
| രണ്ട് പൂ | 139.44 | 19.92 | 56 | 66.64 | 14.2 | 15.2 | 13.96 | 15.4 | 15.16 | 13.48 | 32.08 | 401.48 |
| നിലം നികത്തിയത് | 22.44 | | 3 | | 1.4 | 4.6 | 8.88 | 4.92 | 8.96 | 20.56 | 21.48 | 96.16 |
| തെങ്ങ് | 6.32 | 7.96 | | 2.36 | 1 | 3.2 | 4.8 | 3.2 | 7.56 | 6 | 7.68 | 50.08 |
| റബ്ബർ | 4.92 | 16.68 | 55.56 | | 15.92 | | 9.2 | 3.24 | 3.48 | 5.2 | .6 | 114.8 |
| കൃഷി ചെയ്യാവുന്ന തരിശു ഭൂമി. | | .36 | | .56 | | | | | | | | 0.92 |
| വെള്ളക്കെട്ട് | 1.76 | | | | | | | .44 | | 1.4 | 2.2 | 5.8 |
| കൃഷി ചെയ്യാൻപറ്റാത്ത തരിശു ഭൂമി. | | | | | 1.4 | | | | | | | 1.4 |

നിലവിലുള്ളത്. 401.48 ഹെക്ടർ നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നു. ഒന്നാം വാർഡിലും, രണ്ടാം വാർഡിലുമായി 5.24 ഹെക്ടർ ഭൂമിയിൽ ഒരുപൂകൃഷി മാത്രമേ ചെയ്യുന്നുള്ളൂ. എല്ലാ വാർഡുകളിലും നെൽകൃഷി ചെയ്യുന്നുണ്ട്. നിലം നികത്തി മിശ്രിതകൃഷി ചെയ്യുന്ന പ്രവണതയും പഞ്ചായത്തിൽ കൂടി വരുന്നുണ്ട്. ഇപ്പോൾ ഈ പഞ്ചായത്തിൽ 96.16 ഹെക്ടർ നിലങ്ങൾ നികത്തി മറ്റു കൃഷി ചെയ്യുന്നുണ്ട്. ഭൂവിനിയോഗത്തിൽ മൂന്നാം സ്ഥാനം റബ്ബറിനാണ്.

പഞ്ചായത്തിൽ 114.8 ഹെക്ടർ ഭൂമിയിൽ റബ്ബർ കൃഷി ചെയ്യുന്നുണ്ട്. റബ്ബർ കൃഷി വർഷം തോറും കൂടി വരുന്നതായി കാണാം. ഈ പഞ്ചായത്തിൽ മൊത്ത തരിശു ഭൂമി 8.12 ഹെക്ടർ ഉണ്ട്. ഇതിൽ 5.8 ഹെക്ടർ വെള്ളക്കെട്ടും, 0.92 ഹെക്ടർ കൃഷി ചെയ്യാവുന്ന തരിശുഭൂമിയും, 1.4 ഹെക്ടർ കൃഷി ചെയ്യുവാൻ പറ്റാത്ത തരിശുഭൂമിയായും തരംതിരിച്ചിരിക്കുന്നു.

കൃഷിയിടങ്ങളിലെ പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ വെള്ളക്കെട്ടും, വെള്ളപൊക്കവുമാണ്. ഇത് കൂടാതെ ചെരിവുകളിൽ മണ്ണൊലിപ്പും കാണുന്നുണ്ട്. ഇഷ്ടികയ്ക്കു വേണ്ടി ചെളിയെടുത്ത ഭാഗങ്ങളിൽ വെള്ളം കെട്ടി കിടക്കുന്നു. ഇവിടെ മത്സ്യകൃഷിയ്ക്കു അനുയോജ്യമായി കാണുന്നു. തൊടിയൂർ പാലത്തിനു വടക്കുവശം കുന്തുവിളാലി ജംഗ്ഷന് പടിഞ്ഞാറു വശങ്ങളിലെ ഇഷ്ടികയ്ക്കു വേണ്ടിയുള്ള ചെളിയെടുപ്പു നിയന്ത്രിയ്ക്കുക. മണ്ണിട്ട ഡാമിന്റെ രണ്ടു വശവും ഉയർത്തിയാൽ വെള്ളപ്പൊക്കം ഒരു പരിധി വരെ തടയാൻ കഴിയും. കൊക്കിനാമുകൾ, ചേഞ്ചിക്കുഴി, കുന്നിതാഴെവയലറ്റം, ആനയടി പരിസരം എന്നീ ഇടങ്ങളിലെ മണ്ണൊലിപ്പ് ഈട് വരമ്പുകൾ, കോണ്ടൂർ ബണ്ട്, കൈയാല എന്നിവ കെട്ടി തടയണം.

## ജനപ്രകൃതി

1991 കാനേഷുമാരി റിപ്പോർട്ടു പ്രകാരം ശൂരനാട് വടക്കു് പഞ്ചായത്തിന്റെ ജനസംഖ്യ 25470 ആകുന്നു. 1981 ൽ ജനസംഖ്യ 23223 ആയിരുന്നു. ഈ പതിറ്റാണ്ടിൽ 9.67 ശതമാനം വർദ്ധനവ് ജനസംഖ്യയിൽ ഉണ്ടായിരിക്കുന്നു. ജനസംഖ്യ വർദ്ധനവിൽ കൊല്ലം ജില്ലയ്ക്കു 10.68 ശതമാനവും, കേരള സംസ്ഥാനത്തിന് 14.32 ശതമാനവുമാണ്. പഞ്ചായത്തിൽ വാർഡടിസ്ഥാനത്തിലുള്ള ജനസംഖ്യ താഴെ കൊടുത്തിരിക്കുന്നു.

| വാർഡ് (പഴയത്) | ആകെ | പുരുഷൻമാർ | സ്ത്രീകൾ |
|---|---|---|---|
| 1 | 2684 | 1289 | 1395 |
| 2 | 2537 | 1221 | 1316 |
| 3 | 2548 | 1190 | 1358 |
| 4 | 2250 | 1069 | 1181 |
| 5 | 3169 | 1618 | 1551 |
| 6 | ~~3848~~ 3018 | 1479 | 1539 |
| 7 | 2573 | 1276 | 1297 |
| 8 | ~~2192~~ 2092 | 978 | 1114 |
| 9 | 2392 | 1170 | 1222 |
| 10 | 2207 | 1085 | 1122 |

ശൂരനാട് വടക്ക് പഞ്ചായത്തിലെ ജനസാന്ദ്രത 1124/ ച.തു.കി.മീറ്ററാണ്. ഇത് കൊല്ലം ജില്ലയ്ക്കു 967 ഉം കേരളത്തിനു 769 മാണ്. പഞ്ചായത്തിന്റെ ജനസാന്ദ്രത സംസ്ഥാനത്തിന്റെ സാന്ദ്രതയെക്കാൾ കൂടുതലാണ്.

ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം ഈ പഞ്ചായത്തിൽ 3080 ആണ്. ഇതിൽ 1597 ആൺ കുട്ടികളും 1483 പെൺകുട്ടികളും ഉൾപ്പെടുന്നു.

പുരുഷ സ്ത്രീ അനുപാതം ഈ പഞ്ചായത്തിനു 1058 ആകുന്നു. ഇത് കേരളത്തിനു 1036 ആണ്.

മൊത്തം ജനസംഖ്യയുടെ 16.77 ശതമാനം പേർ പട്ടികജാതിക്കാരാണ്. ഇതിൽ 2127 പുരുഷന്മാരും 2146 സ്ത്രീകളും ഉൾപ്പെടുന്നു.

പഞ്ചായത്തിലെ 88 ശതമാനം പേരും സാക്ഷരരാണ്. ഇതിൽ 9910 പുരുഷന്മാരും, 9742 സ്ത്രീകളും ഉൾപ്പെടുന്നു. കേരള സംസ്ഥാനത്തിന്റെ സാക്ഷരത നിരക്ക് 89.81 ശതമാനമാണ്. തൊഴിലുകളെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിലെ തൊഴിലെടുക്കുന്നവരെ മൂന്നായി തരംതിരിക്കാം.

1. പ്രാഥമിക മേഖലയിൽ ഏർപ്പെടുന്നവർ
2. ദ്വിതീയ മേഖലയിൽ ഏർപ്പെടുന്നവർ
3. ത്രിതീയ മേഖലയിൽ ഏർപ്പെടുന്നവർ

| വിഭാഗം | തൊഴിലെടുക്കുന്നവരുടെ എണ്ണം | | |
|---|---|---|---|
| | പുരുഷൻ | സ്ത്രീ | മൊത്തം |
| മുഖ്യതൊഴിൽ | 5898 | 1600 | 7498 |
| ഭാഗിക തൊഴിൽ | 311 | 219 | 530 |
| പണിചെയ്യാത്തവർ | 6166 | 11276 | 17442 |

ഈ പഞ്ചായത്തിലെ 68.48 ശതമാനം പേർ ഒരു തൊഴിലിലും ഏർപ്പെടാത്തവരാണ്. വിവിധ മേഖലകളിലായി തൊഴിൽ ചെയ്യുന്നവരുടെ വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| തൊഴിൽ/(പ്രാഥമിക മേഖല) | | പുരുഷൻ | സ്ത്രീ | മൊത്തം |
|---|---|---|---|---|
| കൃഷിക്കാർ | | 1880 | 139 | 2019 |
| കർഷകത്തൊഴിലാളികൾ | (പ്രാഥമിക മേഖല) | 1538 | 574 | 2112 |
| മൃഗസംരക്ഷണം / മത്സ്യബന്ധനം | ,, | 143 | 9 | 152 |
| ഖനനം / പാറപൊട്ടിക്കൽ | ,, | 61 | | 61 |
| കുടിൽ വ്യവസായം | (ദ്വിതീയ മേഖല) | 109 | 63 | 172 |
| കുടിൽ ഇതര വ്യവസായം | ,, | 351 | 439 | 790 |
| കെട്ടിടം റോഡ് നിർമ്മാണം | (തൃതീയ മേഖല) | 153 | 3 | 156 |
| വാണിജ്യം | ,, | 894 | 49 | 943 |
| ഗതാഗതം | ,, | 155 | 9 | 164 |
| മറ്റ് സേവനങ്ങൾ | ,, | 614 | 315 | 929 |

# കൃഷിയും ജലസേചനവും



ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത് ഒരു കർഷക ഗ്രാമമാണ്. വില്ലേജ് ആഫീസിലെ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം അവിഭക്ത ശൂരനാട് പഞ്ചായത്തിൽ 1928 ൽ 200 ൽ താഴെയുള്ള ഭൂവുടമകളാണ് ഉണ്ടായിരുന്നത്. കൂടുതൽ ഭൂമിയും ദേവസ്വങ്ങളുടെ പേരിൽ ആയിരുന്നു. തണ്ടപ്പേർ രജിസ്റ്ററിലെ ഒന്നാം നമ്പർ തണ്ടപ്പേർ തന്നെ അഴകിയകാവ് ശ്രീ കുറുമ്പകാളിയുടെ പേരിൽ ആയിരുന്നു. 1957 മുതൽ സംസ്ഥാനത്ത് നടപ്പാക്കിയ ഭൂപരിഷ്ക്കരണ നടപടികളുടെ ഭാഗമായി കുടികിടപ്പ്, മിച്ചഭൂമി, പാട്ട-വാരം എന്നിവയുടെ കൈവശക്കാർ ഉടമസ്ഥരായി മാറി. കരപ്രദേശങ്ങളിൽ തെങ്ങ്, വാഴ എന്നിവയും നിലങ്ങളിൽ നെല്ലിനങ്ങളും ആയിരുന്നു കൃഷി ചെയ്തിരുന്നത്.

മഴയേ ആശ്രയിച്ചുള്ള നെൽകൃഷിയായിരുന്നു ചെയ്ത് വന്നിരുന്നത്. പഞ്ചായത്തിലെ കൃഷിഭൂമിയുടെ ഉടമസ്ഥർ പ്രധാനമായും കൂടുതൽ വസ്തു ഉള്ള ജന്മിമാരായിരുന്നു. അതുകൊണ്ട് തന്നെ പാടത്ത് കൂടുതൽ വിളക്രമങ്ങൾ ഉണ്ടായിരുന്നില്ല. ആകെ ഭൂമിയുടെ 26%

നെൽകൃഷി ചെയ്തിരുന്ന വയലുകൾ ആണ്. നാടൻ വിത്തിനങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്. ചെറുമല്ലാരൻ, വല്ല്യവെള്ള, കൊച്ചുവിത്ത്, ചുട്ടിയാരൻ, അഴിക്കിരാഴി, മുണ്ടകക്കുറവ എന്നീ സവിശേഷ ഗുണങ്ങൾ ഉള്ള ഇനങ്ങളായിരുന്നു കൃഷിചെയ്തിരുന്നത്. കരയിൽ ചില പ്രദേശങ്ങളിൽ കിടാവിത്തിടീൽ ഉണ്ടായിരുന്നു. പാടങ്ങളിൽ ഇടവിളയായി എള്ള് കൃഷിചെയ്തിരുന്നു. കാലാവസ്ഥയ്ക്ക് അനുസൃതമായി ഏപ്രിൽ മാസങ്ങളിൽ ചെയ്യുന്ന നെൽകൃഷിക്ക് രണ്ട് പ്രാവശ്യം ഇടീക്ക് കിള എന്ന ഇടയിളക്കൽ, രണ്ട് പ്രാവശ്യം കളഎടുപ്പ് എന്നീ പരിചരണ മുറകൾ ഉണ്ടായിരുന്നു. ചവറ്, ചാണകം, കടപ്ര ചാരം തുടങ്ങിയ ജൈവ വളങ്ങളാണ് ഉപയോഗിച്ചിരുന്നത്. കുഴൽപ്പുഴുവിനെ ഇല്ലാതാക്കാൻ ചിലന്തിക്കൂട് ഒടിച്ചു കുത്തൽ, പറക്കൊട്ട വീശൽ, ചാഴിയെ നിയന്ത്രിക്കാൻ ചാഴിവിലക്ക് എന്ന മന്ത്രോച്ചാരണ നടപടിയും നിലനിന്നിരുന്നു. കർഷകത്തൊഴിലാളികൾക്ക് കൃഷിപ്പണി ദിവസങ്ങളിൽ കിഴങ്ങ് വർഗ്ഗങ്ങൾ പാകം ചെയ്തുണ്ടാക്കിയ പെരട്ടും കഞ്ഞിയും ഉൾപ്പെടെ ഒരു നേര ഭക്ഷണക്രമമായിരുന്നു ഉണ്ടായിരുന്നത്. പഞ്ഞമാസങ്ങളിൽ മരച്ചീനിയില, പയറിന്റെ ഇല, മത്തൻ ഇല എന്നീ ഇല വർഗ്ഗങ്ങൾ ആഹാരമായി ഉപയോഗിച്ചിരുന്നു. 1970 ഓട് കൂടി പുതിയ ഇനം വിത്തുകൾ കർഷകർ ഉപയോഗിക്കാൻ തുടങ്ങി. രാസവളങ്ങളുടെ ഉപയോഗം തുടങ്ങിയതും ഈ കാലഘട്ടത്തിൽ ആണ്. ആധുനിക രീതിയിലുള്ള വിത്തും വളവും ഉപയോഗിക്കാൻ തുടങ്ങിയ സമയത്തും മഴയേ ആശ്രയിച്ചാണ് കൃഷി ചെയ്തിരുന്നത് എന്നതിനാൽ മെച്ചപ്പെട്ട ഉൽപ്പാദന ക്ഷമത ആർജ്ജിക്കാൻ കഴിഞ്ഞിരുന്നില്ല.

കരഭൂമിയിൽ പ്രധാനമായും ഫെബ്രുവരിമാസത്തിൽ നടുന്ന കുംഭചീനിയും ഒക്ടോബർ മാസത്തിൽ നടുന്ന കന്നി ചീനിയും ആയിരുന്നു പ്രധാന കൃഷികൾ. 1960 ന് മുമ്പ് വയലിനോട് ചേർന്ന തറഭൂമിയിൽ മാത്രമേ തെങ്ങ് കൃഷിചെയ്തിരുന്നുള്ളൂ. ഫെബ്രുവരി മാസത്തിൽ ചേന, കാച്ചിൽ, കിഴങ്ങ് തുടങ്ങിയ കൃഷിയും പ്രധാനം ആയിരുന്നു. മുതിര, പയറ്, കൂവരക് എന്നിവയും ജൂൺ മാസത്തെ പ്രധാന കൃഷിയായിരുന്നു. പുരയിടങ്ങളിലും വയലുകളിലും ജൈവവളത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആട്ടിൻ പറ്റത്തേയും കന്നിൻ പറ്റത്തേയും ദിവസങ്ങളോളം കിടയിടീൽ ഉണ്ടായിരുന്നു. ചാണകം, കരീല, ചവറ് എന്നിവയായിരുന്നു വളങ്ങൾ. ചവറിന്റെ ആവശ്യത്തിനായി ഏക്കർ കണക്കിന് ഉള്ള സ്ഥലങ്ങൾ ചവറ് കാടായി ഉപയോഗിച്ചിരുന്നു. മീനമാസം 27 ന് മുൻപ് (ഇളപ്പിന് മുൻപ്) നിലത്തിൽ വിത്തിടുക, കുംഭമാസത്തെ ഭരണിക്ക് ചേന നടുക, മേടമാസത്തിലെ പത്താമുദയത്തിന് തെങ്ങിൻതൈ നടുക, മേടമാസത്തിന് മുൻപ് കിഴങ്ങ് വർഗ്ഗങ്ങൾ നടുക എന്നീ ആചാരക്രമങ്ങൾ കൃഷിയിറക്കുന്നതുമായി ചേർന്ന് നിലനിന്നിരുന്നു.

ഭൂപരിഷ്ക്കരണ നടപടികളുടെ ഭാഗമായി ഭൂമിയുടെ അവകാശം കൃഷിക്കാർക്ക് കിട്ടിയതോട് കൂടി വീട് വെയ്ക്കുന്നതിനും, ആദായകരമായ കൃഷിരീതിയിലേക്ക് തിരിയുന്നതിന്റേയും ഭാഗമായി നെൽ വയലുകൾ നികത്തുവാനും ചില വയൽ ഭാഗങ്ങൾ ചെളി എടുക്കുന്നതിനായി കുഴിക്കുവാനും തുടങ്ങി. ഇതോടെ വയലിന്റെ ഉത്പാദന ക്രമങ്ങളിൽ മാറ്റം വരുവാൻ തുടങ്ങി. നെൽകൃഷി ആദായകരമല്ലാതായി വന്നതിനാലും തെങ്ങ് കൃഷി കൂടുതൽ പരിചരണം ആവശ്യമില്ലാത്തതിനാലും വീട് വയ്ക്കുന്നതിനുള്ള സ്ഥലത്തിന്റെ പരിമിതിയും കാരണം ഏലായുടെ ഭാഗങ്ങൾ ഏറിയ പങ്കും നികത്തുവാൻ തുടങ്ങി. കർഷകന് സമൂഹത്തിൽ ഉണ്ടായിരുന്ന മാന്യത കുറഞ്ഞു വന്നു. കർഷകതൊഴിലാളികൾക്ക് കൂലി നിലവാരം ഉയർന്ന് വന്നു. വിലനിലവാരം താഴ്ന്നു വന്നു. നെൽ വയലിൽ നിന്നുള്ള വിളവെടുപ്പ്, റോഡ് സൗകര്യത്തിന്റെ അഭാവം തുടങ്ങിയ കാരണങ്ങളാൽ ദുരിതപൂർണ്ണമായി. ഈ കാരണങ്ങളാൽ കൃഷിക്കാർ കൃഷിയിൽ നിന്നും പിന്തിരിയുകയും കൃഷിഭൂമി തരിശിടുന്നതിനും ഇരുപ്പൂനിലങ്ങൾ ഒരുപ്പൂ മാത്രം കൃഷിചെയ്യുന്നതിനും വയലുകൾ നികത്തുന്നതിനും ഇടയാക്കി. വയൽ നികത്ത് ഏറ്റവും കൂടുതൽ നടത്തിയിട്ടുള്ളത് ഈ പഞ്ചായത്തിലെ ഒന്നും പതിനൊന്നും വാർഡുകളിലാണ്.

1928 ൽ പഞ്ചായത്തിലെ വയലുകളുടെ വിസ്തീർണ്ണം 637.12 ഹെക്ടർ ആണ്. 163.28 ഹെക്ടർ വയൽ നികത്തപ്പെട്ടു. ഇപ്പോഴത്തെ നെൽവയൽ 462.80 ഹെക്ടർ ആണ്. നികത്തിയ സ്ഥലം മൊത്തം നെൽവയലിന്റെ 25.6 ശതമാനം വരും. പഞ്ചായത്തിലെ മൊത്തം ഭൂമിയുടെ 7.2 ശതമാനമാണിത്.

വയലിലെ പണി ശ്രമകരമായതും, ലാഭകരമല്ലാതാ

യതും, കർഷകതൊഴിലാളികൾ ഇതര തൊഴിൽ മേഖലയായ വെട്ടുകല്ല് നിർമ്മാണം തുടങ്ങിയ വർദ്ധിച്ച കൂലി കിട്ടുന്ന മേഖലയിലേക്ക് മാറിയതിന്റേയും ഭാഗമായി, കൃഷിജോലിക്ക് തൊഴിലാളികളെ കിട്ടാതെവന്നു. ഇത് നെൽപ്പാടങ്ങൾ തെങ്ങ് കൃഷിക്കായി നികത്തുന്നതിനും കർഷകർ പരമ്പരാഗതമായി കൃഷിചെയ്തിരുന്ന മരച്ചീനി, ചേന, ചേമ്പ്, കിഴങ്ങ്, കാച്ചിൽ, വാഴ, മുതിര, കൂവരക് എന്നീ ഇടവിളകൃഷികൾ കുറയ്ക്കുന്നതിനും കാരണമായി. ഇടവിള കൃഷികൾ ഇല്ലാതെ വന്നത് കാരണം ഉപഭോഗ പ്രവണത വർദ്ധിക്കുന്നതിന് കാരണമായി. പുരയിടങ്ങളിൽ തെങ്ങും, ചുരുക്കം ഭാഗങ്ങളിൽ റബ്ബറും മാവ്, പ്ലാവ് തുടങ്ങിയ മരങ്ങളും ഒഴിച്ചാൽ മറ്റ് കൃഷികൾ നന്നേ കുറഞ്ഞ അവസ്ഥയാണ്. തെങ്ങിന് പൊതുവേ കുറഞ്ഞ പരിചരണം മതിയെന്നതും കൃഷിപ്പണി ചെയ്യുന്നതിൽ നിന്നും യുവതലമുറയ്ക്കുള്ള താല്പര്യമില്ലായ്മയെ മാറ്റിയെടുക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ കുറവ് കാരണം കൃഷിപണിക്ക് ആളിനെ കിട്ടാതെ വന്നതും കാർഷികോല്പന്നങ്ങളുടെ വിലയിടിവ് എന്നിവയെല്ലാം കൃഷിക്കാരുടെ കൃഷിയോടുള്ള താല്പര്യക്കുറവിന് കാരണമായി വന്നു. കൃഷിപ്പണിയുടെ ആഘോഷരൂപമായ മരമടി മത്സരങ്ങൾ ഈ പഞ്ചായത്തിൽ ഇന്ന് കാണാനില്ലാതായി. വയൽ നികത്തിയതിന്റെ ഭാഗമായി നെല്ലുൽപ്പാദനം കുറഞ്ഞ് വരികയും വയൽ നികത്തി തെങ്ങ് വെച്ചിട്ടുള്ള ഭാഗത്തെല്ലാം തെങ്ങിന് കൂമ്പ് ചീയൽ വ്യാപകമായതിനാൽ ആ രംഗത്തും കാർഷിക വളർച്ച ഇല്ലാതായി. കൃഷിയുമായി ബന്ധമുള്ള തോടുകളും കുളങ്ങളും സംരക്ഷിക്കുന്ന പ്രവണതയും ഇല്ലാതായി.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2270 ഹെക്ടർ 11.48 ആർ ആണ്. ഇത് സമതലപ്രദേശം, ചരിവ് പ്രദേശം, വയൽ പ്രദേശം എന്നിങ്ങനെയാണ് കാണപ്പെടുന്നത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 1

ഭൂപ്രകൃതി (സെൻസസ് റിപ്പോർട്ട്)

| നമ്പർ | ഭൂപ്രകൃതി | വിസ്തീർണ്ണം (ഹെക്ടറിൽ) | % |
|---|---|---|---|
| 1 | നിലങ്ങൾ | 559.37 | 24.67 |
| 2 | ചരിവുപ്രദേശങ്ങൾ | 1446.70 | 63.78 |
| 3 | ഉയർന്ന സമതലം | 260.93 | 11.50 |

പട്ടിക - II

ഭൂവിനിയോഗം (സെൻസസ് റിപ്പോർട്ട്)

| നമ്പർ | വിനിയോഗം | വിസ്തീർണ്ണം ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1 | നെൽകൃഷി ഒരുപൂ | 5.24 | 0.23 |
| 2 | നെൽകൃഷി രണ്ടുപൂ | 401.48 | 17.68 |
| 3 | തെങ്ങ് കൃഷി | 50.08 | 2.20 |
| 4 | റബ്ബർ കൃഷി | 114.80 | 5.06 |
| 5 | | 1471.52 | 64.82 |
| 6 | വെള്ളക്കെട്ട് | 5.80 | 0.25 |
| 7 | കൃഷിചെയ്യാവുന്നതരിശ് ഭൂമി | 0.92 | 0.04 |
| 8 | കൃഷിചെയ്യാൻപറ്റാത്തതരിശ് ഭൂമി | 1.40 | 0.06. |

കരഭൂമിയുടെ ഏറിയ പങ്കും സമതല പ്രദേശം ആണ്. മണ്ണും കല്ലും കലർന്ന പശിമയുള്ള മണ്ണാണ് ഇവിടെ. വയലിന്റേയും സമതല പ്രദേശത്തിന്റേയും ഇടയിൽ കാണുന്ന ചരിവ് പ്രദേശം മണലും മണ്ണും വളരെ കുറച്ച് കല്ലും കൂടി ചേർന്നതാണ്. വയൽ പ്രദേശം ചെളിയും മണലും കൂടി ഇടകലർന്ന മണ്ണാണ്. സമതലപ്രദേശത്തിന്റെ 20% ഭാഗത്ത് ഉപരിതലത്തിന് താഴെ വെട്ടുകല്ല് ആകയാൽ അത് വെട്ടിയെടുക്കുന്നതിനാൽ ഈ പ്രദേശം കൃഷിയോഗ്യമല്ലാതാവുകയും ചെയ്യുന്നു. നെൽവയലിൽ കുറെ ഭാഗം ചുടുകട്ടക്ക് വേണ്ടി ചെളിയെടുത്ത് കുഴിക്കുന്നതിനാലും ബാക്കി കുറെ ഭാഗം നികത്തി മറ്റ് കൃഷി ചെയ്യുന്നതിനാലും അവിടെ നെൽകൃഷിക്ക് കഴിയാതെ വരുന്നു. കൃഷിഭൂമിയിൽ സ്വയം പണിയെടുക്കുന്ന കൃഷിക്കാരുടെ എണ്ണം നന്നേ കുറവാണ്. 10% മാത്രമേ കാണാൻ കഴിയൂ. ഇപ്പോൾ ഭൂരിഭാഗം ഉടമസ്ഥരും 20 ആറിൽ താഴെ മാത്രം ഭൂമി കൈവശം ഉള്ളവരാണ്. ഇത് സംബന്ധിച്ച വിശദവിവരം താഴെ ചേർക്കുന്നു.

പട്ടിക 3(വില്ലേജ് രേഖ)

| നമ്പർ | ഭൂപരിധി | ഉടമസ്ഥരുടെ എണ്ണം |
|---|---|---|
| 1 | 20 ആറിന് താഴെ | 21620 |
| 2. | 20 ആറിനും 40 ആറിനുമിടയിൽ | 4008 |
| 3. | 40 ആറിന് മുകളിൽ | 497 |

## കരകൃഷി

സമതല പ്രദേശങ്ങളിൽ ഏറിയ പങ്കും ചരിവു പ്രദേശങ്ങളിൽ എല്ലായിടത്തും തെങ്ങ് കൃഷി ചെയ്തു വരുന്നു. ചരിവ് പ്രദേശങ്ങളിൽ ഉൾപ്പെട്ട് വരുന്ന വയൽ നികത്തിയ ഭാഗങ്ങളിൽ എല്ലാം തെങ്ങ് കൃഷി സാധാരണമാണ്. അവിടങ്ങളിൽ ഇടവിളയായി വാഴ, ചേന, ചേമ്പ്, പച്ചക്കറികൾ എന്നിവ കൃഷിചെയ്ത് വരുന്നു. ഈ പ്രദേശങ്ങളിലെ തെങ്ങുകൾ ഏറിയപങ്കും രോഗം ബാധിച്ചവയാണ്. കാറ്റ് വീഴ്ചയും കൂമ്പ് ചീയലുമാണ് പ്രധാന രോഗങ്ങൾ. കൂടുതലും കൂമ്പ് ചീയലാണ് കണ്ടു വരുന്നത്. രോഗപ്രതിരോധ നടപടികൾ ആരും കാര്യക്ഷമമായി ചെയ്യാത്തതിനാലും ഉത്പന്നത്തിന്റെ വിലക്കുറവും ഈ കൃഷി ക്ഷയിക്കുന്നതിന് കാരണമായി. ഇടവിള കൃഷി കുറെ സ്ഥലത്ത് ചെയ്യുന്നതൊഴിച്ചാൽ ഏറിയ പങ്കും ചെയ്യാതിട്ടിരിക്കുന്നു. സമതല പ്രദേശങ്ങളിൽ തെങ്ങ്, റബ്ബർ, മരച്ചീനി മുതലായവ കൃഷി ചെയ്യുന്നുണ്ട്. റബ്ബർ കൃഷി ചെയ്യുന്നവർ ഏറിയ പങ്കും കാര്യക്ഷമമായി തന്നെ ചെയ്തുവരുന്നു. കൂടുതൽ സ്ഥലത്തേക്ക് റബ്ബർ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള ശ്രമമാണ് കൃഷിക്കാരിൽ കണ്ടുവരുന്നത്. ഈ പഞ്ചായത്തിലെ കരഭൂമിയിൽ ഭൂരിഭാഗം സ്ഥലത്തും തെങ്ങ്, കശുമാവ്, പ്ലാവ്, മാവ് തുടങ്ങിയ സമ്മിശ്ര കൃഷിരീതികളാണ് ചെയ്തുവരുന്നത്. മുഖ്യ വിളയായ തെങ്ങിന്റെ വാർഷിക ഉൽപ്പാദനക്ഷമത 25 എണ്ണമാണ്. ഇതിന്റെ സംസ്ഥാന ശരാശരി 38 ആണ്. ചരിവ് പ്രദേശങ്ങളിലെ തെങ്ങാണ് താരതമ്യേന മെച്ചപ്പെട്ട വിളവ് തരുന്നത്. നെൽകൃഷിയേക്കാൾ ലാഭകരം എന്ന കാഴ്ചപ്പാടോട് കൂടി വയൽ നികത്തി തെങ്ങ് വെച്ച എല്ലാ സ്ഥലങ്ങളിലും ഉൽപ്പാദനം കുറഞ്ഞ് വരുന്നു. വിത്ത് തിരഞ്ഞെടുക്കുന്നതിന്റെ അപാകത, ജലസേചന പ്രവർത്തനങ്ങളുടെ ഇല്ലായ്മ, വളപ്രയോഗത്തിന്റെ അപാകത എന്നിവയൊക്കെ തെങ്ങ് കൃഷികളുടെ പ്രശ്നങ്ങളിൽ പെടുന്നു. ശരാശരി ഒരു ഹെക്ടർ സ്ഥലത്ത് 210 മൂട് തെങ്ങുകളാണ് നിലവിലുള്ളത്. ഡിസംബർ മുതൽ മെയ് വരെയുള്ള 6 മാസകാലഘട്ടം ഇവിടെ രൂക്ഷമായി വരൾച്ചയാണ്. തെങ്ങ് കൃഷിയെ വരൾച്ച വലിയതോതിൽ ബാധിക്കുന്നതാണ് വിളവ് കുറയുന്നതിന് മുഖ്യകാരണമായി നിൽക്കുന്നത്. പ്രധാന ഇടവിളകളുടെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.

പട്ടിക 4 (കൃഷിഭവൻ രേഖ) ഇടവിളകൾ

| നമ്പർ | വിള | വിസ്തീർണം ഹെക്ടറിൽ |
|---|---|---|
| 1 | വാഴ | 150 |
| 2 | മരച്ചീനി | 200 |
| 3 | കുരുമുളക് | 60 |
| 4. | കവുങ്ങ് | 20 |
| 5. | ഇഞ്ചി, മഞ്ഞൾ | 10 |
| 6. | വെറ്റിലകൊടി | 10 |
| 7. | കിഴങ്ങ് വർഗ്ഗങ്ങൾ | 55 |

## നെൽകൃഷി

പട്ടിക – 5 (വിഭവഭൂപടം –കൃഷിഭവൻരേഖ)
വിള വിസ്തീർണ്ണം

| നമ്പർ | വിള | വിസ്തീർണം ഹെക്ടറിൽ |
|---|---|---|
| 1 | നെല്ല് (ഒന്നാംവിള) | – |
| 2 | നെല്ല് (രണ്ടാംവിള) | – |

ഇപ്പോൾ ബഹുഭൂരിപക്ഷം കൃഷിക്കാരും നാടൻ വിത്തിനങ്ങളാണ് ഉപയോഗിക്കുന്നത്. ഒന്നാം വിള കൃഷിക്ക് ആണ് സങ്കരയിനം വിത്തിനങ്ങൾ ഭാഗികമായി ഉപയോഗിക്കുന്നത്. രണ്ടാം വിളക്ക് പൂർണ്ണമായും നാടൻ ഇനങ്ങളാണ് ഉപയോഗിക്കുന്നത്. ഒന്നാം വിള കൃഷിക്ക് ചുവന്ന ത്രിവേണി, പാണ്ടികൊച്ചു വിത്ത്, പവിഴം, വെള്ളകരവാള എന്നീ ഇനങ്ങളും രണ്ടാം വിളക്ക് പാലക്കാടൻ, ഇരുപത് എന്നീ ഇനങ്ങളുമാണ് ഉപയോഗിക്കുന്നത്. ഒന്നാം വിളക്ക് ഹെക്ടറിന് 1650 മുതൽ 1800 കിലോഗ്രാം വരെയും രണ്ടാം വിളക്ക് 1950 മുതൽ 2100 കിലോഗ്രാം വരെയും വിളവ് ലഭിക്കുന്നുണ്ട്. സംസ്ഥാന ശരാശരി ഒന്നാം വിളക്ക് 2254 കിലോഗ്രാമും രണ്ടാം വിളക്ക് 3695 കിലോഗ്രാമും ആണ്. കൃഷിച്ചിലവ് അനിയന്ത്രിതമായി വർദ്ധിച്ച് വരുന്നതിനാൽ നെൽകൃഷി ആദായകരമല്ലാ

തായി വന്നത് കാരണം നല്ലൊരു ഭാഗം കൃഷിയിടങ്ങൾ ഒന്നാംവിള തരിശ്ശിടുന്ന പ്രവണത വർദ്ധിപ്പിച്ച് വരുന്നു. ഈ കാരണത്താലും ജൈവവളങ്ങളുടെ ഉപയോഗക്കുറവും കാരണം മണ്ണിന്റെ ഗുണമേന്മ കുറഞ്ഞ് വരുന്നു. പ്രധാന ഇടവിളകളുടെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.

പട്ടിക – 6 (കൃഷിഭവൻ രേഖ)

ഇടവിളകൾ

| നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | ഉൽപാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| 1 | പയർ | 30 | 450 കി.ഗ്രാം |
| 2 | എള്ള് | 50 | 250 കി.ഗ്രാം |
| 3. | പച്ച-ക്കറികൾ | 25 | 200 കി.ഗ്രാം |

## വളം

സഹകരണ മേഖലയിൽ രണ്ടും, സ്വകാര്യ മേഖലയിൽ മൂന്നും, വിപണനകേന്ദ്രങ്ങൾ ആണ് ഈ പഞ്ചായത്തിൽ ഉള്ളത്. ഇവയെല്ലാം ഇപ്പോഴും പ്രവർത്തിക്കുന്നവയാണ്. കൃഷിക്ക് ഉപയോഗിക്കുന്നത് 70 ശതമാനം രാസവളങ്ങൾ ആണ്. രാസവളങ്ങൾ ഉപയോഗിക്കുന്നത് ശാസ്ത്രീയമായ രീതിയിൽ അല്ല. ഓരോ വളത്തിലും അടങ്ങിയിട്ടുള്ള രാസവളങ്ങളുടെ അനുപാതവും ഘടനയും മനസ്സിലാക്കി കൃഷിക്ക് ആവശ്യമുള്ള അളവ് നിജപ്പെടുത്താതെയാണ് ഉപയോഗിച്ച് വരുന്നത്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ അല്ല വളപ്രയോഗം നടത്തുന്നത്. ജൈവവളങ്ങൾ വളരെ കുറച്ചാണ് ഉപയോഗിക്കുന്നത്. അവ കിട്ടാനില്ലാത്തതും കൃഷിസ്ഥലത്ത് വളം എത്തികുന്നതിനുള്ള യാത്രാസൗകര്യത്തിന്റെ അഭാവം കാരണം ഉള്ള വർദ്ധിച്ച കൂലിച്ചിലവും ജൈവ വള ഉപയോഗത്തിന്റെ അളവ് കുറയുന്നതിനുള്ള കാരണമായി വരുന്നു. ജൈവ വളത്തിന്റെ ഉപയോഗക്കുറവ് കാരണം കാർഷിക വിളകൾക്ക് കീടബാധ കൂടി വരുന്നു. ഈ പഞ്ചായത്തിൽ കഴിഞ്ഞ 3 വർഷം വിറ്റഴിച്ച രാസവളത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

പട്ടിക – 7 വളത്തിന്റെ ഉപയോഗം

| വർഷം | വളത്തിന്റെ വിൽപന (ടൺ കണക്കിൽ) |
|---|---|
| 1993–94 | 356 |
| 1994–95 | 451 |
| 1995–96 | 320 |

## കീടനാശിനികൾ

വാഴ, പച്ചക്കറികൾ, നെല്ല് എന്നീ വിളകൾക്കാണ് പ്രധാനമായും കീടനാശിനികൾ ഉപയോഗിച്ച് വരുന്നത്. വിളകൾക്കുണ്ടാകുന്ന കീടബാധക്ക് നിർദ്ദേശിച്ചിട്ടുള്ള കീടനാശിനികൾ യഥാവിധി ഉപയോഗിക്കുന്ന ശാസ്ത്രീയരീതികൾ പാലിച്ച് കാണാറില്ല. കൃഷിക്കാർക്ക് ഈ രംഗത്തുള്ള പരിജ്ഞാനക്കുറവ് കാര്യമായി കാണുന്നു. രാസ കീടനാശിനികളുടെ സ്ഥാനത്ത് ചിലവ് കുറഞ്ഞ ജൈവ കീടനാശിനികളുടെ ഉപയോഗം കാണാനില്ല.

## കാർഷികോപകരണങ്ങൾ

പാടശേഖരകമ്മിറ്റിക്കാർക്കായി കൃഷിഭവൻ മുഖേന നൽകിയ ഒരു ട്രാക്ടർ, രണ്ട് ട്രില്ലർ, രണ്ട് മെതിയന്ത്രം 116 റോക്സ് പ്രെയർ, 4 നാപ്പ് സ്റ്റാക്ക് പ്രെയർ എന്നിവയും പുലിക്കുളം ഹരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കൃഷിഭവൻ മുഖേന നൽകിയ ഒരു ട്രാക്ടറുമാണ് കാർഷികയന്ത്രോപകരണങ്ങളായി ഇപ്പോഴുള്ളത്. ഇതിൽ ട്രില്ലറിന് 20 ശതമാനവും മറ്റുള്ളതിന് 50% സബ്സിഡി റേറ്റിൽ പഞ്ചായത്തിലെ കർഷകർക്ക് കൃഷി ച്ചെലവ് കുറക്കുന്നതിനായി കർഷക സമിതികൾക്ക് വിതരണം ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ ഈ ഉപകരണങ്ങൾ ഒന്നും പഞ്ചായത്തിലെ കൃഷിക്കാർക്ക് ഒട്ടും പ്രയോജനപ്പെടുന്നില്ല. കൃഷിക്കാർ ഇപ്പോൾ പൂർണ്ണമായും സ്വകാര്യവ്യക്തികളുടെ യന്ത്രോപകരണങ്ങളെ ആശ്രയിക്കുന്നു. അവ വേണ്ട സമയത്ത് കിട്ടാത്ത കാരണത്താൽ നാടൻ കാർഷികോപകരണങ്ങളെ വലിയൊരളവ് വരെ ആശ്രയിക്കുന്നതിനാൽ കൃഷിച്ചെലവ് നല്ല രീതിയിൽ വർദ്ധിക്കുന്നു.

## പാടശേഖര സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കേന്ദ്രീകരിച്ച് രൂപീകരിക്കപ്പെട്ട 13 പാടശേഖര സമിതികളും ഒരു കേര വികസന സമിതിയുമാണ് ഇപ്പോൾ നില നിൽക്കുന്നത്. പാടശേഖര സമതിയിൽ പലതും വിവിധ കാരണങ്ങളാൽ പ്രവർത്തനരഹിതമാണ് പാടശേഖരസമിതി

യുടെ പേര് വിവരം താഴെ ചേർക്കുന്നു.

പട്ടിക 8 ( കൃഷിഭവൻരേഖ)

പാടശേഖരസമിതിയുടെ പേര് വിവരം

| നമ്പർ | പാടശേഖരത്തിന്റെ പേര് |
|---|---|
| 1. | കിഴകിട ഏലാസമിതി |
| 2. | നെടിയപാടം ഏലാ സമിതി |
| 3. | താഴെമുണ്ടകം ഏലാ സമിതി |
| 4. | വിരിപ്പോൽ ഏലാ സമിതി |
| 5. | കൂരിക്കുഴി ഏലാ സമിതി |
| 6. | ഓണംമ്പള്ളിൽ ഏലാ സമിതി |
| 7. | കൊച്ചുപുഞ്ച ഏലാ സമിതി |
| 8. | ആനയടി ഏലാ സമിതി |
| 9. | ആനയടിമണ്ണുപുറം ഏലാ സമിതി |
| 10. | പാച്ചാലിൽ ഏലാ സമിതി |
| 11. | ഈയ്യാനം ഏലാ സമിതി |
| 12. | കുന്നീരാടാത്ത് ഏലാ സമിതി |
| 13. | ചെറുതിട്ട വാതുക്കൽ ഏലാ സമിതി |

ഇവയിൽ കുന്നീരാടത്ത് ഏലാ സമിതിയും ചെറുതിട്ട വാതുക്കൽ ഏലാ സമിതിയും 30-10-1996 ൽ രൂപീകരിച്ചതാണ്. പാച്ചാലിൽ ഏലാ സമിതിയുടെ പ്രവർത്തന പരിധിയിൽ ഉള്ള ഏലാ മൊത്തമായി ഒരു സ്വകാര്യവ്യക്തി വിലക്ക് വാങ്ങിയിട്ടുള്ളതിനാൽ പ്രസ്തുത ഏലാ സമിതി ഇല്ലാതായിരിക്കുന്നു.

**കൂലിനിരക്ക്**

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞ് വരികയാണ്. വിദ്യാഭ്യാസ രീതി കാർഷികമേഖലയുമായി ബന്ധപ്പെടാത്ത കാരണത്താലും കൃഷി ആദായകരമല്ലാത്തതിനാലും തുടർച്ചയായി ജോലി കിട്ടുന്നതിനുള്ള സാദ്ധ്യത ഈ രംഗത്ത് ഇല്ലാത്തതിനാലും തൊഴിലാളികൾ കുറയുന്നു. സ്വന്തമായി പണിയെടുക്കുന്ന കൃഷിക്കാരുടെ എണ്ണം കുറഞ്ഞ് വരുന്നു. പത്ത് ശതമാനത്തിൽ താഴെയാണ് അത്തരത്തിൽ പണിയെടുക്കുന്നവർ. നെൽപ്പാടത്തിൽ നിന്നും വിളവെടുക്കുന്നതിന് തൊഴിലാളികളെ കിട്ടാത്ത കാരണത്താൽ ബഹുഭൂരിപക്ഷം കൃഷിക്കാരും രണ്ട് പൂവ്വും കൃഷി ചെയ്യാവുന്ന പാടശേഖരങ്ങൾ ഒരു പൂ കൃഷിയാക്കി മാറ്റി വരുന്നു. ഗ്രാമപഞ്ചായത്തിൽ 2112 കർഷകത്തൊഴിലാളികൾ ഉണ്ട്. ഇത് ആകെ ജനസംഖ്യയുടെ 8 % ആണ്.

കിളക്കൽ, വരമ്പ് വെട്ട് തുടങ്ങിയ ജോലികൾ ചെയ്യുന്ന പുരുഷന്മാർക്ക് 85 രൂപയും കളവാരൽ,ഞാറ് നടീൽ കളപറിക്കൽ തുടങ്ങിയ ജോലികൾ ചെയ്യുന്ന സ്ത്രീകൾക്ക് 65 രൂപയുമാണ് കൂലി നിരക്ക്. കാളകളെകൊണ്ട് കൃഷിയിറക്കാവുന്ന പരുവത്തിൽ നിലം പൂട്ടുന്നതിന് ഹെക്ടറിന് 3500 രൂപായും ട്രാക്ടർ കൊണ്ട് പൂട്ടുന്നതിന് മണിക്കൂറിന് 160 രൂപയുമാണ്. തേങ്ങയിടുന്നതിന് കൊത്തും കുലയും കൂടാതെ 100ന് 10 തേങ്ങായും മരുന്ന തളിക്കുന്നതിന് ഒരു ദിവസത്തേക്ക് 100 രൂപയും റബ്ബർ വെട്ടുന്നതിന് ഒരു മരത്തിന് 25 പൈസയുമാണ് കൂലി. കൊയ്ത്ത് മെതി ജോലിയിൽ, കൊയ്യുന്ന ദിവസം ഭക്ഷണച്ചിലവും മെതിക്കുന്ന ദിവസം ഭക്ഷണച്ചിലവും ഏഴിന് ഒന്ന് പതവും നില നിൽക്കുന്നു. കൂലി നിരക്കിന് ഒരു ഏകീകൃതരൂപം ഇല്ല.

**കാർഷിക വായ്പ**

ഒരു സഹകരണ ബാങ്ക് പൂർണ്ണമായും രണ്ട് സഹകരണബാങ്ക് ഭാഗികമായും ഈ പഞ്ചായത്തിന്റെ പരിധിയിൽ വരുന്നു. ഇത് കൂടാതെ സെൻട്രൽ ബാങ്കിന്റെ ചക്കുവള്ളി ബ്രാഞ്ച്, കാത്തലിക് സിറിയൻ ബാങ്കിന്റെ ചക്കുവള്ളി ബ്രാഞ്ച് ശാസ്താംകോട്ട പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, എന്നിവയിൽ നിന്നും കാർഷിക ലോണുകൾ ഈ പഞ്ചായത്തിലെ കൃഷിക്കാർക്ക് നൽകാറുണ്ട്. കൃഷിക്കാരുടെ കാർഷിക ആവശ്യങ്ങൾക്ക് അനുസരിച്ച് ഈ സ്ഥാപനങ്ങളിൽ നിന്നും വായപ് സുഗമമായി കിട്ടാറില്ല എന്ന വസ്തുത നില നിൽക്കുമ്പോൾ തന്നെ കൃഷിക്ക് വേണ്ടി അനുവദിക്കുന്ന വായ്പകൾ പലപ്പോഴും മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായും കാണുന്നു.

പട്ടിക 9 ബാങ്ക് വായ്പകളെ സംബന്ധിച്ച വിവരങ്ങൾ

| നമ്പർ | ബാങ്ക് | ചിലവഴിച്ച തുക |
|---|---|---|
| 1. | ശൂരനാട് ഗ്രാമോദ്ധാരണ സർവ്വീസ് സഹകരണബാങ്ക് | 7323749.00 |
| 2. | പോരുവഴി സർവ്വീസ് സഹകരണബാങ്ക് | 1000000.00 |
| 3. | ശൂരനാട് ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്ക് | 500000.00 |
| 4. | ശാസ്താംകോട്ട കാർഷിക വികസന സഹകരണ ബാങ്ക് | 800000.00 |
| 5. | ശൂരനാട് പഞ്ചായത്ത് ഹരിജൻ സർവ്വീസ് സഹകരണ ബാങ്ക് | 175000.00 |

## ജലസേചന സൗകര്യങ്ങൾ

മഴയെ ആധാരമാക്കി കാർഷിക വൃദ്ധിമാത്രം ഉപജീവനമാക്കിയുള്ള ബഹുഭൂരിപക്ഷം കുടുംബങ്ങളാണ് ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിലുള്ളത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും (തെക്ക് പടിഞ്ഞാറൻ മൺസൂൺ) സെപ്റ്റംബർ മുതൽ നവംബർ വരെ കിട്ടുന്ന തുലാവർഷവും (വടക്ക് കിഴക്കൻ മൺസൂൺ) ആണ് ഇവിടെ കിട്ടുന്ന മഴ. വർഷത്തിൽ ശരാശരി 2562 മില്ലീ ലിറ്റർ മഴ ഇവിടെ ലഭിക്കുന്നുണ്ട്. മഴയിൽ കൂടി കിട്ടുന്ന ജലം ഒന്ന് രണ്ട് ദിവസങ്ങൾ കൊണ്ട് ഒഴുകി വറ്റുന്നു. വേനൽക്കാലത്ത് രൂക്ഷമായ വരൾച്ചയും അനുഭവപ്പെടുന്നു. ഡിസംബർ മുതൽ മെയ് വരെ മാസങ്ങളിൽ ഒട്ടും മഴ കിട്ടാത്ത കാലമാണ്. കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ച മഴയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 10 മഴയുടെ അളവ് (മില്ലി മീറ്ററിൽ)

| വർഷം | ജനു. | ഫെബ്രു. | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റം. | ഒക്ടോ. | നവം. | ഡിസം. |
|---|---|---|---|---|---|---|---|---|---|---|---|---|
| 1991 | 18 | | 52.4 | 130.8 | 142.4 | 1043.3 | 398 | 340 | 55 | 237 | 36 | 18 |
| 1992 | | | | 39.4 | 445 | 639 | 513.4 | 304 | 223.4 | 391.3 | 426 | |
| 1993 | | 34.7 | 11.5 | 78.9 | 208 | 623 | 593 | 126.9 | 96.1 | 475 | 319.6 | 88 |
| 1994 | 20 | 0.5 | 13 | 60 | 399.5 | 410.5 | 451.5 | 391.5 | 186 | 359 | 196 | 3 |
| 1995 | 2 | 77 | 80 | 167.5 | 258 | 436 | 382.5 | 281.5 | 193.5 | 159.5 | 170.5 | |

പഞ്ചായത്തിന്റെ കിഴക്കുഭാഗത്ത് കൂടി പ്രവേശിച്ച് ഏതാണ്ട് മദ്ധ്യഭാഗത്ത് കൂടി പടിഞ്ഞാറോട്ട് ഒഴുകി പടിഞ്ഞാറെ അതിർത്തിയുടെ കുറെ ഭാഗത്ത് കൂടി കടന്ന് കായംകുളം കായലിൽ ചേരുന്ന പള്ളിക്കലാറും, മുകളിൽ കുളത്തിൽ നിന്നും ആരംഭിച്ച് നെടിയപാടം ഏലായിൽ കൂടി ഒഴുകി പള്ളിക്കലാറിൽ ചേരുന്ന നെടിയപാടം തോടും കൈമക്കുളങ്ങര ചിറയിൽ നിന്നും ആരംഭിച്ച് കിഴകിട, വിരിപ്പോൽ, എന്നീ ഏലായിൽ കൂടി ഒഴുകി പള്ളിക്കലാറിൽ ചേരുന്ന കിഴകിട തോടും, ആനയടി ചിറയിൽ നിന്നും ആരംഭിച്ച് ആനയടി ഏലായിൽ കൂടി ഒഴുകി പള്ളിക്കലാറിൽ ചേരുന്ന ആനയടി തോടും ചേർന്നതാണ് നമ്മുടെ ജലസ്രോതസ്സുകൾ. പഞ്ചായത്തിലെ പത്ത്, പതിനൊന്ന് എന്നീ വാർഡുകളുടെ പടിഞ്ഞാറ് ഭാഗത്ത് കൂടിയാണ് പള്ളിക്കലാറ് കടന്നു പോകുന്നത്. അതിന്റെ കിഴക്കു ഭാഗത്തെ കരയും വാർഡുകളുടെ പടിഞ്ഞാറ് ഭാഗവുമയി വരുന്ന വയലുകളും ചേർന്ന ഭാഗത്തു നിന്നും ചെളിയെടുത്ത് കുഴിച്ചതിനാൽ, ആറും വയലും ചേർന്ന് ഇപ്പോൾ വെള്ളക്കെട്ടായി കിടക്കുന്ന ഈ ഭാഗം വയലിന്റെ പരിസ്ഥിതിക്ക് ഗുരുതരമായ പ്രശ്നമായിരിക്കുന്നു.

കല്ലട ഇറിഗേഷൻ വലതുകര കനാലിന്റെ ഭാഗമായി ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ശാസ്താംകുളം, നെടിയപാടം നോർത്ത്, നെടിയപാടം സൗത്ത് എന്നീ മൂന്ന് ഡിസ്റ്റിബ്യൂട്ടറികളുടെ പണി 1990ൽ പൂർത്തിയാക്കിയിട്ടുള്ളതും അതുപ്രകാരം 876.871 ഹെക്ടർ സ്ഥലത്തേക്ക് ജലസേചന സൗകര്യം ലക്ഷ്യമിട്ടിരുന്നതുമാണ്. ലക്ഷക്കണക്കിന് രൂപ ചിലവാക്കി പൂർത്തീകരിച്ച ഈ പദ്ധതി കാർഷിക ജലസേചനത്തിന് നാളിതു വരെയും ഒട്ടും പ്രയോജനപ്പെട്ടിട്ടില്ല. ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച ഇതിന്റെ പൈപ്പ് ലൈനുകൾ എല്ലാം കേടുവന്ന് നശിച്ച് കഴിഞ്ഞു. വരൾച്ച സമയത്ത് വെള്ളം തുറന്ന് വിട്ടാൽ കിണറുകളിലെ ജലനിരപ്പ് ഉയരുകയും കുടിവെള്ളക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരമമാവുകയും ചെയ്യും. നാളത് വരെ അതുപോലും കാര്യക്ഷമമായി ചെയ്യാൻ കഴിഞ്ഞിട്ടില്ല. ജലവുമായി ബന്ധപ്പെട്ട ആസ്തികളുടെ വിവരം ചുവടെ ചേർക്കുന്നു

പട്ടിക 11 (സെസ്സ് റിപ്പോർട്ട്)
ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

| നമ്പർ | ആസ്തികൾ | കി.മീ |
|---|---|---|
| 1. | പള്ളിക്കൽ ആറ് | 11.00 |
| 2. | നെടിയപാടംതോട് | 4.44 |
| 3. | കിഴകിടതോട് | 5.56 |
| 4. | ആനയടിതോട് | 2.00 |

ഇതിൽ പള്ളിക്കൽ ആറൊഴിച്ച് മറ്റുള്ളവയെല്ലാം ഉണക്കുകാലത്ത് വറ്റുന്നവയാണ്. പള്ളിക്കലാറിൽ പാതിരിക്കൽ താഴെമുണ്ടകം എന്നീ രണ്ട് ചീപ്പുകൾ ഉണ്ട്. എട്ട് ഭാഗത്ത് ലിഫ്റ്റ് ഇറിഗേഷൻ പമ്പുഹൗസുകൾ ഉണ്ട്. ഇവയൊന്നും കൃഷിക്ക് കാര്യക്ഷമമായി ഉപയോഗിക്കുവാൻ കഴിയുന്നില്ല. ആയിരങ്ങൾ ചിലവഴിച്ച് വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച് അഴകിയകാവ് ട്യൂബ് വെൽ വർഷങ്ങളോളം പ്രവർത്തിപ്പിക്കാതെ കിടന്നിരുന്നു.

ഈ ഗ്രാമപഞ്ചായത്തിൽ കൃഷിക്ക് ഉപയോഗിക്കാൻ പറ്റുന്ന രീതിയിലുള്ള കുളങ്ങൾ 12 എണ്ണം ഉണ്ട് ഇവക്കെല്ലാം വേണ്ടത്ര ആഴം ഇല്ലാത്തതിനാൽ വേനൽക്കാലങ്ങളിൽ ജലം ലഭിക്കുന്നവയല്ല. ഈ കുളങ്ങൾ ഒന്നും തന്നെ കാര്യമായി സംരക്ഷിക്കുകയോ കൃഷിക്ക് ഉപയോഗിക്കുകയോ ചെയ്യുന്നില്ല. മുൻകാലങ്ങളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പാടശേഖരണങ്ങളുടെ തലക്കുളങ്ങൾ ആയിരുന്ന പെരുകുളം, കാട്ടൂർക്കുഴി കുളം തുടങ്ങിയ അനവധി വലുതും ചെറുതും ആയ കുളങ്ങൾ വ്യക്തികൾ കൈവശപ്പെടുത്തി പതിവു നടപടികൾക്ക് വിധേയമാക്കിയിട്ടുള്ളതിനാൽ ഇപ്പോൾ കൃഷിക്ക് ഉപയോഗിക്കുവാൻ പറ്റാത്ത വിധത്തിൽ മാറിയിരിക്കുന്നു. പ്രധാന കുളങ്ങളുടെ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു

പട്ടിക 12 കുളങ്ങളെ സംബന്ധിച്ച വിവരം

| നമ്പർ | കുളം | സർവ്വേ നമ്പർ | വിസ്തീർണ്ണം (ഹെക്ടർ) | സ്ഥിതിചെയ്യുന്ന വാർഡ്. |
|---|---|---|---|---|
| 1 | മണലിക്കൽ ചാൽ | 30/31 (ബ്ലോക്ക് 1) | 2.8760 | 1 |
| 2 | ആനയടി ചിറ | 537/12 ടി | 0.3960 | 3 |
| 3 | കൈമകുളങ്ങര ചിറ | 798/1 (ബ്ലോക്ക് 2) | 0.3360 | 6 |
| 4 | വൃക്കമിൽ കുളം | 820/4 ടി | 0.1300 | 6 |
| 5 | ഈരമേളയിൽ ചിറ | 644 ടി | 0.6500 | 7 |
| 6 | പാറയിൽ കുളം | 470/17 ടി | 0.0680 | 9 |
| 7 | മേകാട്ടാൻ കുളം | 253/6 ടി | 0.0790 | 10 |
| 8 | ഉറകാറ കുളം | 422/9 ടി | 0.1800 | 10 |
| 9 | പൊന്നാൽ കുളം | 128/4 ടി | 0.1650 | 10 |
| 10 | കാവനാട് കുളം | 384/5 ടി | 0.2530 | 10 |
| 11 | ഉണ്ണനൂർ കുളം | 359/4 ടി | 0.2410 | 11 |
| 12 | കിഴകിട ചാൽ | 367/6 ടി | 0.1925 | 11 |

മണ്ണ ജല സംരക്ഷണ പരിപാടികൾ ഈ പഞ്ചായത്തിൽ ഇപ്പോൾ ഒട്ടും തൃപ്തികരമല്ല. മുൻകാലങ്ങളിൽ പറമ്പുകൾക്ക് അതിരു കയ്യാല വെട്ടിയും, ഉഴുതും, കൊത്തിയിളക്കിയും വൃക്ഷങ്ങളും ചവറ് മരങ്ങളും വെച്ച് പിടിപ്പിച്ചും, ജലസംരക്ഷണ പ്രവർത്തനങ്ങൾ ചെയ്തിരുന്നു. ജീവിതക്രമത്തിലുണ്ടായ മാറ്റങ്ങൾ കാരണവും ഭൂമി തുണ്ടു തുണ്ടായി മാറിയത് കാരണവും കൃഷി ആദായകരമല്ലാതായതിനാൽ കാർഷിക വൃത്തിയോട് വന്ന വിമുഖതയും കാരണം മണ്ണ്, ജല സംരക്ഷണ നടപടികൾ ഇല്ലാതായി.

ഈ ഗ്രാമപഞ്ചായത്തിൽ കാർഷിക നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്ന നഴ്സറികൾ ഒന്നും നിലവിലില്ല. റബ്ബർ തൈകൾ വിതരണം ചെയ്യുന്ന നഴ്സറികൾ ഉണ്ട്. കൃഷി വികസനാഫീസിൽ നിന്നും വിത്തിനങ്ങളും നടീൽ വസ്തുക്കളും നാമമാത്രമായി വിതരണം ചെയ്യുന്നുണ്ട്. കൃഷിക്കാരുടെ ആവശ്യത്തിന് അത് ഒട്ടും മതിയാവുന്നില്ല. വിതരണം ചെയ്യുന്ന വിത്തിനങ്ങളും, നടീൽ വസ്തുക്കളും ഗുണനിലവാരം കുറഞ്ഞതാണെന്ന് കൃഷിക്കാർക്ക് പൊതുവെ അഭിപ്രായം ഉണ്ട്.

1987 സെപ്റ്റംബർ ഒന്നിനാണ് കൃഷിഭവൻ ഈ പഞ്ചായത്തിൽ നിലവിൽ വന്നത്. പൂർണ്ണമായും കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ വളരെ പ്രതീക്ഷയോട് കൂടി ആരംഭിച്ച കൃഷിഭവന്റെ പ്രവർത്തനം ഒട്ടും ആശാവഹമല്ല. കൃഷികാർക്ക് കാർഷികോപകര

ണങ്ങൾ കൊടുക്കുന്ന കാര്യത്തിലും കൃഷി വികസിപ്പിക്കുന്നതിന് വേണ്ട പദ്ധതികൾക്ക് രൂപം കൊടുക്കുന്ന കാര്യത്തിലും ഒട്ടും പുരോഗതി ഇല്ല. വരൾച്ച, വെള്ളപ്പൊക്കം, തുടങ്ങിയ കാര്യങ്ങൾക്കായി കൃഷിക്കാർക്ക് വിതരണം ചെയ്യുന്ന ആശ്വാസനടപടികൾ നീതിരഹിതമായി വിതരണം ചെയ്യുന്നുവെന്ന് പരക്കെ ആക്ഷേപം നില നിൽക്കുന്നു. ഒരു ലാസ്റ്റഗ്രേഡും നാല് കൃഷി അസിസ്റ്റന്റുമാരും ഒരു ക്ലാർക്കും ഒരു കൃഷി ആഫീസറും ഉള്ള കൃഷി ഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കി പൂർണ്ണമായ തോതിൽ കൃഷികാർക്ക് ലഭിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങളും പരിഹാരങ്ങളും

***1. നെൽകൃഷി*** : നെൽകൃഷിയുടെ പ്രധാന പ്രശ്നങ്ങളിൽ ഒന്ന് വേണ്ടത്ര ജലസേചന സൗകര്യങ്ങൾ ഇല്ലാത്തതാണ്. മറ്റൊന്ന് രാസവളത്തിന്റെ അമിതമായ വില കയറ്റവും, ജൈവവളത്തിന്റെ അഭാവവും, മറ്റൊരു പ്രശ്നം കർഷകതൊഴിലാളികളെ കിട്ടാനില്ലാത്തതാണ്. നെൽകൃഷിക്ക് ആവശ്യമായ പ്രോത്സാഹനവും സഹായങ്ങളും കൃഷി വകുപ്പ് വഴി കിട്ടുന്നുണ്ട്. നമ്മുടെ നാടിന് ഇണങ്ങുന്ന നെൽവിത്ത് സുലഭമായി കിട്ടുന്നില്ല. മണ്ണ് പരിശോധന ഫലപ്രദമല്ല.

***2. നാളീകേര കൃഷി*** : തെങ്ങിന് വ്യാപകമായ രീതിയിൽ രോഗം ബാധിച്ച് നശിച്ച് കൊണ്ടിരിക്കുന്ന. കേര കൃഷിക്കാർക്കായി നടപ്പിലാക്കുന്ന പദ്ധതികളൊന്നും വേണ്ടത്ര ഫലപ്രദമാക്കുന്നില്ല. കേട് വന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിന് കൊടുക്കുന്ന തുക അപര്യാപത്തമാണ്. ജലസേചനത്തിന്റെ അപര്യാപ്തത രാസവളത്തിന്റെ വിലക്കയറ്റവും തെങ്ങ് കൃഷിയിലെ പ്രധാന പ്രശ്നമാണ്. തെങ്ങിൻ തോപ്പുകൾ മണ്ണ് എടുത്തും, കല്ല് വെട്ടിയും നശിപ്പിക്കുന്നത് തെങ്ങ് കൃഷി കുറയുന്നതിന് പ്രധാന കാരണമാണ്. നല്ലയിനം തെങ്ങിൻ തൈകളുടെ അഭാവവും പ്രധാന പ്രശ്നമാണ്.

## പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

ജലസേചനത്തിനായി പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുക. ഏലാകളിൽ നില വിലുള്ള തോടുകളുടെ സൈഡ് വാൾ കെട്ടി ജലസേചന സൗകര്യം മെച്ചപ്പെടുത്തുക.

മണ്ണ് ഇട്ട ഡാമുകളുടെ ഷട്ടറുകൾ നശിച്ച് പോയത് ശരിയാക്കുക. പള്ളിക്കൽ ആറിൽ നിന്നും പാടശേഖരങ്ങളിലേക്കുള്ള ജലപ്രവാഹം തടയുന്നതിന് പള്ളിക്കൽ ആറിന്റെ ഇരുസൈഡുകളും സൈഡ് വാൾ കെട്ടുക.

ലിഫ്റ്റ് ഇറിഗേഷൻ പമ്പുകളായ 5–ാം നമ്പരും, 7–ാം നമ്പരും കേടായി കിടക്കുന്നതിന്റെ അറ്റകുറ്റപ്പണികൾ നടത്തുക. ഇപ്രകാരം ചെയ്താൽ ആനയടി കുരീക്കുഴി ഓണംപള്ളി, വിരിപ്പോലി, ഏല ഉൾകൊള്ളുന്ന പാടശേഖരങ്ങളിലേക്ക് കനാൽ വഴി സുഗമമയി ജലസേചനമെത്തിക്കാൻ കഴിയുകയും, വേനൽകാലത്ത് കൃഷിയെ ഉണക്കിൽ നിന്നും രക്ഷിക്കാനും കഴിയും.

നെടിയപാടം ഏലയിൽ നിന്നും പള്ളിക്കൽ ആറിലേക്ക് വെള്ളം ഒഴുകിപോകുന്ന കലങ്ങിന്റെ ഭാഗത്ത് ഷട്ടർ ഇട്ടാൽ മഴ കാലത്ത് ആറ്റ് വെള്ളം പാടത്ത് കയറി കൃഷി നാശം ഉണ്ടാകാതെ സംരക്ഷിക്കാം.

നെടിയപാടം ഏലയിൽ വടക്കുവശം മടപ്പുരയ്ക്കൽ കിഴക്കുവശമായി ഏകദേശം 25 ഏക്കർ നെൽകൃഷി വേനൽകാലത്ത് ഉണക്കിൽ നിന്നും സംരക്ഷിക്കാനാവായി പാറയിൽ കിഴക്കതിൽ പുരയിടത്തിൽ കുടി കടന്നുപോകുന്ന കല്ലട ഇറഗേഷന്റെ പൈപ്പ് ലൈനിൽ കൂടി 70 മീറ്റർ നീളത്തിൽ ഒരു കുഴൽ കൊടുത്താൽ പള്ളിച്ചന്തയിൽ നിന്നും വടക്കോട്ടുള്ള റോഡിന്റെ ഓടയിൽ കൂടി വെള്ളം പാടത്തേക്ക് എത്തിക്കാൻ കഴിയും.

നെടിയപാടം, ഏലയിലെ തോട് സൈഡ് കെട്ടി ചെക്ക് ഡാം നിർമ്മിച്ച് കെ.ഐ.പി. കനാലിൽ നിന്നും വെള്ളം ഒഴുക്കി മേപ്പടി തോട്ടിൽ ശേഖരിച്ച് നിർത്തിയാൽ നെടിയപാടം ഏലയിൽ 3 പൂവ് കൃഷി ചെയ്യാൻ കഴിയും.

നമ്മുടെ നെൽപാടങ്ങളിലെ മണ്ണ് എടുക്കലും നിലം നികത്തലും അടിയന്തിരമായും കർശനമായും നിരോധിക്കണം.

നമ്മുടെ പഞ്ചായത്തിലെ 1500 ഓളം ഏക്കർ വരുന്ന പുഞ്ചകൃഷി ചെയ്യുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്.

പുഞ്ചയിലെ വെള്ളം വറ്റിക്കാനുള്ള 10–ാംനമ്പർ പമ്പ് സ്റ്റേഷൻ ഡെലിവറി പൈപ്പ് 8 ഇഞ്ച് കനത്തിൽ ഇടുക.

പുഞ്ചയിലെ വെള്ളം വറ്റിക്കാത്തതിന് പര്യാപ്തമായ പമ്പ് സ്ഥാപിക്കുക (35 H.P യിൽ കൂടിയത്)

നിലത്തിനേക്കാൾ ഉയർന്ന കിടക്കുന്ന തോടുകൾ ഒന്നരമീറ്റർ താഴ്ചയിൽ കുഴിച്ചു ഇരുവശവും ബണ്ടു

കെട്ടി കൃഷിസൗകര്യം വിപുലപ്പെടുത്തുക.

കൃഷിക്കും ജലസേചനത്തിനും വേണ്ടി സ്ഥാപിച്ചിട്ടുള്ളതും 3-ാം നമ്പർ പമ്പ് സ്റ്റേഷനിലെ സെക്ഷൻ പൈപ്പ് കേടായി പോയത് പുതുക്കിയിടുക.

വിരിപ്പോലിൽ, കുരികുഴി എന്നീ ഏലാകൾ കേന്ദ്രീകരിച്ച് ഏലാ സമിതി ട്രാക്റ്റർ ഉണ്ടാക്കണം.

ജൈവവളം പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷിക്കാരെ പശുക്കളെ വളർത്താൻ സഹായിക്കുകയും പച്ചിലവളം വ്യാപകമാക്കുകയും ചെയ്യണം.

നെൽകൃഷി ചിലവു കുറച്ചു ലാഭകരമാക്കുവാൻ നാട്ടുകാരുടെ സഹായത്തോടെ വയലും കരയും ബന്ധിപ്പിക്കുന്ന റോഡുകൾ ഉണ്ടാക്കണം.

നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്തുക. നെൽവിത്ത് ഉല്പാദിപ്പിച്ച് സ്റ്റോക്ക് ചെയ്തു കൃഷിക്കാർക്ക് കൊടുക്കുക.

5-ാം വാർഡിലെ പാച്ചാലിൽ ഏലായിൽ പതിനൊന്നര ഏക്കർ നിലം ഒരു വ്യക്തി വിലയ്ക്ക് വാങ്ങിയിരിക്കുന്നു.ടി നിലത്തിൽ നിന്നും മണ്ണെടുക്കുന്നതിനായിട്ടാണ് നിലം വിലയ്ക്ക് വാങ്ങിയിട്ടുള്ളത്. മണ്ണെടുക്കുന്നത് അടിയന്തിരമായി തടഞ്ഞില്ലെങ്കിൽ ടി ഏലായിലെ നെൽകൃഷി നാശത്തിലാകുകയും പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്യാൻ സാധ്യതയുണ്ട്.

കെ,ഐ.പി കനാലിലെ വെള്ളം എല്ലാ കൃഷിക്കാർക്കും കിട്ടത്തക്ക നിലയിൽ നാട്ടുകാർ തമ്മിൽ പരസ്പരസഹകരണം ഉണ്ടാകണം.

നെടിയപാടം ഏലായിലെ തോട്ടിലെ ചീപ്പുകൾ നന്നാക്കണം.

നെൽപാടങ്ങളിലെ തലച്ചിറകൾ കൃഷിക്ക് ഉപയോഗപ്രദമാക്കണം.

കേരകൃഷിക്ക് ജലസേചനത്തിനായി ട്രിപ്പ് ഇറിഗേഷൻ സമ്പ്രദായം ഫലപ്രദമായി നടപ്പാക്കണം. ട്രിപ്പ് ഇറിഗേഷൻ നടപ്പാക്കിയ തെങ്ങിൻ തോപ്പുകൾ പിന്നീട് മണ്ണെടുത്ത് കുഴി വെട്ടുന്നതും തടയണം.

കേടുവന്ന തെങ്ങുവെട്ടി മാറ്റി പുതിയത് വക്കുന്നതിനും മറ്റും ജനപങ്കാളിത്തം ഉറപ്പു വരുത്തണം.. ഇതിൽ കർഷകർ തമ്മിലുള്ള സഹകരണം അനിവാര്യമാണ്.

പഞ്ചായത്ത് കുളങ്ങളിൽ കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കണം. കെ.ഐ.പി കനാലിൽ നിന്നും പുരയിടങ്ങളിലേക്കുള്ള പൈപ്പുകൾ നശിച്ചവ മാറ്റി സ്ഥാപിക്കണം.

ജൈവവളം നിർമ്മിക്കുന്നതിൽ ഇന്നുള്ള പദ്ധതി ഫലപ്രദമല്ല. അതു കൂടുതൽ ഫലപ്രദമാക്കാൻ പദ്ധതി രൂപീകരിക്കണം.

കശുമാവ് കൃഷി വ്യാപകമാക്കേണ്ടതാണ്. കർഷകർക്കും കശുവണ്ടി തൊഴിലാളികൾക്കും ഒരുപോലെ പ്രയോജനമുള്ള ഒരു കൃഷിയാണ് കശുമാവ്. കൂടാതെ വിദേശ നാണ്യവും നേടി തരുന്ന ഒരു വ്യവസായമാണ് കശുമാവ് കൃഷി. കശുമാവ് കൃഷി കൂടുതൽ കൃഷി ചെയ്യുന്നതിന് നമ്മുടെ പഞ്ചായത്തിലെ പുറമ്പോക്കും കനാൽപ്പുറമ്പോക്കും ഉപയോഗിക്കാം.

റബ്ബർ കുരുമുളക് എന്നിവയും ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ടകൃഷിയാണ്. കേരകർഷകർ പലരും ഇന്ന റബ്ബർ കൃഷിയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു.

അതിൽ പ്രധാന കാരണം റബ്ബർ കൃഷിക്കുള്ള ആനുകൂല്യം കേരകർഷകർക്ക് കിട്ടുന്നില്ലാ എന്നുള്ളതാണ്.

പച്ചക്കറി കൃഷി, പഴവർഗ്ഗങ്ങൾ (വാഴകൃഷി), ഇഞ്ചി, മഞ്ഞൾ എന്നിവയും ഇവിടെ കൃഷി ചെയ്യുന്നുണ്ട്.

ജലസേചന കാര്യക്ഷമമാക്കിയാൽ നെൽപാടങ്ങളിൽ ഇടവിളയായി പച്ചക്കറി കൃഷി നടത്താൻ സാധിക്കും.

പച്ചക്കറി കർഷകരെ ബാധിക്കുന്ന പ്രധാന പ്രശ്നം അവരുടെ ഉൽപ്പന്നം വിറ്റഴിക്കുന്നതിനുള്ള ബുദ്ധിമുട്ടാണ്. ഇതിന് പച്ചക്കറി കർഷകനിൽ നിന്നും പച്ചക്കറി വാങ്ങി സംഭരിച്ചു വിതരണം ചെയ്യുന്ന സംവിധാനം ഉണ്ടാകണം. സഹകരണ സംഘങ്ങൾ വഴി ടിപ്പോകൾ സ്ഥാപിച്ചുള്ള ഇതു പരിഹരിക്കാൻ കഴിയും.

നമ്മുടെ ഭക്ഷ്യകമ്മി നികത്തുന്നതിന് പയർ, കിഴങ്ങുവർഗ്ഗങ്ങളായ മരച്ചീനി, ചേന ചേമ്പ്, എന്നിവയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കൃഷി ലാഭകരമാക്കുവാൻ കൃഷിക്കാരുടെ കൂട്ടായ്മയും സ്വന്തം അധ്വാനവും ഉണ്ടാകണം.

കർഷകരുടെ കൂട്ടായ പ്രവർത്തനം മൂലം ജലസേചന പദ്ധതികൾക്ക് രൂപം കൊടുക്കാനും പ്രാവർത്തികമാക്കാനും കഴിയും

ഇന്നു നിലവിലുള്ള ഏലാകളിൽ മുമ്പുണ്ടായിരുന്ന കൈതോടുകൾ (വലിയ തോടുമായി ബന്ധിപ്പിക്കുന്ന ) പുതുതായി നിർമ്മിക്കണം.

നീർമറി പദ്ധതികൾ അതാത് പ്രദേശത്തെ കർഷകരുമായി ആലോചിച്ച് ബഹുജനപങ്കാളിത്തത്തോടെ നടപ്പിലാക്കണം.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും



### മൃഗസംരക്ഷണം

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. നാമമാത്രമായി ഉഴവുകാളകളെയും എരുമകളെയും വളർത്തുന്നുണ്ട്. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. ചെറിയ തോതിൽ താറാവിനെയും വളർത്തുന്നു. ഇപ്പോൾ പഞ്ചായത്തിൽ നാടൻ പശുക്കൾ 764 ഉം സങ്കരയിനം പശുക്കൾ 1862 ഉം ഫൾപ്പെടെ 2626 പശുക്കളും 1917 ആടുകളും, വംശവർദ്ധനവിനുള്ള 12 കാളകളും, 54 ഉഴവുകളും, 48 എരുമകളും ഉണ്ട്. 9 പോത്തുകളെയും 1453 പട്ടികളെയും വളർത്തുന്നു. പഞ്ചായത്തിലെ 80% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്.

നെൽകൃഷി കുറഞ്ഞു എങ്കിലും കന്നുകാലി വളർത്തിൽ ജനങ്ങൾ വളരെ തല്പരരാണ്. കാർഷിക രംഗത്തെ യന്ത്രവൽക്കരണം കാള, പോത്ത്, തുടങ്ങിയ ജന്തുക്കളുടെ എണ്ണം കുറയാൻ കാരണമായി. ക്ഷീരോൽപാദന രംഗത്ത് പ്രവർത്തിക്കുന്ന കർഷകർ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു കാലഘട്ടമാണ് ഇന്ന്. ഉല്പാദനച്ചെലവിന് അനുഗുണമായി വില ഉറപ്പു വരുത്താൻ പാലിന് കഴിയുന്നില്ല. റോഡികളും വാഹനങ്ങളും വർദ്ധിച്ചതോടെ വണ്ടിക്കാളകളുടെ എണ്ണം കുത്തനെ കുറയുകയുണ്ടായി. കാലാകാലങ്ങളിൽ നിരന്തരമായി ഉണ്ടാകുന്ന കോഴിവസന്ത മൂലം കോഴികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നുകൊണ്ടിരിക്കുന്നു.

1996 -ലെ സാമൂഹ്യസാമ്പത്തിക സർവ്വേ പ്രകാരം പ്രതിദിനം 2000 ലിറ്റർ പാൽ ഉൽപാദിപ്പിക്കുകയും ആവശ്യക്കാർക്ക് വിതരണം ചെയ്തതിന് ശേഷമുള്ള പാൽ മിൽമയിലേക്ക് നൽകുന്നതിനാവശ്യമായ പാലുൽപാദക സഹകരണശംഘങ്ങൾ 6 എണ്ണം ശൂരനാട് വടക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കാലിത്തീറ്റയുടെ ലഭ്യതക്കുറവ്, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവ കാലി വളർത്തലിനെ പൊതുവിൽ നിരുത്സാഹപ്പെടുത്തുണ്ട്. ശൂരനാട് വടക്ക് പഞ്ചായത്തി ലുള്ള 6 ക്ഷീരോൽപാദക സഹകരണ സംഘങ്ങളും ശരിയായ തരത്തിൽ പ്രവർത്തിക്കുന്നവയാണ്.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ഉള്ളത് പാറക്കടവിലാണ്. ഇതിന്റെ സൗകര്യങ്ങൾ പഞ്ചായത്തിലെ മറ്റ് പ്രദേശങ്ങളിലേക്ക് ലഭിക്കുന്നല്ല. വിദൂര വാർഡുകളി ലുള്ളവർ മൃഗചികിത്സാ സൗകര്യത്തിനായി വളരെ ബുദ്ധിമുട്ടുന്നു. അടിയന്തിര മൃഗചികിത്സാ പദ്ധതി മിൽമക്ക് ഉള്ളതിനാൽ കർഷകർ ഫീസ് കൊടുത്ത് ആ സംവിധാനം ഉപയോഗപ്പെടുത്തുന്നു.

ശൂരനാട് വടക്ക് പഞ്ചായത്തിൽ 8 ഗോബർ ഗ്യാസ് പ്ലാന്റുകൾ ഉണ്ട്. ഇവയിൽ പലതും പ്രവർത്തന ക്ഷമമല്ല. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാധ്യത ഉണ്ടെങ്കിലും കർഷകരിലെ ഇത് സംബന്ധിച്ച അജ്ഞതയാണ് പ്രധാന തടസ്സം. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടി വരുന്ന ഇന്ധനത്തിന്റെ വലിയൊരു ഭാഗം ഗോവർ ഗ്യാസ് പ്ലാന്റ് ഉണ്ടെങ്കിൽ കണ്ടെത്താൻ കഴിയും. മൃഗസംരക്ഷണ വകുപ്പ് മുഖേന ഗോബർ ഗ്യാസ് സ്ഥാപിക്കുന്നതിന് സബ്സിഡി ഉണ്ടെങ്കിലും ഇവയൊന്നും തന്നെ സാധാരണ ജനങ്ങളിലേക്ക് എത്തിച്ചേർന്നിട്ടില്ല.

കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ വലിയ പങ്ക് നിറവേറ്റാൻ കാലിവളർത്തലിലൂടെ കഴിയുമെങ്കിലും പൊതുവിൽ കൃഷി പ്രത്യേകിച്ച് (നെൽകൃഷി) ലാഭകരമല്ലാതിയതും, ഉല്പാദനച്ചെലവിന് അനുസൃതമായി പാലിന് വില ലഭിക്കാത്തതുകൊണ്ടും കാലികൃഷിക്ക് മാന്ദ്യം സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

മുൻകാലങ്ങളിൽ മിക്കവാറും എല്ലാ വീടുകളിലും കോഴിവളർത്തൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന്

ഇറച്ചിക്കു വേണ്ടി വൻതോതിൽ കോഴികളെ മറ്റ് പ്രദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന സ്ഥിതിയാണുള്ളത്. കോഴി വളർത്തലിന് വൻസാധ്യത ഉണ്ട് എന്നതാണ് ഇതിൽ നിന്നും മനസ്സിലാക്കുന്നത്.

മുയലിനെ കൗതുകത്തിനായി ചിലർ വീടുകളിൽ വളർത്തിപോരുന്നു. പ്രത്യുൽപാദന നിരക്ക് വളരെ കൂടുതലായതുകൊണ്ട് ഇറച്ചി ആവശ്യത്തിന് മുയലിനെ വളർത്തുകയാണെങ്കിൽ വളരെ ലാഭകരമായിരിക്കും. മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യ മാണ്.

**പ്രധാന പ്രശ്നങ്ങൾ**

1. കാലിത്തീറ്റയുടെ വിലക്കൂടുതൽ
2. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്
3. മൃഗചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത.
4. പേപ്പട്ടി ശല്യം ഉണ്ടാകുന്നു.
5. കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കാൻ പ്രയാസം.
6. പാലിന് കർഷകന് ന്യായവില ലഭിക്കുന്നില്ല.

**സാദ്ധ്യതകൾ**

1. ശൂരനാട് വടക്ക് പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സർക്കാർ ഉടമസ്ഥതയിലോ, സഹകരണ അടിസ്ഥാനത്തിലോ തുടങ്ങുക.
2. മുകളിൽ പറഞ്ഞ് ഫാക്ടറി വഴി കർഷകർക്ക് ന്യായവിലക്ക് കാലിത്തീറ്റ വിതരണം ചെയ്യുക.
3. മൃഗചികിത്സ സൗകര്യങ്ങൾ ഫലപ്രദമാകുന്നതിന് പഞ്ചായത്തിൽ കുറഞ്ഞത് 5 സബ്സെന്ററുകൾ മൃഗാശുപത്രിയുടെതായി തുടങ്ങുക.
5. ആടുവളർത്തൽ പദ്ധതി

മാംസ ഉൽപാദനം കൂട്ടാൻ ആടുവളർത്തൽ പ്രോത്സാഹിപ്പിക്കണം. ചെറിയ രീതിയിലുള്ള ആടു വളർത്തൽ യൂണിറ്റ് സൗജന്യമായോ സബ്സിഡിയോടു കൂടിയോ സ്ഥാപിക്കണം.

6. അറവുശാല

സൂരനാട് വടക്ക് പഞ്ചായത്തിൽ ഒരു ശാസ്ത്രീയ രിതിയിലുള്ള അറവുശാല സ്ഥാപിക്കുക.

മൃഗാശുപത്രി വികസനം

1. കേടായ റഫ്രിജറേറ്റർ നന്നാക്കണം.
2. മൈക്രോസ്കോപ് വാങ്ങണം.
3. ഒരു ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
4. പുതിയതായി പണിതുകൊണ്ടിരിക്കുന്ന മൃഗാശുപത്രിക്ക് വൈദ്യുതി, വെള്ളം എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം.
5. വാഹനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം

8. രോഗപ്രതിരോധ മേഖല

എല്ലാ കന്നുകാലികൾക്കും പോഗപ്രതിരോധ കുത്തിവയ്പു നടത്താനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.

9. മുട്ടക്കോഴി വളർത്തൽ പദ്ധതി

(1.) മുട്ട ഉൽപാദനം കൂട്ടാൻ 2 മാസം പ്രായമുള്ള കോഴി കുഞ്ഞുങ്ങളെ സൗജന്യമായോ, സബ്സിഡി നിരക്കിലോ കർഷകർക്ക് വിതരണം ചെയ്യുക.

(2.) സ്കൂൾ പൗൾട്രി ക്ലാസുകൾ രൂപീകരിക്കുക.

10. ഇറച്ചിക്കോഴി വളർത്തൽ

(1.) 8 ആഴ്ച വരെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ വളർത്തി വില്ക്കുന്ന ബ്രോയിലർ യൂണിറ്റുകൾ സ്ഥാപിക്കുക.

11. കൂടുതൽ കർഷകരെ പശു വളർത്തിൽ ആകർഷിക്കുന്നതിന് ഒരു വാർഡിൽ ഒരു പാൽ ഉൽപാദന സഹകരണസംഘം വീതം ആരംഭിക്കുക.

12. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു പാൽ അനുബന്ധ വ്യവസായ യൂണിറ്റ് ആരംഭിക്കണം.

13. തീറ്റ പുൽകൃഷി വ്യാപകമാക്കുന്നതിന് സർക്കാർ സഹായം ഉണ്ടാകണം.

14. ക്ഷീരോൽപാദകർക്ക് ആവശ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

15. പേപ്പട്ടി ശല്യം തടയുക. ലൈസൻസ് ഇല്ലാത്തതും അലഞ്ഞുതിരിയുന്നതുമായ മുഴുവൻ നായ്ക്കളെയും പിടിച്ച് കൊല്ലുക.

16. മുയൽ വളർത്തലിന് പ്രോത്സാഹനം നൽകുക.

17. അത്യുൽപാദന ശേഷിയുള്ള സങ്കരയിനം പശുക്കളെ വളർത്തുന്നവർക്ക് സാമ്പത്തിക സഹായം നൽകുക. മിൽമ നടപ്പിലാക്കി വരുന്ന കൃത്രിമ ഭ്രൂണദാന പദ്ധതി ശൂരനാട് വടകക് പഞ്ചായത്തിലും ആരംഭിക്കുക.

## മത്സ്യബന്ധനം

ശൂരനാട് വടക്ക് പഞ്ചായത്തിന്റെ ഹൃദയഭാഗത്തു കൂടി ഏകദാശം 5 കി.മീറ്റർ നീളത്തിൽ പള്ളിക്കലാറ് കടന്നു പോകുന്നു. 7 ഏക്കറോളം വരുന്ന മണലിക്കൽ ചാൽ, 100 ഏക്കറോളം വരുന്ന വയ്യാങ്കര ചിറ, തുടങ്ങിയവയാണ് പഞ്ചായത്തലെ പ്രധാന ജലാശയങ്ങൾ.

25-ൽ അധികം കുടുംബങ്ങൾ ജലാശയങ്ങളിൽ നിന്നുമുള്ള മീൻ പിടിച്ച് ഉപജീവന മാർഗ്ഗം കണ്ടെത്തുന്നു.

സഹകരണാടിസ്ഥാനത്തൽ വയ്യാങ്കര ചിറയിൽ എല്ലാ വർഷവും മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വിളവെടുപ്പ് നടത്തുന്നു. മത്സ്യസഹകരണ സംഘങ്ങൾ നിലവിലില്ല.

മണലിക്കൽ ചാൽ, ആനയടി ചാൽ ഉറകാറ കുളം, ഓണമ്പിള്ളി ഏലായുടെ മേൽച്ചിറ, വെള്ളച്ചിറകുളം, വീരൻകുളം, കിഴകിടചാൽ, പോണാൽചിറ, വലിയ കുളങ്ങര ഏല, ഈറ്റശ്ശേരി ഉള്ളന്നൂർ കുളം, കാവനാട് കുളം എന്നീ ജലാശയങ്ങളിൽ മത്സ്യം വളർത്തുന്നതിനും, ചെമ്മീൻ വളർത്തുന്നതിനും പറ്റിയ മേഖലകളാണ്. സഹകരണ അടിസ്ഥാനത്തിലും വ്യക്തികൾക്കും ഫിഷറീസ് ഡിപ്പാർട്ട്മെന്റ് നടപ്പാക്കി വരിന്ന വിവിധ സ്കീമുകളെക്കുറിച്ചുള്ള ജനങ്ങളുടെ അറിവില്ലായ്മ മാറ്റി എടുത്താൽ മത്സ്യകൃഷി മേഖല സമ്പുഷ്ടമായിത്തീരും. ശുദ്ധജല മത്സ്യകൃഷി, ഒരു ജല ചെമ്മീൻ കൃഷി എന്നിവ വികസിപ്പിച്ചെടുക്കാൻ കഴിയും.

### പ്രധാന പ്രശ്നങ്ങൾ

1, മത്സ്യകൃഷി വികസന സാദ്ധ്യതകളെ കുറിച്ചുള്ള ജനങ്ങളുടെ അവബോധമില്ലായ്മ.

2. മൽസ്യകൃഷി വികസനത്തിനുള്ള ഏജൻസികളുടെ പ്രവർത്തനത്തിലുള്ള നിർജ്ജീവാസ്ഥ.

3. അനുയോജ്യമായ സ്ഥലങ്ങളുണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തൽ ചെമ്മീൻ കൃഷിയും മത്സ്യകൃഷിയും നടത്തുന്നില്ല.

4. ഉൾനാടൻ പ്രദേശങ്ങളിൽ മത്സ്യകൃഷിയും സാദ്ധ്യതകളുണ്ടെങ്കിലും യാതൊരുവിധ പ്രോത്സാഹനവുമില്ല.

5. ഉൾനാടൻ ജലാശയങ്ങളിൽ വർഷക്കാലത്ത് കണ്ട് വരുന്ന മത്സ്യരോഗം തടയാൻ നടപടി ഉണ്ടാവണം.

മണലിക്കൽ ചാൽ മൽസ്യകൃഷിക്ക് അനുയോജ്യമാക്കുന്നതിന്റെ ഭാഗമായി പന്ത്രണ്ടാം മുറിയേയും പുലിക്കുള്ളവു തമ്മിൽ ബന്ധിപ്പിക്കുന്ന ബണ്ട് നിർമ്മിക്കുക.

### സാദ്ധ്യതകൾ

1. ഒരു മത്സ്യകൃഷി, വിപണന സഹകരണസംഘം അടിയന്തിരമായി ഉണ്ടാക്കുക.

2. മുകളിൽ സൂചിപ്പിച്ചിരുന്ന ജലാശയങ്ങളിൽ, ചെമ്മീൻ കൃഷിയും മത്സ്യകൃഷിയും നടപ്പിലാക്കുക.

3. മത്സ്യവിപണനത്തിന് കോൾഡ് സ്റ്റോറേജും പൊതു മാർക്കറ്റുകളും സ്ഥാപിക്കുക.

4. മത്സ്യരോഗങ്ങൾ സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തുക. രോഗം തടയുന്നതിന് നടപടികൾ സ്വീകരിക്കുക.

5. ഉൾനാടൻ മത്സ്യത്തൊഴിലാഴികളുടെ ക്ഷേമത്തിന് പദ്ധതി ഇണ്ടാക്കുക

6. മൽസ്യതൊഴിലാളികളുടെ ക്ഷേമത്തിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കണം.

## വ്യവസായം



ഒരു പ്രദേശത്തിന്റെ വികസനം ആ പ്രദേശത്തെ ആളുകളുടെ ജീവിത നിലവാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. ജീവിത നിലവാരം വരുമാനത്തേയും, വരുമാനം തൊഴിലിനേയും ആശ്രയിച്ചിരിക്കുന്നു. സ്ഥിരമായ വരുമാനം പ്രദാനം ചെയ്യാൻ കഴിയുന്ന തൊഴിൽ മേഖലകളുടെ വികസനമാണ് ഒരു പ്രദേശത്തിന്റെയും ആ പ്രദേശത്തെ ജനങ്ങളുടെയും ഉയർച്ചയുടെയും മാനദണ്ഡം. തുണ്ടു ഭൂമികളിൽ കായിക അദ്ധ്വാനം കൊണ്ട് ഉൽപാദിപ്പിക്കുന്ന പരിമിത വിഭവങ്ങൾ അവന്റെ ജീവിത നിലവാരം ഉയർത്താൻ പര്യാപ്തമല്ല. മാത്രമല്ല പ്രാഥമിക മേഖലയിൽ നിലനിൽക്കുന്ന തൊഴിലാളിമിച്ചം യഥാർത്ഥത്തിൽ തൊഴിലില്ലായ്മയുടെയും രൂക്ഷത പർദ്ധിപ്പിക്കുകയാണ്. വരർദ്ധിച്ചു വരുന്ന ജന സാന്ദ്രതയും, തകർന്നു കൊണ്ടിരിക്കുന്ന കാർഷിക വ്യാവസായിക മേഖലകളും നമ്മളുടെ പഞ്ചായത്തിലെ തൊഴിലി ല്ലായ്മയുടെ രൂക്ഷത വർദ്ധിപ്പിക്കുന്നു. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലം മുന്നിൽ കണ്ടുകൊണ്ടു വേണം നമ്മളുടെ പഞ്ചായത്തിലെ വ്യവസായ സാധ്യതകളെ നാം സമീപിക്കേണ്ടത്. വൻകിട വ്യവസായങ്ങൾക്ക് വമ്പിച്ച മൂലധനവും, സംഘാടനവൈദധ്യവു ആവശ്യമുള്ളതിനാൽ ആ മേഖലയെറ്റി വിശാലമായ ചർച്ച നടത്തേണ്ടതില്ല. 11

വാർഡുകളിലും ചെറുകിട, കുടിൽ വ്യവസായങ്ങൾക്ക് സാധ്യതകൾ ഉള്ളതായും അതിനുള്ള അഭിവാഞ്ച പ്രകടിപ്പിക്കുന്നതായും ഗ്രാമസഭാറിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കാം. മഴമേഘങ്ങളെ നോക്കി കൃഷിയിറക്കുന്ന ഇൻഡ്യൻ കർഷകന്റെ മനോവികാരം പോലെ തൊഴിലില്ലായ്മ രൂക്ഷമാകുമ്പോൾ മാത്രം വ്യവസായത്തെക്കുറിച്ച് ചിന്തിച്ചിട്ട് കാര്യമില്ല. ഭാവിതലമുറകളുടെ നിലനിൽപുകൂടി കണക്കിലെടുത്ത തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൽ ഇപ്പോൾ തന്നെ നാം ആരംഭിക്കേണ്ടയിരിക്കുന്നു.ഇച്ഛാശക്തിയോടെ പ്രവർത്തിക്കുവാൻ കഴിയുന്ന ഒരു ജനസമൂഹ മുണ്ടെങ്കിൽ അതിനുള്ള മാർഗ്ഗം നമ്മളുടെ മുന്നിൽ തന്നെയുണ്ട്.

" Where there is a will there is a Way''

മുകളിൽ സൂചിപ്പിച്ച വസ്തുതകളിൽ നിന്നും നാം മനസ്സിലാക്കിയിരിക്കേണ്ട ഒരു പ്രധാന കാര്യമുണ്ട്. വ്യാവസായിക പുരോഗതിയിലൂടെ മാത്രമേ നമ്മളുടെ ഗ്രാമപ്രദേശത്തിലെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ കഴിയുകയുള്ളു. ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായങ്ങൾ ഗ്രാമീണതലത്തിലെ സൗകര്യങ്ങളും വിഭവങ്ങളും ഉൾക്കൊണ്ട്കൊണ്ട് ഉള്ളതീയിരിക്കുകയും വേണം. ചെറുകിട വിയവസായങ്ങൾ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുകയും സന്നദ്ധസംഘടനകളുടെ സേവനം അഭ്യർത്ഥിക്കുകയും വിദഗ്ധരുടെ മോണിറ്ററിംഗ് സമ്പ്രദായം ആവിഷ്കരിക്കുകയും ചെയ്താൽ നമ്മളുടെ ഓരോ ഗ്രമവും ഓരോ വ്യവസായിക യൂണിറ്റുകളായി പരിണമിക്കും എന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല. ഈ സ്ഥിതിഗതികൾ മുന്നിൽ വച്ചുകൊണ്ട് നമ്മളുടെ പഞ്ചായത്തിലെ നിലവിലുള്ള വ്യവസായിക സംരംഭങ്ങളുടെസ്ഥിതി ചുരുക്കമായി ഒന്നു പരിശോധിക്കാം.

| നമ്പർ | വ്യവസായത്തിന്റെ പേര് | പരമ്പരാഗതം/ (E) ആധുനികം (M ) | കുടിൽ/(C) ചെറുകിട (s) | ആധുനികം വൻകിട/(L) ചെറുകിട (s) | ഉടമസ്ഥത പേര് സ്വകാര്യം(P) പൊതുമേഖല (P.U) |
|---|---|---|---|---|---|
| 1 | ഫർണിച്ചർ | ആധുനികം | ചെറുകിട | -------- | സ്വകാര്യം |
| 2 | കല്ലുടയ്ക്കൽ | ആധുനികം | കുടിൽ | -------- | സ്വകാര്യം |
| 3 | ഇഷ്ടിക നിർമ്മാണം. | ആധുനികം | ചെറുകിട | ആധുനികം | സ്വകാര്യം |
| 4 | കുട്ട നെയ്ത്ത് | പരമ്പരാഗതം | കുടിൽ | ചെറുകിട | സ്വകാര്യം |

ഓരോ വാർഡിന്റെയും ഭൂമിശാസ്ത്രപരമായ സവിശേഷതകളും, ജിവിത ശൈലിയും വ്യത്യസ്ഥത പുലർത്തുന്നതിനാൽ ഈ വാർഡുകളിൽ ആരംഭിക്കണ്ട വ്യവസായ സാധ്യതളും വ്യത്യസ്ഥമായിരിക്കുന്നു. ഈ പഞ്ചായത്തിലെ ഒന്നാം വാർഡ് കേന്ദ്രമാക്കു സഹകരണ മേഖലയിൽ ഒരു കൊപ്ര സംഭരണ കേന്ദ്രം തുടങ്ങുകയും പത്താം വാർഡിൽ ചകിരി സംസ്കരണവും ചകിരി ഉൽപന്നങ്ങളും നിർമ്മിക്കുന്നതിനുള്ള കുടിൽ വ്യവസായം ആരംഭിക്കുകയും ചെയ്യുന്നത് നന്നായിരിക്കും.ഒന്നാം വ്ർഡിൽ സംഭരിക്കുന്ന നാളീകേരത്തിന്റെ തൊണ്ട് പത്താം വാർഡിലെ വ്യവസായ അസംസ്കൃത സാധനമായി ഉപയോഗിക്കാവുന്നതാണ്.

രണ്ടാം വാർഡ് പതിനൊന്നാം വാർഡ് എന്നിവ കേന്ദ്രമാക്കു ഈറ്റവ്യവസായം ആരംഭിച്ചാൽ പരമ്പരാഗത കുടിൽ വ്യവസായം അഭിവൃദ്ധിപ്പെടും. ഇതുവഴി ഈ വാർഡികളിലെ സ്ത്രീ തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ഉറപ്പാക്കാൻ കഴിയും. സഹകരണ അടിസ്ഥാന ത്തിൽ ബാംബു കോർപ്പറേഷനിൽ നിന്നും ഈറ്റ ഇറക്കുമതി ചെയ്ത് ഈ വ്യവസായം പുനഃരുദ്ധരിക്കാൻ പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാകണം.

മൂന്നാം വാർഡിൽ ബീഡി തെറുപ്പ് കുടിൽ വ്യവസായമായി ആരംഭിക്കുകയും, ഒരു റബ്ബർ ടാപ്പിംഗ് സെന്റർ പഞ്ചയത്ത് തലത്തിൽ ആരംഭിക്കണം.

നാലാം വാർഡ്, ഏഴാം വാർഡ് എന്നിവയുടെ വികസനത്തിനായി ഒരു കാലിത്തീറ്റ നിർമ്മാണ ഫാക്ടറിയും, കന്നുകാലി വളർത്തൽ യൂണിറ്റും ആരംഭിക്കുവാൻ ശ്രദ്ധിക്കുക.

എട്ടാം വാർഡിൽ വനിതകളുടെയും പട്ടികജാതി സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും, ആടുവളർത്തൽ,റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നിവയടെ യൂണിറ്റുകൾ തുടങ്ങുക.

ആറാം വാർഡ് കേന്ദമാക്കി കുറ്റിമുല്ല കൃഷി വ്യാപിപ്പിച്ചാൽ വനിതകൾക്കും അനവധി

കുടുംബങ്ങൾക്കും ജീവിത മാർഗ്ഗമാകും. എന്നാൽ ഇങ്ങനെ ഉൽപാദിപ്പിക്ക പ്പെടുന്ന പൂക്കൾ പിവണനം ചെയ്യുന്നതിനുള്ള സംവിധാനം പഞ്ചായത്ത് തലത്തിൽ നടത്തണം.

ഖാദിബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന വീവിംങ്ങ് യണിറ്റ് വിപുലീകരിക്കുകയും പുതിയ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്താൽ ഒമ്പതാം വാർഡിലെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ എളുപ്പമായിരിക്കും. അതിനുള്ള സംവിധാനം പഞ്ചായത്തിന്റെ നേതൃത്ത്വത്തിൽ നടത്തേണ്ട താണ്.കൂടാതെ പരമ്പരാഗത വ്യവസായമായി രുന്ന ചെരുപ്പ് നിർമ്മാണത്തിന് ധനസഹായം നൽകി പുനരുദ്ധരിച്ച് ഒരു ചെറുകിട വ്യവസായമായി വളർത്തികൊണ്ടു വരണം. വ്യവസായ മേഖലയിൽ ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിൽ വളരെയേറെ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. കൃഷിയിൽ അധിഷ്ടിതമായ തനതു വ്യവസായങ്ങൾ ഉണ്ടാകേണ്ടിയി രിക്കുന്നു. ഈ പഞ്ചായത്തിലെ അഭ്യസ്തവിദ്യരുടെ ഇടയിലും തൊഴിലില്ലായ്മ അതിരൂക്ഷമായിരിക്കുന്നു. ഇതിനു അടിയന്തിരമായി പരിഹാരം കാണേണ്ടത് അനിവാര്യമാണ്.

വ്യവസായവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ പ്രധാനപ്രശ്നങ്ങൾ

1. വ്യവസായ സംരംഭകർക്ക് മൂലധനത്തിന്റെ ദൗർലഭ്യം
2. അസംസ്കൃത പദാർത്ഥങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല.
3. വൈദ്യുതിയുടെ അഭാവം
4. വ്യവസായ ഉൽപന്നങ്ങളുടെ വിപണന മേഖലകളുടെ ദൗർലഭ്യം.
5. തൊഴിൽരംഗത്ത് സാങ്കേതിക വൈദഗ്ദധ്യമുള്ള തൊഴിലാളികളുടെ അഭാവം.

പരിഹാര നിർദ്ദേശങ്ങൾ

1. ചെറികിട വ്യവസായം തുടങ്ങുന്നതിന് താൽപര്യമുള്ള ഗൾഫുകാരെ കണ്ടെത്തി ആവശ്യമായ പ്രചോദനം നൽകുകയും വേണ്ട സഹായങ്ങൽ പഞ്ചായത്തു മുഖേന ചെയ്യുക.

ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന ഒരു അസംസ്കൃത വസ്തുവാണ് തഴപ്പായ് നെയ്ത്ത്. ഉപജീവനമായി സ്വീകരിച്ചിട്ടുള്ള വനിതകൾ ധാരാളമുണ്ട്. തഴപ്പായ്നെയ്ത്തിനു വേണ്ടി അവരെ സംഘടിപ്പിച്ച് ഒരു വ്യവസായ സഹകരണസംഘം രൂപീകരിച്ച് ഈ വ്യവസായം ശക്തിപ്പെടുത്തുക.

3. ഈ പഞ്ചായത്തിലെ കാർഷികോൽപന്നങ്ങളിൽ ഒന്നാണ് നാളീകേരം. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു നാളീകേര സംഭരണ സംസ്കരണ വിപണന വ്യവസായ സഹകരണസംഘം രൂപീകരിക്കുക.

4. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കയർ സഹകരണസംഘം രൂപീകരിച്ച് പ്രവർത്തനം തുടങ്ങുക.

5. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു റബ്ബർ സംഭരണ വിതരണ ,സഹകരണ കേന്ദ്രം തുടങ്ങുക.

6. പഞ്ചായത്തിലെ എല്ലാ വാർഡികളിലും വ്യവസായികാടിസ്ഥാനത്തിൽ ആടു വളർത്തൽ, കോഴിവളർത്തൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.,

7. തയ്യൽ പഠിച്ചിട്ടുള്ള വനിതകളെ സംഘടിപ്പിച്ച് വ്യവസായാടിസ്ഥാനത്തിൽ റെഡിമെയ്ഡ് യൂണിറ്റുകൾ സ്ഥാപിക്കുക.

8. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.

9. ഒരു പാൽ സംസ്കരണ യൂണിറ്റ് ആരംഭിക്കുക.

10. ഖാദിബോർഡിന്റെ ആഭിമുഖ്യത്തിൽ 9-ാം വാർഡിൽ നടത്തിവരുന്ന പീവിംഗ് യൂണിറ്റ് വിപുലീകരിക്കുകയും പുതിയ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യേണ്ടതാണ്.

# വിദ്യാഭ്യാസം



സാക്ഷരതയിലും പ്ര വുദ്ധതയിലും മുന്നിട്ടു നിൽക്കുന്ന ജില്ലയാണു കൊല്ലം. കല, സാഹിത്യം, സംസ്കാരം, വിദ്യാഭ്യാസം തിടങ്ങിയ മേഖലകളിലെല്ലാം മഹനീയമായ പാരമ്പര്യം ഈ ജില്ലയ്ക്ക് അവകാശപ്പെടാൻ കഴിയും. കൊല്ലം ജില്ലയിലെ പിന്നോക്ക പ്രദേശങ്ങളി ലൊന്നാണു ശൂരനാട് വടക്ക് പഞ്ചായത്ത്. സാമ്പത്തിക വ്യാവസായിക രംഗങ്ങളിലെന്ന പോലെ വിദ്യാഭ്യാസ ത്തിലും ഈ പിന്നോക്ക നില വ്യക്തമാണ്. സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽപോലും മറ്റു പല പ്രദേശങ്ങളിലുമുണ്ടായ ത്വരിത പുരോഗതി അതേ അളവിലും തിവ്രതയിലും നമുക്കു നേടാനായില്ല.

നാട്ടെഴുത്താശാൻമാരുടെ എഴുത്തുപള്ളിക്കൂടങ്ങൾ പ്രാഥമിക വിദ്യാലയങ്ങളുടെ ധർമ്മം കറെയൊക്കെ നിറവേറ്റിയിരുന്നു. ഭാഷയും, കണക്കുംഅൽപം സംസ്കൃതവും പഠിപ്പിക്കുന്ന അപൂർവ്വം വിദ്യാലയങ്ങളും ഉണ്ടായിരുന്നു. പ്രതിഫലേച്ഛയേക്കാൾ തങ്ങളുടെ വിജ്ഞാനം മറ്റുള്ളവർക്കു പകർന്നു കൊടുക്കണമെന്ന ചിന്തയാണ് ഇത്തരം വിദ്യാലയങ്ങളിലെ ആശാൻമാർക്കു ണ്ടായിരിന്നത്. ഔപചാരികമായ പ്രാഥമിക വിദ്യാലയങ്ങൾ സ്വകാര്യമേഖലയിലാണ് ആദ്യം ആവിർഭവിച്ചത്. പ്രമാണി കുടുംബങ്ങളുടെ ഒരു ആഡംബരചിഹ്നമെന്ന നിലയാണ് ആദ്യം. ഈ വിദ്യാലയങ്ങൾക്കുണ്ടായിരുന്നത്. ശ്രീ. തെന്നല അയ്യപ്പൻപിള്ളയുടെ ഉടമസ്ഥതയിൽ ഏതാണ്ടു 90 വർഷം മുമ്പ് ആരംഭിച്ച തെന്നല പ്രൈമറി സ്കൂളാണ് നമ്മുടെ പഞ്ചായത്തലെ ആദ്യത്തെ അംഗീകൃത വിദ്യാലയം. തുടർന്ന് കുന്നിൽ ശ്രീ. M.K. കൃഷ്ണനുണ്ണിത്താന്റെ ഉടമസ്ഥതയിൽ അഴകിയകാവ് പ്രൈമറി സ്കൂളും രൂപം കൊണ്ടു.

1945-46 കാലത്ത് ദിവാൻ സർ.സി.പി.രാമസ്വാമി അയ്യരുടെ ഒരു ഭരണനടപടിയാണ് പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് തിരുവിതാംകൂറിൽ ദൂരവ്യാപകമായ മാറ്റത്തിനിട നൽകിയത്. രാജ്യത്തെ വിദ്യാഭ്യാസ നിലയേക്കുറിച്ചു നടത്തിയ ഒരു സർവ്വെയുടെ അടിസ്ഥാനത്തിൽ അടിസ്ഥാന വിദ്യാഭ്യസസൗകര്യം ഇല്ലാതിരുന്ന പല തൂലൂക്കുകളെയും നിർബന്ധിത വിദ്യാഭ്യാസ മേഖലകളായി (compelsary Education Area) പ്രഖ്യപിക്കുകയും ആപട്ടികയിൽ വരുന്ന താലൂക്കിലെ ഓരോ കരയിലും ഒരു പ്രൈമറിസ്കൂൾ എന്ന പദ്ധതി നടപ്പിൽ വരിത്തുകയും ചെയ്തു. കുന്നത്തൂർ താലൂക്കും ഈ പട്ടികയിലായിരുന്നു. തെന്നല, അഴകിയകാവ്, എന്നീ ഗ്രാന്റ് സ്കൂളുകൾ നടത്തികൊണ്ടു പോകാൻ മാനേജർമാർ സന്നദ്ധരല്ലാതിരുന്നതിനാൽ ഈ സ്കൂളുകൾ ഗവൺമെന്റ് എറ്റെടുക്കുകയും ആനയടി L.P.S. , നടുവിലെമുറി L.P.S. എന്നിവ സർക്കാർ മേഖലയിൽ പുതിയതായി തുടങ്ങുകയും ചെയ്തു. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ വ്യാപനം നമ്മുടെ പഞ്ചായത്തിൽ സംഭവിച്ചത് ഈ പശ്ചാത്തലത്തിലാണ്.

സെക്കന്ററി വിദ്യാഭ്യസ സൗകര്യം പിന്നെയും നമ്മുടെ നാട്ടിൽ ഉണ്ടായില്ല. സ്വാതന്ത്ര്യാനന്തര കാലഘട്ട ത്തിലാണ് ഇതിനു വേണ്ടിയുള്ള പരിശ്രമം തുടങ്ങിയത്. പ്രൈമറി വിദ്യാഭ്യാസം പൂർത്തിയായവർക്കു തിടർന്നു പഠിക്കാൻ, കടമ്പനാടു മലയാളം ഹൈസ്കൂളിലോ, കരുനാഗപ്പള്ളി ഇംഗ്ലീഷ് ഹൈസ്കൂളിലോ, കറ്റാനം, ചവറ തുടങ്ങിയ ദൂരദിക്കുകളിലോ പോകേണ്ടി വന്നു. ശൂരനാട് ഒരു ഹൈസ്കൂളുണ്ടാകണമെന്ന ആഗ്രഹം വ്യാപകമായി. 1948 ൽ തെന്നല L.P.S. ൽ വച്ചു കൂടിയ നാട്ടുകാരുടെ യോഗം ഇക്കാര്യത്തിൽ തീരുമാനമെടുത്തു. സ്കൂളിന് ആവശ്യമായ 75 സെന്റ് സ്ഥലം ശ്രീ. ചെങ്ങഴിശ്ശേരി വേലുക്കുറുപ്പ് ദാനമായി നൽകി. ആവശ്യമായ പണം പൊതുജനങ്ങളിൽ നിന്നും പിരിച്ചെടുത്തു. നാട്ടുകാരൊന്നടങ്കം ഈ മഹദ് സംരംഭവുമായി സഹകരിച്ചു. കാവുകളിലും പുറമ്പോക്കുകളിലും നിന്നാണ് ആവശ്യമായ മരം ശേഖരിച്ചത്. കൽപണിയും, കായികാധ്വാനവും ഏറിയ കൂറും ശ്രമദാനമായി ലഭിച്ചു. 1949-ൽ അന്നത്തെ അവിഭക്ത പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ പ്രവർത്തനം തുടങ്ങി. 51-ൽ ആദ്യ ബാച്ച് ഇവിടെ പഠനം പൂരർത്തിയാകക്കി. ചുരുങ്ങിയ കാലയളവിൽ പഠനനിലവാരത്തിലുംപാഠ്യേതര പ്രവർത്തനങ്ങളിലും ഒരു പോലെ പുരോഗതിയാർജ്ജിച്ച ഒരു മാതൃകാ വിദ്യാലയമെന്ന പ്രശസ്തി നേടിയെടുക്കാൻ ഈ ഹൈസ്കൂളിനു കഴിഞ്ഞു. ഇതിനു പിന്നിൽ പ്രവർത്തിച്ചിരുന്ന ആദ്യകാല അധ്യാപകൻമാരേയും പ്രത്യേകിച്ചും അവർക്കു നേതൃത്വം നൽകിയ ഹെഡ്മാസ്റ്റർ ശ്രീ. കെ.ജി.പത്മനാഭപിള്ളയേയും കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടിയിരിക്കുന്നു.

അക്കാദമിക് പ്രവർത്തനങ്ങളിൽ സ്തുത്യർഹമായി പ്രവർത്തിച്ചിരുന്നുവെന്നു പറയുമ്പോൾത്തന്നെ സ്കൂളിന്റെ ഭരണസമിതിയിൽ നിന്നും നിയമനങ്ങളിൽ നിന്നും സാധാരണക്കാരെ വിശേഷിച്ചും കമ്മ്യൂണിസ്റ്റ് അനുഭാവികളെന്നു സംശയം തോന്നുന്നവരെ ബോധപൂർവ്വം അകറ്റി നിർത്തിയിരുന്നുവെന്ന കാര്യം എടുത്തു പറയേണ്ടതുണ്ട്. സ്കൂൾ മാനേജ്മെന്റിന്റെ പ്രവർത്തനവും അടിയ്ക്കടി വഷളായിക്കൊണ്ടിരുന്നു. ഈ സാഹചര്യത്തിലാണ്, സ്കൂൾ ഗവൺമെന്റിനു കൈമാറണമെന്ന അഭിപ്രായത്തിനു പിന്തുണയേറിയത്. 1958-ൽ ഹൈസ്കൂളിൽചേർന്ന പൗരയോഗം സ്കൂൾ ഗവൺമെന്റിനു സറണ്ടർ ചെയ്യാനുള്ള തിരുമാനമെടുത്തു. അന്നത്തെ വിദ്യാഭ്യാസമന്ത്രി പ്രൊ.ജോസഫി മുണ്ടശ്ശേരി ഇതു സംബന്ധിച്ച നിവേദനം സ്വീകരിച്ച് ഉടൻ തന്നെ മേൽ നടപടിക്ക് ഉത്തരവിട്ടു. അതനുസരിച്ച് സ്കൂളിന്റെ മാനേജ്മെന്റ് ഉടനടി ഏറ്റെടുക്കാൻ അന്നത്തെ കൊട്ടാരക്കര DEO ശ്രീ. എൻ. വിശ്വംഭരനെ ചുമതലപ്പെടുത്തുകയും ചെയ്തു. അങ്ങനെ ശൂരനാട് ഹൈസ്കൂൾ ഗവൺമെന്റ് ഹൈസ്കൂളായി മാറി.

1960 – നു ശേഷം സ്വകാര്യ മേഖലയിൽ അനുവദിച്ച അഞ്ചു സ്കൂളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവയിൽ മൂന്നെണ്ണം U.P. സ്കൂളുകളും ഒരെണ്ണം L.P സ്കൂളും മറ്റൊന്ന് അൺ എയ്ഡഡ് L.P സ്കൂളുകളുമാണ്. 26354 ആളുകളുള്ള നമ്മുടെ പഞ്ചായത്തിൽ ഈ പത്തു സ്കൂളുകളിലായി 3663 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇവരിൽ 1877 ആൺകുട്ടികളും 1786 പെൺകുട്ടികളുമാണ്. ഈ സ്ഥാപനങ്ങളിൽ ആകെ 130 അധ്യാപകർ സേവനമനുഷ്ഠിക്കുന്നു.

പട്ടിക IA ,IB ഇവ നോക്കുക.

പട്ടിക 1 A

| | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പുരു: | സ്ത്രീ: | ആകെ |
| 1 | ഗവ: L.P.S, തെന്നില | ഗവ: | 140 | 130 | 270 | 2 | 6 | 8 |
| 2 | ഗവ: L.P.S, അഴകിയ കാവ് | ഗവ: | 177 | 137 | 314 | 2 | 7 | 9 |
| 3 | ഗവ: L.P.S, ആനയടി | ഗവ: | 114 | 119 | 233 | 2 | 7 | 9 |
| 4 | ഗവ: L.P.S, നടുവിലേമുറി | ഗവ: | 210 | 223 | 433 | 3 | 8 | 11 |
| 5 | ഗവ: ഹൈസ്കൂൾ, ശൂരനാട് | ഗവ: | 743 | 697 | 1440 | 30 | 20 | 9 |
| 6 | R.K. U.P.S, ആനയടി | എയ്ഡഡ് | 77 | 71 | 148 | 1 | 6 | 7 |
| 7 | T.K.D.M. U.P.S, ആനയടി | എയ്ഡഡ് | 138 | 121 | 259 | 1 | 11 | 12 |
| 8 | സെന്റ്തോമസ് U.P.S, ആനയടി | എയ്ഡഡ് | 94 | 83 | 177 | 2 | 8 | 10 |
| 9 | P.S.P.T.M. L.P.S, ശൂരനാട് | എയ്ഡഡ് | 47 | 49 | 96 | 1 | 3 | 4 |
| 10 | സെന്റ് ആന്റണീസ് L.P.S, ശൂരനാട് | അൺ എയ്ഡഡ് | 137 | 156 | 293 | | 10 | 10 |
| | | | 1877 | 1786 | 3663 | 44 | 86 | 130 |

പട്ടിക 1 B

| | LPS | | UPS | | HS | |
|---|---|---|---|---|---|---|
| ആകെ | SC/ST | % | SC/ST | % | SC/ST | % |
| 748 | 303 | 18.48 | 260 | 21.8 | 185 | 22.23 |

ഇവയ്ക്കു പുറമെ 160 വിദ്യാർത്ഥികൾ പഠനം നടത്തുന്ന രണ്ടു പാരലൽ കോളേജുകളുണ്ട്. നാലു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലായി ഇരുന്നൂറോളം പേർ പരിശീലനം നടത്തുന്നു.

നമ്മുടെ വിദ്യാലയങ്ങളുടെ കണക്കെടുപ്പിൽ പ്രത്യേകം പരാമർശിക്കേണ്ട സ്ഥാപനങ്ങളാണ് അംഗൻവാടികൾ. ശൂരനാട്ടു വടക്കു പഞ്ചായത്തിൽ ആകെ പ്രവർത്തിക്കുന്നത് 17 അംഗൻവാടികളാണ്. 1000 പേർക്ക് ഒന്നെന്ന കണക്കിൽ ലക്ഷ്യത്തിലെത്തുന്നതിന് 10 അംഗനവാടികൾ കൂടി വേണ്ടിയിരിക്കുന്നു. പ്രീ–പ്രൈമറി ഘട്ടത്തിൽ പ്രവർത്തിക്കുന്ന ഏതാനും നിലത്തെഴുത്ത് പള്ളിക്കൂടങ്ങളും ഈ പഞ്ചായത്തിലുണ്ട്.

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണം മാത്രമാണു മുകളിൽ കൊടുത്തത്. ഒൻപതു പ്രൈമറി സ്കൂളുകൾ നിലവിലുണ്ടെങ്കിലും അവയിൽ പലതും തൃപ്തികരമായി പ്രവർത്തിക്കുന്നില്ല. പ്രത്യേകിച്ചും സ്വകാര്യ സ്കൂളുകളിലെപഠനനിലവാരം ശോചനീയമാണ്. അതിനു നിരവധി കാരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും.

ജനങ്ങളുടെ പൊതുവായ പിന്നോക്കാവസ്ഥ ഒരു കാരണമാണ്. ഒരു ചെറിയ പങ്ക് വിദ്യാർത്ഥികൾ ഓരോ വർഷവും പ്രൈമറി ക്ലാസുകളിൽ വച്ചു പഠനം നിർത്താൻ നിർബന്ധിതരാകുന്നു. ഇപ്രകാരം കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളെ സംബന്ധിച്ച് ഒരു കണക്ക് പട്ടിക 1.C..യിൽ കാണാം

പട്ടിക 1 c

| SC / ST | | | മറ്റുള്ളവർ | | | ആകെ |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 3 | 4 | 8 | 6 | 14 | 18 |

ശൂരനാടു ഹൈസ്കൂൾ നിരവധി പരാധീനതകളുമായിട്ടാണു പ്രവർത്തിക്കുന്നത്. ഇവിടെ കഴിഞ്ഞ വർഷം ഒരു കമ്പ്യൂട്ടർകോഴ്സ് ആരംഭിച്ചിട്ടുള്ളത് സന്തോഷപ്രദമാണ്. ഇതിനുവേണ്ടി 50000 രൂപ നാട്ടുകാരിൽ നിന്നും പഞ്ചായത്തു സമിതിയും, PTA യും ചേർന്ന് സംഭരിച്ച് നൽകി. കെട്ടിടങ്ങളുടെ കുറവ്, കുടിവെള്ളംകൃത്യമായി ലഭിക്കാത്തത്, ആവശ്യമായ ചുറ്റുമതിൽ ഇല്ലാത്തത്, പഠനോപകരണങ്ങളുടെ അഭാവം തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ ഊതിന്റെ പുരോഗതിക്കു പ്രതിബന്ധമായി നിൽക്കുന്നു. സ്കൂൾ ലാബറട്ടറിയും ലൈബ്രറിയും പ്രവർത്തന രഹിതമായി നിൽക്കുന്നു. എല്ലാത്തിനും പുറമെ പല ക്ലാസുകളിലും വേണ്ടത്ര അധ്യാപകരില്ലാത്ത സ്ഥിതിയുമുണ്ട്. അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താതിരിക്കുന്നതിനാൽ രണ്ടാംപാദം അവസാനിക്കുന്ന ഘട്ടത്തിൽ പോലും U.P. വിഭാഗത്തിൽ പല വിഷയങ്ങളും പഠിപ്പിക്കാൻ ആരംഭിച്ചിട്ടുപോലു മില്ലയെന്ന സ്ഥിതി അത്യന്തം ആശങ്കാജനകമായി തുടരുകയാണ്. ഈ കാരണങ്ങളാൽ വിദ്യാർത്ഥികളുടെ പഠന നിലവാരത്തിൽ അടിക്കടി . ഇടിച്ചിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. പരീക്ഷയിൽ ജയിക്കുന്നവർക്കുതന്നെ അംഗീകൃത കോളേജുകളിൽ പ്രവേശനം നേടാൻ സാധിക്കുന്നില്ല. കൂടുതലാളുകളും പാരലൽ സ്ഥാപനങ്ങളെ ആശ്രയിക്കുന്നു. 1996–97 – ലെ ഒന്നാംപാദ പരീക്ഷയിൽ പഞ്ചായത്തിലെ 3 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കു ലഭിച്ച മാർക്കിന്റെ ശതമാനം താഴെ കാണുന്ന പട്ടികയിൽ നിന്നു ലഭിക്കും.

പട്ടിക 1D

| ക്ലാസ് | ആകെ വിദ്യാർത്ഥികൾ | 30% ന് താഴെ | 30%–40% | 40%–50% | 50%–60% | 60% ന് മുകളിൽ |
|---|---|---|---|---|---|---|
| 3 | 323 | 94 | 84 | 67 | 41 | 37 |
| 4 | 341 | 86 | 95 | 52 | 45 | 63 |
| 5 | 412 | 98 | 75 | 73 | 65 | 101 |
| 6 | 429 | 149 | 85 | 73 | 57 | 65 |
| 7 | 418 | 161 | 96 | 61 | 49 | 51 |
| 8 | 274 | 147 | 45 | 24 | 28 | 30 |
| 9 | 321 | 207 | 44 | 29 | 19 | 22 |
| 10 | 237 | 129 | 32 | 29 | 26 | 21 |

**പൊതുനിലവാരം**

പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകർ ശേഖരിച്ച വിവരങ്ങളിൽ നിന്നും ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന അഭിപ്രായങ്ങളിൽ നിന്നും പ്രകടമാകുന്നത് നമ്മുടെ പ്രാഥമിക വിദ്യാലയങ്ങളുടെ പരിതാപകരമായ നിലവാരത്തകർച്ചയാണ്. പല സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങൾപോലും ലഭ്യമല്ല. ഇതു വിദ്യാഭ്യാസ മേഖലയുടെ ശാപമായി നിലനിൽക്കുകയാണ്. കെട്ടിടങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തതയില്ലാത്ത സ്കൂളുകളാണധികവും. ബെഞ്ച്, ഡസ്ക്, മേശ, മുതലായ ആവശ്യത്തിന് ഇല്ല. ഉള്ളവ ഉപയോഗയോഗ്യമല്ല. എല്ലാ സ്കൂളുകളിലെയും അവസ്ഥ ഇതുതന്നെ. നടുവിലെമുറി ഗവ L.P.S വികസിപ്പിക്കാൻസ്ഥലദൗർലഭ്യമാണു തടസ്സമായി നിൽക്കുന്നത്. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സ്കൂളുകളിൽ പലതിലും ഇല്ല. R.K.U.P.S. ആനയടി, P.S.P.T.M. സ്കൂൾ എന്നിവിടങ്ങളിൽ സ്കൂളുകൾ ഇല്ലാതാക്കാൻ മാനേജ്മെന്റ് തന്നെ അഗ്രഹിക്കുന്ന ദുഃസ്ഥിതിയാണുള്ളത്. സ്കൂളുകളുടെ ഭൗതികസാഹചര്യം വ്യക്തമാക്കുന്ന ഒരു പട്ടിക താഴെ കൊടുക്കുന്നു

പട്ടിക II

| | സ്കൂൾ | ആകെ അധ്യാപകർ | ആകെ വിദ്യാർത്ഥികൾ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | ഗവ. L.P.S [illegible] | 8 | 270 | 1 | 2 | ഉണ്ട് | ഉണ്ട് |
| 2 | ഗ. L.P.S അഴകിയകാവ് | 9 | 314 | 1 | ഇല്ല | ഇല്ല | ഇല്ല |
| 3 | ഗവ. L.P.S ആനയടി | 9 | 233 | 2 | ഇല്ല | | |
| 4 | ഗവ. L.P.S നടുവിലെമുറി | 11 | 435 | 1 | 1 | ഉണ്ട് | ഉണ്ട് |
| 5 | ഗവ. ഹൈസ്കൂൾ ശൂരനാട് | 50 | 1440 | 3 | 2 | ഉണ്ട് | ഉണ്ട് |
| 6 | R.K.U.P.S ആനയടി | 7 | 148 | 1 | ഇല്ല | ഇല്ല | ഇല്ല |
| 7 | T.K.D.M.U.P.S ആനയടി | 12 | 259 | 2 | 1 | ഉണ്ട് | ഉണ്ട് |
| 8 | St. തോമസ് U.P.S ശൂരനാട് | 10 | 177 | 2 | 1 | ഉണ്ട് | ഇല്ല |
| 9 | P.S.P.T.M.L.P.S ശൂരനാട് | 4 | 96 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 10 | St. [illegible] L.P.S | 10 | 293 | 2 | 1 | ഉണ്ട് | ഉണ്ട്. |

ഇത്തരം ചുറ്റുപാടുകളിൽ പഠനം നടത്താൻ നിർബന്ധിതരായിത്തീരുന്ന വിദ്യാർത്ഥികൾ സ്വാഭാവികമായും പിൻതള്ളപ്പെടുന്നു. നമ്മുടെ വിദ്യാലയങ്ങളിലൊന്നും പഠനോപകരണങ്ങളില്ലെന്നതാണു വസ്തുത. ഉണ്ടെങ്കിൽ അവ ഉപയോഗപ്പെടുത്തുന്നതുമില്ല. U.P.ക്ലാസുകളിൽ ലാബറട്ടറി പേരിനു വേണ്ടിപ്പോലും ഇല്ലാത്തവയാണു മിക്ക സ്കൂളുകളും. ലൈബ്രറിയെക്കുറിച്ച് കേട്ടുകേഴ്വി പോലുമില്ലാതെ വിദ്യാർത്ഥികൾ പഠനം കഴിഞ്ഞിറങ്ങുന്ന സ്ഥിതിയാണുള്ളത്

പട്ടിക 3, 4

| ആകെ അധ്യാപകർ - പഞ്ചായത്തിൽ | ഗവ. അധ്യാപകരുടെ എണ്ണം | ശതമാനം | ആകെ വിദ്യാർത്ഥികൾ പഞ്ചായത്തിൽ | ഗവ: സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ (എണ്ണം) | ശതമാനം |
|---|---|---|---|---|---|
| 130 | 87 | 66.9 | 3663 | 2690 | 73.4 |

| ലൈബ്രറി | പ്രവർത്തിക്കുന്നവ | ലാബ് | പ്രവർത്തിക്കുന്നവ | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കോർഡർ | ടെലിവിഷൻ | [illegible] | [illegible] | [illegible] | [illegible] | P.T.A യോഗം ചേരുന്നത് |
|---|---|---|---|---|---|---|---|---|---|---|---|---|
| 9 | 8 | 1 | 1 | ഇല്ല | 3 | 4 | ഇല്ല | ഇല്ല | 1 | 9 | സജീവം | സജീവം |

വിദ്യാർത്ഥികളുടെ പഠനനിലവാരത്തോടൊപ്പം പൊതുവിജ്ഞാനത്തിന്റെയും സാമൂഹ്യബോധത്തിന്റെയും നിലവാരം ഉയർത്താൻ വേണ്ട മുന്നുപാധിയാണു സ്കൂൾഗ്രന്ഥശാലകൾ. ഇവ പ്രയോജനപ്പെടുത്താൻ ഒരു തീവ്രയത്നംതന്നെ നടത്തേണ്ടതുണ്ട്. പ്രത്യേകിച്ചും വായനയുടെയും അതിന്റെ അനിവാര്യഫലമായ ചിന്തയുടെയും വേരുകൾ ജനങ്ങളുടെ മനസ്സിൽ നിന്നു പറിച്ചു മാറ്റാൻ ബോധപൂർവ്വം ശ്രമം നടത്തുന്ന ദൃശ്യമാധ്യമങ്ങളുടെ കടന്നാക്രമണത്തെ പ്രതിരോധിക്കാൻ ഇതല്ലാതെ മാർഗ്ഗമില്ല. ജനകീയാസൂത്രണ ചർച്ചയിൽ നമ്മുടെ പഞ്ചായത്തിലെ 11 വാർഡുകളിലും നിന്ന് ഒന്നു പോലെ ഉയർന്നു വന്ന നിർദ്ദേശമാണ് നമ്മുടെ എല്ലാ വാർഡുകളിലും ഗ്രന്ഥശാലകൾ പ്രവർത്തനം തുടങ്ങണമെന്നത്. നമ്മുടെ പഞ്ചായത്തിൽ ഗ്രാന്റ് വാങ്ങുന്നതും അല്ലാത്തതുമായ 5 ഗ്രന്ഥശാലകളുണ്ടെന്നാണു കണക്ക്. ഇവയിൽ ഒന്നു പോലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്നതാണു സത്യം. ഇവ പ്രവർത്തനക്ഷമമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. വായനശാലകളില്ലാത്ത സ്ഥലങ്ങളിൽ അത് ഉടനടി ഉണ്ടാകണം. പഞ്ചായത്തിലെ എല്ലാ ഗ്രന്ഥാലയങ്ങളും പഞ്ചായത്ത് കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സെൻട്രൽ ലൈബ്രറിയുമായി ബന്ധപ്പെടുത്തി എങ്ങനെ വായനവ്യാപിപ്പിക്കാൻ സാധിക്കും എന്നാലോചിക്കണം.

ഈ റിപ്പോർട്ടിന്റെ ആദ്യം പരാമർശിക്കേണ്ടിയിരുന്ന സുപ്രധാനമായ ഒരു വസ്തുത കൂടി ഇവിടെ സൂചിപ്പിക്കേണ്ടിയിരിക്കുന്നു. നമ്മുടെ നാട്ടുകാരുടെ ബോധനിലവാരത്തിൽ വമ്പിച്ച മാറ്റം സൃഷ്ടിച്ച ദേശീയ ബോധത്തിന്റെയും സോഷ്യലിസ്റ്റ് ആശയങ്ങളുടെയും സ്വാധീനം വിദ്യാഭ്യാസത്തിന്റെ ചരിത്രം പറയുമ്പോൾ കാണാതിരുന്നുകൂടാ, നവോത്ഥാന പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രചാരത്തെത്തുടർന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നു വന്ന കലാസമിതികളും, നാടക സംഘങ്ങളും മറ്റും ഇക്കാര്യത്തിൽ വളരെ വലിയ പങ്കു വഹിച്ചിട്ടുണ്ട്. പത്രപ്രചരണവും ഗ്രന്ഥസാലാ പ്രവർത്തനവും പുരോഗമന പ്രസ്ഥാനങ്ങളുടെ അവിഭാജ്യഭാഗങ്ങളായിരുന്നു. അവിഭക്ത പഞ്ചായത്തിൽ ശ്രീ.മുടിയിൽത്തറ വി.ഭാസ്ക്കർ സ്ഥാപിച്ച ശൂരനാട്ടു പബ്ലിക് ലൈബ്രറി നമ്മുടെ നാട്ടുകാരുടെ ബോധനിലവാരത്തിൽ മാറ്റം സൃഷ്ടിക്കുന്നതിൽ അപ്രധാനമല്ലാത്ത ഒരു പങ്ക് വഹിച്ചിട്ടുണ്ട്. ഈ മുൻകാല അനുഭവങ്ങൾ നമ്മുടെ ഗ്രന്ഥശാല പ്രവർത്തനത്തിന് ഊർജ്ജം പകരേണ്ടതാണ്. പഞ്ചായത്ത് കേന്ദ്രത്തിലെ പബ്ലിക്ക് ലൈബ്രറി പ്രവർത്തനനിരതമാക്കുകയും റീഡിംഗ് റൂം പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ അവസരം സൃഷ്ടിക്കുകയും വേണം. വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാൻ പാകത്തിൽ ഒരു റഫറൻസ് വിഭാഗം ഇവിടെ തയ്യാർ ചെയ്യുന്നതു നന്നായിരിക്കും.

കഴിഞ്ഞ വർഷം വിദ്യാർത്ഥി സമരങ്ങൾ കാരണം ആധ്യയന ദിവസങ്ങൾ അധികം നഷ്ടപ്പെട്ടിരുന്നില്ലെന്നും കണക്കുൾ സൂചിപ്പിക്കുന്നു. ഹൈസ്കൂളിൽ സംഘടനാടിസ്ഥാനത്തിൽ തന്നെയാണ് തെരഞ്ഞെടുപ്പു നടത്തുന്നത്. ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം അനഭിലഷണീയമായ പല പ്രവണതകളും വിദ്യാർത്ഥികളുടെ സ്വഭാവത്തിൽ സൃഷ്ടിച്ചിട്ടുണ്ട്. യുറീക്ക, ശാസ്ത്രകേരളം തുടങ്ങിയ വിജ്ഞാന മാസികകൾക്കു പ്രചാരം കുറവാണ്. ആകർഷണീയ മല്ലാത്ത ബോധന സമ്പ്രദായവും അശാസ്ത്രീയമായ മൂല്യനിർണ്ണയ സമ്പ്രദായവുമാണ് ഇന്നും നില നിൽക്കുന്നത്. ഇതിന് മാറ്റം വരുത്തുന്നതിന് വേണ്ടി വിജ്ഞാനോത്സവങ്ങൾ എല്ലാവർഷവും നടത്താറുണ്ടെങ്കിലും ഇത് സ്കൂൾ

വിദ്യാഭ്യസത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ ഇനിയും മാറിയിട്ടില്ല.

ഈ അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്തു വരുന്ന അഞ്ചു വർഷത്തേക്കുള്ള പ്രവർത്തനം അസൂത്രിതമായി നടപ്പാക്കിയാൽ വിദ്യാഭ്യസത്തിൽ നമ്മുടെ പഞ്ചായത്തിന് അഭിമാനാവഹമായ നേട്ടം ഉളവാക്കാൻ സാധിക്കുമെന്നതിൽ തർക്കമില്ല. അതിനുള്ള സ്ധ്യതകൾ ഗ്രാമസഭാ റിപ്പോർട്ടുകളുടെയും വസ്തുതന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇങ്ങനെ ക്രോഡികരിക്കാം.

**സാധ്യതകൾ**

1. ആധുനിക വിദ്യാഭ്യാസപരിപ്രക്ഷ്യത്തിനനുസരിച്ച് അങ്കൻവാടികളുടെ പ്രവർത്തനം ശക്തിപ്പെടുത്താവുന്നതാണ്. അദ്യാപനത്തേക്കാൾ വിനോദത്തിനും പരിചരണത്തിനും ഊന്നൽ നൽകണം. കളിപ്പാട്ടങ്ങളും ഉപകരണങ്ങളും ധാരാളം ഉപയോഗിക്കാം. അംഗൻവാടികളുടെ വിജയം മാതൃസംഗമത്തിന്റെ ഫലപ്രദമായ നടത്തിപ്പിനെ ആശ്രയിച്ചാണിരിക്കുന്നത്. നമ്മുടെ പ്രീ-പ്രൈമറി വിദ്യാഭ്യാസം പൂർണ്ണമായും അംഗൻവാടികളിൽത്തന്നെ നടക്കണം. പഞ്ചായത്തിൽ അർഹമായ സ്ഥലങ്ങളിലായി പത്തു അംഗൻവാടികൾ കൂടി ആരംഭിക്കണം. ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ് സ്കൂളുകളിലേക്കുള്ള പിഞ്ചുകുഞ്ഞുങ്ങളുടെ പ്രവാഹം ഇങ്ങനെ തടയാൻ കഴിയണം.
2. 7,11,4 എന്നീ വാർഡുകളുടെ പ്രസക്തമായ ഭാഗങ്ങളുടെ കേന്ദ്രഭാഗത്ത് ഒരു ഗവ. L.P.Sആരംഭിക്കണം.
3. തെന്നല L.P.S,U.P. സ്കൂളായി ഉയർത്തണം.
4. ശൂരനാടു ഹേസ്കൂൾ വോക്കേഷണൽ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തുകയും പാരാമെഡിക്കൽ ഡയറി ഡെവലപ്മെന്റ് തുടങ്ങിയ പ്രയോജനപ്രദമായ കോഴ്സുകൾ അനുവദിക്കുകയും ചെയ്യുക.
5. എല്ലാ സ്കൂളികലിലും മാതൃസംഗമം ഒരു ആവശ്യപ്രവർത്തനമാക്കി മാറ്റണം. മാസത്തിലൊരിക്കൽ എന്ന കണക്കിൽ നിർബന്ധമായും ഇതു നടക്കണം.
6. PTAഇല്ലാത്ത സുകൂളുകളിൽ ഫലപ്രദമായി പ്രവർത്തിപ്പിക്കണം. സ്കൂളിന്റെ പുരോഗതിയിൽ ക്രീയാത്മകമായി സഹായിക്കാൻ PTAയ്ക്കു സാധിക്കണം.
7. പഞ്ചായത്തിലുള്ള സ്കുളുകളുടെ മൊത്തം പ്രവർത്തനത്തെ കൂട്ടിയോജിപ്പിക്കുന്ന തരത്തിൽ ഒരു സ്കൂൾ കോപ്ലക്സ് ഉടനടി നിലവിൽ വരണം. പ്ഠ്യപ്രവർത്തനങ്ങളിൽ അധ്യാപകരെ സഹായിക്കാനും നവീകരിക്കാനും ഇതുവഴി സാധിക്കും. ശൂരനാട്ടു ഹൈസ്കൂൾ ഇതിൻരെ കേന്ദ്രമായിരിക്കണം.
8. എല്ലാ സ്കൂളുകളുടെയും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക. അംഗൻവാടികൾക്കും സ്കൂളുകൾക്കും ആവശ്യമായ ചുറ്റുമതിൽ നിർമ്മിക്കുക. കക്കൂസ്, മൂത്രപ്പുര, കുടിവെള്ള, വൈദ്യുതി എന്നീ അടിസ്ഥാനാവശ്യങ്ങൾ ലഭ്യമാക്കുക.
9. അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുക. നിയമനങ്ങൾ ജൂൺ മാസത്തിനു മുമ്പു തന്നെ നടത്തുക.

ഈ നിർദ്ദേശങ്ങളും സാധ്യതകളും പൂർണ്ണമായി കണക്കിലെടുത്ത് അസൂത്രിതമായി നടപ്പാക്കിയാൽ വിദ്യാഭായസത്തിന്റെ പ്രതിസന്ധികൾ മുറിച്ചു കടക്കാനും ബഹുദൂരം മുന്നേറാനും നമുക്കു സാധിക്കുമെന്നാണ് അഭിപ്രായം.

*****

# ഗതാഗതം
# ഊർജ്ജം മാർക്കറ്റ്



ജനശക്തിയാണ് ഒരു നാടിന്റെ ഭാവി നിർണ്ണയിക്കുന്നതു.

ജനപങ്കാളിത്വത്തോടു നിർമ്മിക്കപ്പെട്ടവയാണ് നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം റോഡുകളും. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം റോഡുകളും ചെമ്മൺ പാതകളാണ്. പഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡുകളിൽ ഒന്നായ ശാസ്താംകോട്ട-ചാരുംമൂട് റോഡിലെ ചക്കുവള്ളി മുതൽ വയ്യാങ്കര വരെയുള്ള ഭാഗമാണ് ആദ്യമായി പഞ്ചായത്തിൽ ടാർ ചെയ്ത റോഡ്.

വർദ്ധിച്ചു വരുന്ന ജനസാന്ദ്രതയും വികസനമെന്നാൽ റോഡ് നിർമ്മാണമെന്ന പൊതുധാരണയും റോഡ് നിർമ്മാണത്തിന് വേണ്ടി പൊതു ഫണ്ട് കാര്യമായ നിലയിൽ ചിലവഴിക്കുന്ന പ്രവണതയും മൂലം നമ്മുടെ റോഡുകളുടെ വ്യാപ്തി വർദ്ധിച്ചു.

3. അമ്പനാട് മുതൽ കനകക്കുന്നു വരെ

4. പറങ്കിമാം വിള കൈതാകുളം റോഡ്

5. തെങ്ങുവിള പറങ്കിമാംവിള റോഡ്

6. പതാരത്ത് കിഴക്ക് മുതൽ ചാത്താംവിള

7. ചേനല്ലൂരികിഴക്ക് മുതൽ ചാത്താംവിള

8. പള്ളിമുതൽ വല്യത്ത് ജംഗ്ഷൻ

9. തെക്കേവിള മുതൽ കിഴക്കേ അറ്റത്തിൽ വരെ

10, പള്ളിമുക്ക് മുതൽ കനകകുന്നു വഴി മണ്ണുവിള

11. ശാസ്താം വിള മുതൽ വയലിറക്കം വരെ

12. അംഗനവാടി മുതൽ തോടു വരെ

വാർഡ് 7

1. ആശുപത്രി ജംഗ് മുതൽ നെടിയപാടം വയൽ വരെ

2. പുയക്കോടു ജംഗ്ഷൻ മുതൽ കോളനിയിലൂടെയുള്ള റോഡ് വയൽ വരെ

3. ഇടപ്പള്ളി ജംഗ്. മുതൽ തെക്കോട്ടു വയൽ വരെ

4. പള്ളി ജംഗ്. മുതൽ വടക്കോട്ടു വയൽ വരെ

5. പാലത്തടത്തിൽ ജംഗ്. മുതൽ മൂലപ്പാടു വരെ

6. ഒ.ട. ജംഗ്. മുതൽ മൂലപ്പാടു വരെ

7. ആശുപത്രി മുക്ക് മുതൽ തെക്കോട്ടു നെടിയപാടം വയൽ വരെയുള്ള റോഡ്

8. പുതിയകാവ് ക്ഷേത്രത്തിന് തെക്കു വശം കൂടി നെടിയപാടം വയൽവരെയുള്ള റോഡ്

9. പുല്ലുവിള തെക്കതിൽ മുതൽ കിഴക്കോട്ടുള്ള റോഡ്

വാർഡ് 8

1. A.K.G നഗർ റോഡ്

2. ചേന്ത്രകുഴി മുതൽ ലക്ഷം വീടുവരെയുള്ള റോഡ്

3. പോലീസ് സ്റ്റേഷൻ വടക്ക് മുതൽ പ്ലാമൂട് വരെയുള്ള റോഡ്

4. പരിപ്പാടി മുതൽ P.S.P.T.M.L.P.S റോഡ്

5. പരപ്പാടി മുതൽ 13 തുണ്ടു വരെയുള്ള റോഡ്

6. പോലീസ് ക്വാർട്ടേഴ്സ് തെങ്ങിൻതറ റോഡ്

7. തുണ്ടുവിള മുതൽ നെടിയപാടം വരെയുള്ള റോഡ്

8. ഞാറക്കൽ മുതൽ നെടിയപാടം വരെയുള്ള റോഡ്

9. ഞാറക്കൽ മുതൽ 7-ാം വാർഡു വരെയുള്ള റോഡ്

വാർഡ് 9

1. പാണ്ടിയാലക്കൽ കള്ളിക്കാട് റോഡ്

2. പ്ലാമൂട് ജംഗ്ഷൻ മുതൽ ആശുപത്രിജംഗ്ഷൻ

3. കോടൻവിള മുക്ക് മുതൽ കാട്ടൂർ കുഴി വരെയുള്ള റോഡ്

4. ശ്രീനാരായണപുരം മുതൽ പടിഞ്ഞാറോട്ടുള്ള കോളനി റോഡ്

5. പട്ടാറവിള ജംഗ്ഷനിൽ നിന്നും മാനന്ദവിള ജംഗ്. വരെ

6. ഉദയഭവൻ മുതൽ ചെമ്പകശ്ശേരി മുക്ക് വരെ

7. കുരിശ്ശടി മുതൽ ഒറാറകുളം വരെയുള്ള റോഡ്

8. പുളിവിള മുക്ക് മുതൽ തട്ടാരേത്തു മുക്ക് റോഡ്

9. വയനകത്ത് ജംഗ് മുതൽ കൊമ്മളത്തു തറകിഴക്കുവശം

10. പട്ടതറകിഴക്ക് വശം മുതൽ നെടിയപാടം വരെ

11. കൊച്ചുവിള മുക്ക് മുതൽ ചിറവങ്കൽ വരെയുള്ള റോഡ്

വാർഡ് 10

1. കല്യാംകുറ്റി മുതൽ വല്യത്തു ജംഗ്. വഴിയുള്ള കൊണ്ടിയിൽ മുക്ക് റോഡ്

2. ആലും മൂട് മുതൽ മങ്ങാട് ക്ഷേത്രം വരെയുള്ള റോഡ്

3. മാപ്പിളേത്തുമുക്ക് മുതൽ അഴികിയകാവ്

4. മണ്ണെടുപ്പാം കുഴി മുതൽ കടമ്പാട്ടു ക്ഷേത്രം വരെ

5. K.R.P ജംഗ് മുതൽ മണ്ണവേലി കോളനി വരെ

6. പ്രീയദർശിനി ജംഗ് മുതൽ വലിയകുളങ്ങര വരെ

7. മംഗലശ്ശേരി മുക്ക് മുതൽ കാവനാട്ടുകുളം വഴി കവറാട്ടു കിഴക്കു വശം വരെ

8. മണ്ണുവിള ജംഗ്. മുതൽ നെടിയപാടം വരെ

9. K.R.P ജംഗ്. മുതൽ തെക്കോട്ട് നെടിയപാടം വരെ

10. കുറ്റിവിള മുതൽ നെടിയപാടം വരെ

11. ആലുംമൂട് മുതൽ നെടിയപാടം വരെ

12. കളീക്കത്തറ മുതൽ കോട്ടകുളം വരെ

13. മോഹനവിലാസം മുതൽ മഠത്തിൽ ക്ഷേത്രം

14. കാഞ്ഞാവിള മുതൽ നെടിയപാടം വരെ

15. വൃന്ദാവനം മുക്ക് മുതൽ നെടിയപാടം വരെ

16. മാപ്പിളേത്തു മുക്ക് ഓറാറച്ചിറ വരെ

17. കുഴിവിള മുക്ക് നെടിയപാടം റോഡ്

വാർഡ് 11

1. കൊണ്ടിമുക്ക് മുതൽ കല്യാംകുറ്റിവരെയുള്ള റോഡ്

2. പായിക്കാലിൽ മുക്ക് മുതൽ അഴകിയകാവ് ക്ഷേത്രം വരെയുള്ള റോഡ്

3. വല്യത്തു ജംഗ് മുതൽ മങ്ങാട്ടുക്ഷേത്രം വഴി ആലുംമുടു ജംഗ്ഷനിലേക്കുള്ള റോഡ്

4. പായിക്കാലിൽ ജംഗ് മുതൽ കിഴകിട എലാറോഡ്

5. വല്യത്ത് ജംഗ് മുതൽ പുതിയെടുത്തു കലുങ്കു വരെ

6. കൈതകുളം മുതൽ മങ്ങാട്ടു ക്ഷേത്രത്തിന്റെ പടിഞ്ഞാറു

വശം വരെയുള്ള റോഡ്

7. കാവനാട്ടു കുളം മുതൽ മംഗലശ്ശേരി ജംഗ്. വരെ

8. മങ്ങാട്ടു ക്ഷേത്രം മുതൽ നരിക്കാട് വരെ

9. പനവിള ജംഗ്. മുതൽ പടിഞ്ഞാറോട്ടുള്ള റോഡ്

10. മണ്ണാവേലി കോളനി മുതൽ കല്ലുവെട്ടാംകുഴി കോളനി റോഡ്

11. മണ്ണാവേലി കോളനി മുതൽ മാടൻ നടവരെ

**പാലം**

1. അപകടനിലയിലായ ആനയടിപ്പാലം പുതുക്കിപ്പണിയണമെന്ന നിർദ്ദേശം എല്ലാ വാർഡുകളിൽ നിന്നും ഉയർന്നുവന്നു.

2. കുരീക്കുഴിയിൽ പാലം നിർമ്മിക്കണമെന്ന നിർദ്ദേശം 1, 4, വാർഡുകളിൽ വന്നു

3. കാഞ്ഞിരം കടവിലും രണ്ട് കണ്ണിക്കലും ഓരോ നടപ്പാലം പണിയണമെന്ന നിർദ്ദേശം 5-ാം വാർഡിലെ ഗ്രാമസഭയിൽ നിർദ്ദേശിക്കപ്പെട്ടു

## ഊർജ്ജം

ശൂരനാട് വടക്ക് പഞ്ചായത്തിൽ മനുഷ്യപുരോഗതിയുടെ അടിസ്ഥാനശക്തിയായ വൈദ്യുതി എത്തിയിട്ട് ഉദ്ദേശം 30 വർഷത്തിലേറെക്കാലമായി. എന്നാൽ ഈ പഞ്ചായത്തിലെ ഒരു വാർഡിലെയും മുഴുവൻ പ്രദേശത്തും ഇന്നും വൈദ്യുതി എത്തിയിട്ടില്ല. 2250 ഗുണഭോക്താക്കളുള്ള നമ്മുടെ പഞ്ചായത്തിൽ അധികൃതരുടെ കണക്കനുസരിച്ച് 14 ട്രാൻസ്ഫോമറുകളാണ് നമ്മുടെ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ളത്.

ഗുണഭോക്താക്കളിൽ ഭൂരിപക്ഷവും വോൾട്ടേജ് കുറവിനേക്കുറിച്ച് പരാതിയുള്ളവരാണ്. തന്മൂലം മുഴുവൻ ഗ്രാമസഭകളിൽ നിന്നും വോൾട്ടേജ് ക്ഷാമത്തെപ്പറ്റിയുള്ള പരാതി ഉയർന്നു വന്നിട്ടുണ്ട്.

ശൂരനാട് വടക്കു പഞ്ചായത്തു പ്രദേശത്തുള്ള L.T ട്രാൻസ്ഫോമറുകൾ

1. ശൂരനാട് വടക്ക് / തെക്കേമുറി
2. കണ്ണമം
3. ആനയടി
4. കാഞ്ഞിരംകടവ്
5. പാതിരിയ്ക്കൽ
6. പുലിക്കുളം
7. പാറക്കടവ്
8. കുരീക്കുഴി
9. ഇടപ്പനയം
10. പടിഞ്ഞാറ്റംമുറി
11. അഴികയാകാവ്
12. കിഴകിട
13. K.C.T
14. റീത്ത് പള്ളി

പഞ്ചായത്തിലെ ലൈറ്റുകളുടെ എണ്ണം ആകെ 434

**പ്രശ്നങ്ങൾ :**

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവനും പ്രദേശത്തു വൈദ്യുതി എത്തിയിട്ടില്ല.

2. പഞ്ചായത്തിലെ 2, 3 വാർഡുകളിലെ ചില പ്രദേശങ്ങൾ വൈദ്യുതി ബോർഡിന്റെ പല ആഫീസുകളുടെ പരിധിയിൽ സ്ഥിതി ചെയ്യുന്നത് കൊണ്ട് ഗുണഭോക്താക്കൾക്ക് വളരെയേറെ ബുദ്ധിമുണ്ടാക്കുന്നു.

3. മുകളിൽ പറഞ്ഞ പ്രദേശങ്ങളെ ശൂരനാട്ട് സെക്ഷൻ ആഫിസിന്റെ പരിധിയിൽ ഉൾപ്പെടുത്തണം

4. പ്രേക്ഷണവിതരണരംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ്. പ്രത്യേകിച്ച് മരച്ചില്ലകളും മറ്റും മുറിക്കാതിരിക്കുന്നത് ഒരു സ്ഥിരം പ്രശ്നമായി തുടരുന്നു.

5. പഞ്ചായത്തിൽ വൈദ്യുതികരിക്കാത്ത പട്ടികജാതി സങ്കേതങ്ങൾ നിരവധിയുണ്ട്.

6. സ്ട്രീറ്റ് ലൈറ്റ് പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും സ്ഥാപിക്കേണ്ടതായിട്ടുണ്ട്

7. K.S.E.B രജിസ്ട്രറുകളിൽ കാണുന്നതിനേക്കാൾ എത്രയോ അധികം വൈദ്യുതി ഉപയോഗിക്കുന്നു.

8. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാനുള്ള ശ്രമം തുടങ്ങിയിരിക്കുന്നു.

മിക്കഗ്രാമസഭകളും സ്ട്രീറ്റ് ലൈറ്റിന് വേണ്ടി നീണ്ട പട്ടിക സമർപ്പിച്ചിരിക്കുന്നു.

ആവശ്യങ്ങളുടെ തീവ്രതയും ഫണ്ടിന്റെ പരിമിതിയും കണക്കിലെടുത്ത് ബന്ധപ്പെട്ടവർ അവയുടെ എണ്ണം നിജപ്പെടുത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളിലും പാചകത്തിനുപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗവും കുറച്ചുണ്ട്. ഗ്യാസ് - മണ്ണെണ്ണ - വൈദ്യുത- തുടങ്ങിയവ ഉപയോഗിച്ച് പാചകം നടത്തുന്നത് 10% മാത്രമാണ്.

വൈദ്യുതിയുടെ പ്രസരണനഷ്ടം ഒഴിവാക്കാനും വീടുകളിലെ ദുരുപോയം തടയാനും അപകടങ്ങൾ ഒഴി

വാക്കുവാനും വൈദ്യുതി ബോർഡിന്റെ സഹകരണത്തോടെ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

വൈദ്യുതിരംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിനും ഓഫീസും ഫീൽഡുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സുതാര്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളും ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും സൂര്യപ്രകാശം ലഭിക്കുന്നതിനാൽ വീടുകളിലെ ഉപയോഗത്തിലും പല വിളക്കുകൾക്കും സോളാർ ലാമ്പുകളെ ആധാരമാക്കിയുള്ള ഒരു പഞ്ചായത്ത് തല സംവിധാനം നടപ്പിലാക്കേണ്ടതാണ്.

**പഞ്ചായത്തിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങൾ**

1. കരിപ്ലേത്ത് കോളനി
2. കളയ്ക്കാട്ട് മുതൽ പുതിയടത്ത് കലുങ്ക് വരെ
3. പാറക്കടവ് മുതൽ ചിറപ്പാട്ട് വരെ
4. പനാട്ട് വടക്ക് മുതൽ – കുരീക്കുഴി വരെ
5. ഐെയ്ക്കരഴികത്ത് – കാഞ്ഞിരപ്പള്ളിഭാഗം
6. വീട്ടിനാൽ പാലം മുതൽ കിഴക്കോട്ട്
7. മണലാടി പടിഞ്ഞാറ് റോഡ്

വാർഡ് 2

1. മൂന്നുമുക്ക് മുതൽ കുതിരച്ചാടിക്കും വിള വരെ
2. സംഗമം മുതൽ പള്ളിയ്ക്കൽ ഡാം വരെ
3. സംഗമം മുതൽ തടത്തിൽ ഏലാ വരെ
4. കൊച്ചുവിള മുതൽ തടത്തിൽ ഏലാ വരെ

വാർഡ് 3

1. തെങ്ങുംതറ മുതൽ പാലയ്ക്കൽ തറ വരെ
2. പാറപ്പുറം മുതൽ വെള്ളച്ചിറ വരെ
3. പുത്തൻവിള മുതൽ പട്ടിരേത്ത് വരെ
4. പറങ്കിമാം വിള മുതൽ ലക്ഷം വീട്
5. കല്ലുമ്പുറം
6. ഊരാളിപ്പറമ്പ്
7. വെള്ളച്ചിറ മുതൽ കരിങ്ങാട്ടിൽ ഏലാ വരെ
8. ആനയടി ജംഗ്. മുതൽ പാലത്തറവരെ

വാർഡ് 4

പൈകുളം മുതൽ കൊന്നകോട് വരെ

വാർഡ് 5

1.കക്കാട് ജംഗ്ഷൻ മുതൽ മണ്ണുവിളതറ വരെ
2. കുന്നീരാടാത്ത് മുതൽ രണ്ട് കണ്ണിയ്ക്കൽ വരെ
3. കുന്നിരാടത്ത് ലക്ഷം വീട് കോളനി
4. വേപ്പൂകുറ്റിക്കോളനി
5. കാഞ്ഞിരം കടവ് മുതൽ രണ്ട് കണ്ണിയ്ക്കൽ വരെ
6. കൊക്കിനാംമുകൾ – കുന്നിരാടത്ത് പട്ടികജാതി സങ്കേതത്തിൽ വൈദ്യുതി എത്താത്ത മുഴുവൻ പ്രദേശങ്ങളും
6. കളരി വാതുക്കൽ ക്ഷേത്രം മുതൽ തെക്കോട്ടു ഈറ്റശ്ശേരി ചിറ വരെ

വാർഡ് 6

1. തെങ്ങുവിള മുതൽ ചെറുതിട്ടവാതുക്കൽ വരെ
2. കനകകുന്ന് മുതൽ മണ്ണവിള ഭാഗം
3. വല്യത്ത ജംഗ് മുതൽ കിഴക്കേയറ്റത്തിൽ ഭാഗം വരെ
4. ശാസതാംവിള ജംഗ്. മുതൽ പാറമല ജംഗ്ഷൻ

വാർഡ് 7

1. പുയകോട് മുതൽ നെടിയപാടം വയൽവരെ
2. ആശുപത്രി മുതൽ വയൽവരെ
3. പള്ളിയുടെ ഭാഗം മുതൽ തെക്ക് വയൽ വരെ
4. ഐയണിവിള മുതൽ വടക്ക് വയൽ വരെ
5. പുളിമൂട്ട് മുതൽ മൂലപ്പാട്ട് വരെ

പുല്ലിവിള മുതൽ ശശീന്ദ്രഭവനം വരെ

വാർഡ് 8

1. A.K.G റോഡ്
2. ഈയ്യാനം മുതൽ പ്ലാമൂട് വരെ
3. L.P.S മുതൽ പ്ലാമൂട് വരെ
4. ഞാറയ്ക്കൽ മുതൽ നെടിയപാടം വരെ
5. കാട്ടൂർകുഴി മുതൽ പരപ്പാടിക്കുഴി വരെ
6. ലക്ഷം വീട് മുതൽ ചേന്ത്രക്കുഴി വരെ
7. നെടിയത്ത് ജംഗ്ഷൻ മുതൽ കള്ളിക്കാട്ട് വരെ

വാർഡ് 10

മണ്ണുവിളമുക്കു മുതൽ തൊടിയൂർ പാലം വരെ

വാർഡ് 11

1. കാവനാട് കുളം മുതൽ മംഗലശ്ശേരി ജംഗഷ്ൻ വരെ
2. പായിക്കാലിൽ പടിഞ്ഞാറോട്ട്
3. കളത്തൂൽ ലക്ഷം വീട് കോളനി

**പൊതുനിർദ്ദേശങ്ങൾ**

1. പഞ്ചായത്തിലെ എല്ലാ അംഗനവാടികൾ ആരോഗ്യ സബ് സെന്ററുകൾ L.P സ്കൂൾ ഗ്രന്ഥശാലകൾ എന്നിവ സൗജന്യമായി വൈദ്യുതീകരണം നടത്തിക്കൊടുക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടു.

2. ട്രാൻസ്ഫോമറുകൾ സ്ഥാപിക്കണമെന്ന് നിർദ്ദേശം

ആനയടിപ്പാറ

2. കുന്നിരാടത്ത് പട്ടികജാതി സങ്കേതം

3. ബയോഗ്യാസ് പ്ലാന്റുകള് വ്യാപമകമാക്കുന്നതിന് വേണ്ടി ആവശ്യമായ ബോധവല്ക്കരണ പ്രവർത്തനങ്ങൾ നടത്തണം

4. അനർട്ടിന്റെ സഹായത്തോട് കൂടി പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിന് പരിപാടിയുണ്ടാകണം.

9–ാം വാർഡ്

വൈദ്യുതി എത്താത്ത പ്രദേശങ്ങൾ

1. നെടിയത്തു മുക്കു മുതൽ വടക്കോട്ട് നെടിയപാടം വരെ

2. പള്ളിച്ചന്തമുതൽ വടക്കോട്ട് മരം കൂട്ടത്തിൽ മുക്കു വരെ ആറാട്ടുവീട്ടുമുക്കുവരെ

3. വയനകത്തു മുക്കു മുതൽ തെക്കോട്ട് ചിറയിൻ മുക്ക് വരെ

4. St. തോമസ് U.P.S ന് പടിഞ്ഞാറു വശം മുതൽ വടക്കോട്ട് ചക്കുവള്ളിൽ മുക്കുവരെ

5. ശ്രീനാരായണപുരം ക്ഷേത്രം മുതൽ വടക്കോട് പമ്പ് ഹൗസ് വരെ

## മാർക്കറ്റ്

ശൂരനാട് വടക്ക് പഞ്ചായത്തിൽ സുലഭമായി വിപണനം നടക്കാൻ സാദ്ധ്യത ഉള്ള പ്രധാനപ്പെട്ട കാർഷിക ഉൽപ്പന്നങ്ങളായ നാളികേരം കശുവണ്ടി, നേന്ത്രവാഴ, അടയ്ക്ക്, നെല്ല്, കിഴങ്ങ് വർഗ്ഗങ്ങൾ നാണ്യവിളകളായ റബ്ബർ, കുരുമുളക്, ഇവയാണ്. ഇവയ്ക്ക് ഒരു പൊതു വിപണിയോ സഹകരണ വിപണിയോ വിശ്വസിക്കാവുന്ന സ്വകാര്യവിപണിയോ പഞ്ചായത്തിൽ ഇല്ല എന്നതാണ് വസ്തുത

പച്ചക്കറികൾ, വെറ്റില എന്നിവയുടെ ഉല്പാദനവും പഞ്ചായത്തിൽ വ്യാപകമായി നടക്കുന്നു.

കാർഷിക ഉൽപ്പനങ്ങളിൽ ബഹുഭൂരിപക്ഷവും വിദുരസ്ഥലങ്ങളിൽ മാർക്കറ്റുകളെയാണ് വിറ്റഴിക്കുന്നതിനു വേണ്ടി ആശ്രയിക്കുന്നത്.

**പബ്ലിക് മാർക്കറ്റ് (പുളിമൂട്)**

ഒരു പബ്ലിക് മാർക്കറ്റ് ഉൾപ്പടെ നാല് ചന്തകളാണ് പഞ്ചായത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ പഞ്ചായത്തിന്റെ മൂന്നു പ്രദേശങ്ങളിൽ അംഗീകൃതമല്ലാത്ത അന്തിച്ചന്തകൾ പ്രവർത്തിക്കുന്നു.

പബ്ലിക് മാർക്കറ്റ്

വേണ്ടത്ര സൈകര്യങ്ങളും സ്ഥലവുമില്ലാത്ത നിലയിലാണ് ഇന്ന് പ്രവർത്തിക്കുന്നത്. പൊട്ടിപ്പൊളിഞ്ഞ സ്റ്റാളുകളുമാണ്. പുതിയ സ്റ്റാളുകൾ നിർമ്മിക്കേണ്ടിയിരിക്കുന്നു. മാർക്കറ്റിലെ റേഡിയോ പാർക്ക് പ്രവർത്തനരഹിതമാണ്. പബ്ലിക് മാർക്കറ്റിന്റെ പൊതുവായ വികസനത്തിന് പ്രാധാന്യം ഉണ്ട് കൊടുക്കണം എന്ന നിർദ്ദേശം ഗ്രാമസഭയിൽ ഉയർന്നുവന്നു. മാർക്കറ്റ് പുനരുദ്ധരിച്ച് പുരോഗമിപ്പിക്കണം

**സ്വകാര്യ ചന്തകൾ**

സ്വാകാര്യ ചന്ത രണ്ടെണ്ണം ആഴ്ച ചന്തകളാണ്. ഇതിന്റെ സ്ഥിതിയും ശോചനീയമാണ്. ഒരു സ്വകാര്യ കന്നുകാലി ചന്തയും പ്രവർത്തിക്കുന്നുണ്ട്.

******

# പൊതുജനാരോഗ്യം കുടിവെള്ളം

ശൂരനാട് വടക്ക് പഞ്ചായത്ത് പ്രദേശത്ത് നാല് പതിറ്റാണ്ടിന് മുൻപ് വരെ പൊതുജനാരോഗ്യ കാര്യങ്ങളിൽ കാര്യമായ പുരോഗതി ഉണ്ടായിരുന്നില്ല. ഏതാനും നാട്ടു വൈദ്യന്മാരുടെ സേവനം മാത്രമേ അന്നത്തെ ജനങ്ങൾക്കു സിദ്ധിച്ചിരുന്നുള്ളു. ഗുരുതരമായ അസുഖം ഉണ്ടായാൽ സാമ്പത്തികമായി ഉയർന്ന ആളുകൾ രോഗിയെ കാളവണ്ടിയിൽ മാവേലിക്കര, അടൂർ എന്നീ അശുപത്രികളിൽ അപൂർവ്വമായി കൊണ്ടുപോയി ചികിത്സ നടത്തിയിട്ടുമുണ്ട്.

1953ൽ ശൂരനാട് പ്രൈമറി ഹെൽത്തു സെന്റർ സർക്കാർ തലത്തിൽ സ്ഥാപിതമായ തോട് പൊതുജനാരോഗ്യരംഗത്ത് പുതിയ ഉണർവും പ്രതീക്ഷയും ഉണ്ടായി. കൂടാതെ ഇപ്പോൾ സർക്കാർ ആശുപത്രി നിലവിൽ വന്നു. കൂടാതെ സ്വകാര്യ മേഖലയിൽ രണ്ടാശുപത്രികളും രണ്ടു ക്ലീനിക്കുകളും

രണ്ട് ഹോമിയൊ ഡിസ്പൻസറികളും പ്രവർത്തിക്കുന്നു.

## അവലോകനം.

ഈ പഞ്ചായത്തിലെ ജനസംഖ്യ 26588 ആണ്. ഇതിൽ 12489 പുരുഷന്മാരും 14099 സ്ത്രീകളുമാണ്. പൊതുമരണനിരക്ക് ആണ്. മാതൃ മരണ നിരക്ക് 1000ത്തിന്. 6 ഉം ജനനനിരക്ക് 1000 ത്തിന് 15.8 ഉം ആണ്. പ്രായ ഘടന 0-1 വയസുവരെയുള്ള കുട്ടികൾ 388 ഉം. 0-5 വയസുവരെയുള്ള കുട്ടികൾ 1483 ഉം ആണ്. വൈകല്യ നിരക്ക് 1000ത്തിന് 2.4 ആണ്. രോഗാതുരത .8%. 8-ാം പദ്ധതിയിൽ 2176 രോഗികളെ കിടത്തി ചികത്സിപ്പിക്കുകയും വന്നുപോയി ചികിത്സ നടത്തുന്ന 10081 രോഗികളും ഉണ്ടായിരുന്നു.

കുട്ടികളുടെ പോഷണ നിലവാരം തൃപ്തികര മായിട്ടില്ല. അംഗനവാടികൾ സ്കൂളുകൾ എന്നിവയാണ് പദ്ധതികൾ നടത്തി വരുന്നത്. ആരോഗ്യരക്ഷാച്ചെലവ് സർക്കാർ സ്ഥാപനങ്ങളിൽ തുലോ പരിമിതമാണ്.

## പൊതുജനാരോഗ്യം.

*1.പ്രൈമറി ഹെൽത്തുസെന്റർ.*

ശൂരനാടു വടക്കു പഞ്ചായത്തിൽ VII-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പ്രൈമറി ഹെൽത്തുസെന്റർ പ്രവർത്തനം ഉറപ്പുവരുത്തണം. ഈ സ്ഥാപനം ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണം. സ്പെഷ്യലൈസു ചെയ്ത ഡോക്ടന്മാരുടെ സേവനം ഉണ്ടാകണം. ഒരു ഗൈനക്കക്കോളജസ്റ്റ്, X-റേ യൂണിറ്റ്, ലാബട്രി, കിടക്കകൾ, മറ്റത്യാവശ്യ സാധനങ്ങൾ, രോഗികൾക്കത്യവശ്യം വേണ്ട മരുന്നുകൾ എന്നിവ ലഭ്യമാക്കണം. ആരോഗ്യ സംബന്ധമായ ക്ലാസ്സുകൾ നടത്തുകയും കുടുംബക്ഷേമ പ്രവർത്തനങ്ങൾക്കു നിയോഗിച്ചിട്ടുള്ള ആളുകൾ ഭവന ശന്ദർശനം നടത്തിയും ഈ സ്ഥാപനംകൊണ്ടുദ്ദേശിക്കുന്ന ലക്ഷ്യം പൊതുജനാരോഗ്യ രംഗത്ത് സഫലീകിരിക്കണം.

*2.ഹോമിയൊഡിസ്പെൻസറി:-*

ഇപ്പോൾ പഞ്ചായത്താഫീസിൽ പ്രവർത്തിച്ചു വരുന്ന ഹോമിയോ ഡിസ്പ്പെൻസറിക്ക് വേറെ സ്ഥലംകിട്ടിയില്ലെങ്കിൽ പഞ്ചായത്താഫീസിനു വടക്കുവശമുള്ള പഞ്ചായത്തു സ്ഥലത്തു തന്നെ കെട്ടിടം പണിയാനുള്ള നിർദ്ദേശമുണ്ട്. കൂടാതെ 1,8,7, എന്നീ വാർഡുകളിൽ നിന്നും ഹോമിയൊ ഡിസ്പ്ലൻസറി അനുവദിക്കുന്നതിനുള്ള ആവശ്യം ഉന്നയിച്ചിട്ടുമുണ്ട്.

*3.ആയുർവ്വേദാശുപത്രി:-*

പഞ്ചായത്തിൽ ഒരു ആയുർവ്വേദാശുപത്രീ അനുവദിക്കേണ്ടതാണ്. 2,4,5,6,8,10 എന്നീ വാർഡുകൾ ആവശ്യപ്പെട്ടിരിക്കുന്നു.

*4.പൊതുശ്മശാനം:-*

പഞ്ചായത്തിന് പൊതു ശ്മശാനം ഉണ്ടാകേണ്ടിയിരിക്കുന്നു. വാർഡുതലത്തിൽത്തന്നെ വേണമെന്നുള്ള ആവശ്യം എല്ലാ വാർഡുകളിൽ നിന്നും ഉണ്ട്.

*5.തെരുവു നായ്ക്കളെ പിടിച്ചു നശിപ്പിക്കൽ:-*

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഒരുപോലെ അനുഭവപ്പെടുന്നു. ആകയാൽ അതിനുള്ള നടപടികൾ ഉണ്ടാകണം.

*6.മദ്യനിരോധനം:-*

മദ്യത്തിന്റെ വിപത്തിൽ നിന്നും പൊതു ജനാരോഗ്യവും കുടുംബ ഭദ്രതയും നിലനിർത്തുന്നതിനായി നമ്മുടെ പഞ്ചായത്തിൽ മദ്യനിരോധനം പരിപൂർണ്ണമായി നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

*7.സാനിട്ടറിലാട്രിൻ:-*

പഞ്ചായത്തിൽ 60%ത്തോളം വരുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് കക്കൂസില്ല. മാതൃകാ ഗ്രാമമായി അംഗീകരിച്ച നമ്മുടെ പഞ്ചായത്തിൽ കേന്ദ്ര ഗൺമെന്റിന്റെ “റൂറൽ സാനിട്ടേഷൻ” പദ്ധതി പ്രകാരം അർഹതരായ എല്ലാകുടുംബത്തിനും കക്കൂസ് അനുവദിക്കുന്നതിനുള്ള നടപടിയുണ്ടാകണം.

*8.പകർച്ചരോഗങ്ങൾ:-*

മഞ്ഞപിത്തം, മലേറിയ തുടങ്ങിയ രോഗങ്ങൾ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും കാണുന്നു. അവ തടയുന്നതിനുള്ള നടപടിയുണ്ടാകണം.

*9.പോഷകാഹാരക്കുറവ്:-*

പോഷാകാഹാരക്കുറവുകൊണ്ടുള്ള അസുഖങ്ങൾ കുട്ടികളിലും, ഗർഭിണികളിലും, അമ്മമാരിലും കൂടുതലായിക്കാണുന്നു. അതിനുള്ള പരിഹാരം ഉണ്ടാകണം.

*10.മിഡ്വൈഫറി സെന്റർ:-*

9-ാം വാർഡിൽ ഒരു മിഡൈവൈഫറി സെന്റർ അനുവദിക്കണം.

*11. സ്ലാട്ടർ ഹൗസ്:-*

8-ാം വാർഡിൽ ഒരു സ്ലാട്ടർ ഹൗസ് സ്ഥാപിക്കേണ്ടതാണ്.

*12. പബ്ലിക്ക് മാർക്കറ്റ്:-*

പാറക്കടവു മാർക്കറ്റിലെ ശുചീകരണ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി ഉണ്ടാകണം.

13.മലിനജലം കെട്ടിക്കിടക്കുന്നതു സംബന്ധിച്ച്:- 7-ാം വാർഡിൽപ്പെട്ട ഈറ്റശ്ശേരിച്ചിറ, 10-ാം വാർഡിൽ ഉള്ളനൂർക്കുളം എന്നിവ പൊതുജനാരോഗ്യത്തിന് ഹാനികരമാംവിധം മലിനമായിരിക്കയാണ്. കൊതുകുകൾ ധാരാളമായിപ്പെരുകിയിരിക്കുന്നു. ഇവ

വൃത്തിയാക്കി മനുഷ്യനുപയുക്തമാക്കണം.

*14.ഫാക്ടറികൾ ഉണ്ടാക്കുന്ന മലിനീകരണം:-*

1-ാം വാർഡിൽപ്പെട്ട തറയിൽപ്പടിഞ്ഞാറ് ക്രഷ് സെന്ററിൽ നിന്നും ഉണ്ടാകുന്ന പരിസ്ഥിതി മലിനീകരണം ഒഴിവാക്കണം.

*15.വെള്ളത്തിൽക്കൂടിപ്പകരുന്ന രോഗനിയന്ത്രണം:-*

ഈ പഞ്ചായത്തലെ എല്ലാ വാർഡുകളിലും ഉള്ള കിണറുകളിൽ ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കണം.

*16.സബ്സെന്റർ:-*

3-ാം വാർഡിൽ പ്രവർത്തിക്കുന്ന സബ്സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും എല്ലാ ദിവസവും ക്ലിനിക്ക്ഡേ ആക്കുകയും ചെയ്യുക. ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും ഡോക്ടറുടെ സേവനം ഉണ്ടാക്കുക, ഒരു സ്ഥിരം ജീവിനക്കാരനെ നിയമിക്കുക. തുടങ്ങിയ ആവശ്യങ്ങൾ നടപ്പാക്കണം.

*17. E.S.I. ആശുപത്രി:-*

V-ാം വാർഡിൽ പ്രവർത്തിക്കുന്ന E.S.I. ആശുപത്രിക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുവാനുള്ള നടപടി സ്വീകരിക്കണം.

# കുടിവെള്ളം

ശൂരനാടു വടക്കു പഞ്ചായത്തിൽ അരനൂറ്റണ്ടിനു മുൻപുവരെ കുടിവെള്ളത്തിനുള്ള കിണറുകൾ വളരെ പരിമിതമായിരുന്നു. ഉള്ളവ തന്നെ തറനിരപ്പുവരെ മാത്രം കല്ലുകൾകൊണ്ടു പണിതിട്ടുള്ളവയുമായിരുന്നു. ഉള്ളവതന്നെ തറനിരപ്പുവരെ മാത്രം കല്ലുകൾകൊണ്ടു പണിഞ്ഞിട്ടുള്ളവയുമായിരന്ന. സാമ്പത്തികമായി ഉയർന്ന കുടുംബങ്ങളിൽ മാത്രമേ കിണർ ഉണ്ടായിരുന്നുള്ളു. അടുക്കളക്കിണറും പുറത്തെക്കിണറും ഉള്ളവീടുകളും ഉണ്ടായിരുന്നു. 20ഉം 30ഉം വീടുകൾക്ക് ശരാശരി ഒരു കിണർ എന്ന കണക്കിലെ ഉണ്ടായിരുന്നുള്ളു.

പാടശേഖരങ്ങളോട് അടുത്തു താമസമുള്ള മിക്ക കുടുംബങ്ങളിൽ ബഹുഭൂരിപക്ഷവും ചെറിയ കുളങ്ങളിൽ നിന്നുമായിരുന്നു കുടിവെള്ളം എടുത്തിരുന്നത്. പട്ടികജാതിക്കർക്കും പിന്നോക്ക വിഭാഗങ്ങൾക്കും പ്രത്യേക കുളങ്ങളും ചെറിയ കുഴികളും ഉറവകളും ഉണ്ടായിരുന്നു. കടുത്ത വേനൽ അനുഭവപ്പെടുന്ന സന്ദർഭങ്ങളിൽ പാടശേഖരങ്ങളുടെ അരുകിൽ കൂട്ടായിച്ചേർന്ന് താൽക്കാലികമായി കുളങ്ങളും കുഴികളും നിർമ്മിച്ച് കുടിവെള്ള പ്രശ്നം പരിഹരിച്ചുപോന്നു. പാടശേഖരങ്ങളുടെ ഇരുകരകളും കുറ്റിക്കാടുകളും ധാരാളം മരങ്ങൾ ചേർന്ന് കാവുകൾ പോലെ ആയിരുന്നതിനാൽ വേനൽക്കാലത്തുപോലും ഉയർന്ന ജലനിരപ്പുണ്ടായിരുന്നു.

എന്നാൽ ഇന്ന് സ്ഥിതിയതല്ല. ബ്ലോക്കിന്റെയും പഞ്ചായത്തിന്റെയും പട്ടികജാതിക്ഷേമവകുപ്പിന്റെയും കൃഷി വകുപ്പിന്റെയും സഹകരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികളിലായി പൊതുക്കിണറുകൾ ഉൾപ്പെടെ ധാരാളം കിണറുകൾ ഉണ്ടായി. വ്യക്തികൾ സ്വന്ത നിലയിലും ധാരാളം കിണറുകൾ നിർമ്മിച്ചു. 3000 ന് മേൽക്കിണറുകൾ ഇപ്പോൾ നിലവിലുണ്ട്. വേനൽക്കാലത്ത് വറ്റിപ്പോകാറുള്ള കിണറുകളും 60%ത്തിൽ ക്കുറവില്ല. ചിലഭാഗത്ത് എത്രതന്നെ താഴ്തിയാലും വെള്ളം കിട്ടാത്ത സ്ഥിതിയുമുണ്ട്.

ഇപ്പോൾ വാട്ടർ സപ്ലേ സ്കീം അനുസരിച്ച് 84 ടാപ്പുകൾ ഉണ്ട്. കടുത്ത വരൾച്ച അനുഭവപ്പെടുമ്പോൾ പഞ്ചായത്ത് നേരിട്ട് കുടിവെള്ളം എത്തിക്കുന്നുമുണ്ട്.

*1.പൊതുക്കിണറുകൾ നന്നാക്കണം.*

പഞ്ചായത്തൽ നിലവിലുള്ളതും ഉപയോഗശൂന്യമായിക്കിടക്കുന്നതുമായ എല്ലാപൊതുക്കിണറുകളും വൃത്തിയാക്കിയും അറ്റകുറ്റപണികൾ നടത്തിയും കുടിവെള്ള ക്ഷാമം പരിഹരിക്കണം. കൂടുതൽ പൊതുക്കിണറുകൾ ആവശ്യമു സ്ഥലങ്ങളിൽ പുതിയ കിണറുകൾ നിർമ്മിക്കണം.

2.കിണറുകൾ കുഴിച്ചാൽ സുലഭമായി വെള്ളം കിട്ടുന്ന ഭാഗത്ത് താമസിക്കുന്ന ഏറ്റവും സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന ആളുകൾക്ക് കിണറു കുഴിക്കുന്നതിനുള്ള സാമ്പത്തിക സഹായമൊ അല്ലാത്തപക്ഷം കിണറുകുഴിച്ചു കൊടുക്കുന്ന പദ്ധതി ഉണ്ടാകണം.

3.കിണറുകൾകൊണ്ടുമാത്രം കുടിവെള്ളപ്രശ്നം പരിഹരിക്കാൻ പറ്റാത്ത ഭാഗങ്ങളിൽ പുതുതായി പൈപ്പുലൈനുകൾ നീട്ടുകയും വേണം. എല്ലാ വാർഡുകളിലും പൈപ്പുലൈനും ടാപ്പുകളും വേണം.

4.അഴികിയകാവിൽ സ്ഥാപിച്ചിട്ടുള്ള റ്റ്യൂബ് വെൽ ജലസേചനത്തിനുവേണ്ടി നിർമ്മിച്ചിട്ടുള്ളതാണെങ്കിലും ഇപ്പോൾ അത് പ്രവർത്തിപ്പിക്കുന്നില്ല അത് കൂടിവെള്ളത്തിനായി പ്രവർത്തനക്ഷമമാക്കിയാൽ പഞ്ചായത്തിന്റെ ചില വാർഡുകളിൽ കൂടി വെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

5. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കാണപ്പെടുന്ന നീരുറവകൾ പ്രയോജനപ്പെടുത്തി വാട്ടർടാങ്കുകൾ നിർമ്മിച്ച് പമ്പ് ചെയ്യുകയും കുടിവെള്ളമായി ഉപയോഗിക്കുകയും ചെയ്യാവുന്നതാണ്.

6.നിർമറി പ്രദേശസംരക്ഷണവും കല്ലട പദ്ധതിയിലെ ജലം കനാൽ വഴി ഒഴുകിക്കൊണ്ടിരുന്നാൽ സമീപ പ്രദേശത്തള്ള കിണറുകളിൽ ജലംവറ്റുകയില്ല. തന്മൂലം കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയും.

7. കൊടുവരൾച്ച:- കടുത്ത വരൾച്ച ഉണ്ടാകുമ്പോൾ പഞ്ചായത്തിലെ ഉയർന്ന ഭാഗങ്ങളിൽ ജലക്ഷാമം ഉണ്ടാകും. അത് അടിയന്തിരമായി പരിഹരിക്കുന്നതിനുള്ള സംവിധാനം വേണം.

# സാമൂഹ്യക്ഷേമം
# പാർപ്പിടം



കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിന്റെ വടക്കേയറ്റം ആലപ്പുഴ,പത്തനതിട്ട ജില്ലകളോടും ചേർന്നു കിടക്കുന്ന ഒരു ഗ്രാമമാണ് ശൂരനാട്ട് വടക്ക്. ബഹുഭൂരിപക്ഷവും കർഷകത്തൊഴിലാളികളും മറ്റ് കൂലിപ്പണിയെടുത്ത് ജീവിക്കുന്നു. സാധാരണക്കാരായ ജനങ്ങളും ആണ്. 26354 ആണ് പഞ്ചായത്തിലെ ആക ജനസംഖ്യ. ഇതിൽ 13263 പുരുഷന്മാരും 13091 പേർ സ്ത്രീകളുമാണ്. പഞ്ചായത്തിൽ പട്ടികജാതി ജനസംഖ്യ 4273 ആണ്. കുന്നത്തൂർ താലൂക്കിൽ ഏറ്റവും കൂടുതൽ പട്ടികജാതിക്കാർ അധിവസിക്കുന്നത് ഇവിടെയാണ്.

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയും സംഘടിത – അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുമാണ് നിലിവിലുള്ളത്.

ഈ പദ്ധതികളിൽ ദാരിദ്യനിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് വലിയ തോതില്ലെങ്കിലും പഞ്ചായത്തിൽ ലഭ്യമാകുന്നത്. നാമമാത്രമായി മറ്റു പദ്ധതികളും പഞ്ചായത്തിൽ ജനങ്ങളിൽ ഉപയോഗപ്പെടുത്തുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപത്ത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണക്കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടത്.

തൊഴിലാളി – തൊഴിലുടമ സഹകരണത്തോടയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം കാര്യക്ഷമമായിട്ടില്ല. കെട്ടിടനിർമ്മാണത്തൊഴിലാളികൾ ഇഷ്ടിക നിർമ്മാണത്തൊഴിലാളികൾ,കർഷകത്തൊഴിലാളികൾ, എന്നിവർ കൂടുതൽ ഉണ്ടെങ്കിലും എല്ലാത്തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

പഞ്ചായത്തിൽ 17 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ കുട്ടികളുടെ എണ്ണം ഇനം തിരിച്ച് ഇപ്രകാരമാണ്.

ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ – 348
1–2 വയസ്സ് വരെ പ്രായമുള്ളു കുട്ടികൾ – 358
2–3 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ – 397
3–5 വയസ്സു വരെ പ്രായമുള്ള കുട്ടികൾ – 1010

കഴിഞ്ഞവർഷം 335 ജനനങ്ങളും 87 മരണങ്ങളും പഞ്ചായത്തിൽ നടന്നിട്ടുണ്ട്. പഞ്ചായത്തിൽ 866 അനു

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ. | ഇതിൽ SC/ST | സഹായം ലഭിച്ചു വഴി ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഇനിയുള്ള കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 219 | 69 | 29 | 16 | 2 | 217 |
| 2 | 248 | 46 | 23 | 12 | 3 | 245 |
| 3 | 218 | 59 | 28 | 10 | 5 | 213 |
| 4 | 200 | 48 | 17 | 7 | 4 | 196 |
| 5 | 231 | 40 | 13 | 5 | 2 | 229 |
| 6 | 302 | 27 | 11 | 3 | 1 | 301 |
| 7 | 258 | 33 | 14 | 4 | 3 | 255 |
| 8 | 137 | 28 | 12 | 7 | 2 | 135 |
| 9 | 195 | 30 | 15 | 6 | 2 | 193 |
| 10 | 192 | 30 | 20 | 11 | 3 | 889 |
| 11 | 4 | 1 | | | | |
| ആകെ | 2204 | 411 | 202 | 81 | 27 | 2177 |

പൂരക പോഷകാഹാരങ്ങൾ ലഭിക്കുന്ന കുട്ടികളുണ്ട്.

IRDP സർവ്വേ പ്രകാരം - ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം

ട്രൈസം തൊഴിൽ-പരിശീലനം നേടി ഇതുവരെ എണ്ണം 36 ഉം അതിൽ സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം 1-ഉം ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരാണ് എണ്ണം 17-ഉം അവശേഷിക്കുന്നവരുടെ എണ്ണം 18-ഉം ആണ്. ഗ്രാമീണക്കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം 67-ഉം സഹായം ലഭിച്ചവരുടെ എണ്ണം 4-ഉം ആണ്. ഇനിയും സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം 63 ഉം ആണ്.

18 മുതൽ 35 വയസ്സു വരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. ഓരോ ഗ്രാമത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകാനും പരിശീലനം ലഭിച്ചവർ വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം അരംഭിക്കാനും ശ്രദ്ധിക്കണം. ഇതുവഴി പരിശീലനം ലഭിക്കുന്നത് തുടർന്ന യോഗ്യത അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ലെയെന്നത് ഈ പദ്ധതിയുടെ പോരായ്മയാണ്. വളരെ ചുരുക്കം ചിലർക്കു മാത്രമേ ഈ പദ്ധതിയുടെ പോരായ്മയാണ്. വളരെ ചുരുക്കം ചിലർക്കു മാത്രമേ ഈ പദ്ധതിയുടെ പരിശീലനം നൽകാൻ കഴിയുന്നുള്ളൂ. പരിശീലനം ലഭിക്കുന്നവരുടേ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും സ്റ്റൈപന്റ് തുക കൂട്ടുകയും വേണം

ടൂൾകിറ്റ് പദ്ധതിപ്രകാരം ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്നു. ഇപ്രകാരം നമ്മുടെ പഞ്ചായത്തിലെ 4 പേർക്ക് സഹായം നൽകിയിട്ടുണ്ട്. ഇനിയും സഹായം കിട്ടുവാൻ അർഹതയുള്ള 63 പേർ നമ്മുടെ പഞ്ചായത്തിലുണ്ട്.

| വിവരങ്ങൾ | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | അവശ കലാകാര/സാഹിത്യ പെൻഷൻ | അവശ കായികതാര പെൻഷൻ | ക്ഷയ രോഗി പെൻഷൻ | കുഷ്ഠരോഗി പെൻഷൻ | ക്യാൻസർ രോഗി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| (1992) ആകെ അപേക്ഷകൾ | | 24 | 15 | 25 | 1 | | 63 | | 7 | 42 | 195 |
| തീരുമാനം ആകുന്ന അപേക്ഷകൾ | | 10 | 5 | | | | 6 | | 1 | | 195 |
| അനുവദിച്ച അപേക്ഷകൾ | | 14 | 10 | 26 | 1 | | 57 | | 6 | 42 | |
| (1993) ആകെ അപേക്ഷകൾ | | 16 | 8 | 6 | | | 37 | | 1 | 21 | 44 |
| തീരുമാനം ആകുന്ന അപേക്ഷകൾ | | 4 | 5 | | | | 7 | | | | |
| അനുവദിച്ച അപേക്ഷകൾ | | 12 | 3 | 6 | | | 30 | | 1 | 21 | 89 |
| (1994) ആകെ അപേക്ഷകൾ | | 27 | 9 | 7 | | | 38 | | 3 | 15 | 167 |
| തീരുമാനം ആകാത്ത അപേക്ഷകൾ | | 1 | 1 | 1 | | | 9 | | 1 | | 167 |
| അനുവദിച്ച അപേക്ഷകൾ | | 26 | 8 | 6 | | | 31 | | 2 | 15 | |
| (1995) ആകെ അപേക്ഷകൾ | | 21 | 13 | 6 | | | 35 | | 4 | 31 | 26 |
| തീരുമാനം ആകാത്ത അപേക്ഷകൾ | | 5 | 2 | 2 | | | 4 | | 3 | | 26 |
| അനുവദിച്ച അപേക്ഷകൾ | | 16 | 11 | 4 | | | 31 | | 1 | 31 | |
| (1996) ആകെ അപേക്ഷകൾ | | 10 | 9 | 14 | | | 31 | | 3 | 19 | |
| തീരുമാനം ആകാത്ത അപേക്ഷകൾ | | 2 | 2 | | | | 4 | | 2 | | |
| അനുവദിച്ച അപേക്ഷകൾ | | 8 | 7 | | | | 27 | | 1 | | |

# അംഗൻവാടികൾ

ഐ.സി..സിഎസ്. ന്റെ കീഴിൽ പ്രവർത്തിക്കുന്ന 17 അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. സാമൂഹ്യക്ഷേമരംഗത്ത് പ്രശംസനീയമായ പ്രവർത്തനങ്ങളാണ് അംഗനവാടികൾ നടത്തുന്നത്. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം അംഗൻവാടികളെയും ബാധിക്കുന്നു. നിലിവിലുള്ള അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടി ഉണ്ടാക്കുന്നു. സ്ഥലമില്ലാത്തതും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്താത്തതും.കളിപ്പാട്ടങ്ങളില്ലാത്തതും പഠനോപകരണങ്ങളിലാത്തതും വലിയ പ്രശ്നങ്ങളായി അവേശേഷിക്കുന്നു. വരും തലമുറയെ വാർത്തെടുക്കുന്ന അങ്കകളരിയായി നാം കാണേണ്ട അംഗൻവാടികൾ സാധരണക്കാരുടെ കുട്ടികളാണ് പഠിക്കുന്നത് എന്നത് കൊണ്ടു തന്നെ. അംഗൻവാടികളുടെയും ശോച്യവസ്ഥ പരിഹരിക്കേണ്ട തത്യാവശ്യമാണ്.

അംഗൻ വഴികളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സ്ഥിതിയും പരിതാപകരമാണ്. രാവിലെ 9 മണി മുതൽ മൂന്നര മണി വരെ ജോലി ചെയ്യുന്ന ഇവർക്ക് ആര്യോഗ്യവകുപ്പ് ചുമതലപ്പെടുത്തുന്ന ഗൃഹസന്ദർശനം ഉൾപ്പെടയുള്ള ജോലികളും നടത്തേണ്ടതുണ്ട്. അംഗൻവാടിക വർക്കർ, ഹെൽപ്രർ എന്നീ തസ്തികകളിൽ ജോലി ചെയ്യുന്ന ഇവർക്കു തുച്ഛമായ വേതനമാണ് ലഭിക്കുന്നത്. ഇതിനും പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു.

**നിർദ്ദേശങ്ങൾ :**

1. അംഗനവാടി ഏതെങ്കിലും പ്രത്യേക ഗ്രാന്റ് ഉപയോഗിച്ച് അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തുക
2. DWCRA യൂണിറ്റുകൾ നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാന് കളിപ്പാട്ടങ്ങൾ വാങ്ങുവാൻ നൽകുക
3. അംഗൻവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക
4. പുകയില്ലാത്ത അടുപ്പുകൾ അംഗനവാടികളിലും സ്ഥാപിക്കുക
5. എല്ലാ അംഗൻവാടികളിലും പ്രാഥമിക സൗകര്യങ്ങൾ ഏർപ്പേടുത്തുക
6. ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടി എന്ന തോതിൽ അംഗൻവാടികൾ സ്ഥാപിക്കുക
7. അംഗംനവാടിയിലെ എല്ലാ താൽക്കാലി ജീവനക്കാരെയും സ്ഥിരപ്പെടുത്തുക
8. അംഗനവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുക. സേവന-വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക
9. അംഗനവാടി ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുക
10. മാതൃസമിതികൾ രൂപീരിക്കുകയും അംഗൻവാടികളുടെ സാമൂഹ്യ പ്രസക്തി അവരെ ബോധ്യപ്പെടുത്തുകയും വേണം.
11. പഞ്ചായത്തിന് അടിയന്തിരമായി ആവശ്യമുള്ള മേഖലകളിൽ അംഗൻവാടികൾ സ്ഥാപിക്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് വിട്ടു തരിക.

**ക്ഷേമനിധികൾ**

*കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധി*

പഞ്ചായത്തിൽ കുറേ പേർ കെട്ടിട നിർമ്മാണരംഗത്ത് തൊഴിലെടുക്കുന്നുണ്ട്. മുഴുവനാളുകളേയും ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടില്ല. ഉടമാ വിഹിതം പിരിക്കുന്നില്ല. പഞ്ചായത്തിലെ ഭവന നിർമ്മാണ പദ്ധതികൾ കാര്യക്ഷമമാക്കുവാൻ ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ സേവനം പ്രയോജനപെടുത്തണം

*കൈത്തോഴിലാളി - വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി*

മരംകയറ്റക്കാർ, ബീഡിത്തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, ബാർബർ, കൊല്ലന്മാർ, വാച്ച്, വെഹിക്കിൾ റിപ്പയർമാർ, തേങ്ങവെട്ടി ഉണക്കുന്നവർ, ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ ഈ മേഖലയിലെ എല്ലത്തൊഴിലാളികൾക്കും ഈ പദ്ധതിയിൽ അംഗങ്ങളല്ല.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇനങ്ങളിലെത്തിക്കാനും അർഹരായവരുണ്ട് ലഭ്യമാക്കാനും പഞ്ചായത്ത് തലത്തിൽ ഒരു സെൽ രൂപീകരിക്കണം.

**പൊതുവിതരണം**

പഞ്ചായത്തിലാകെ 17 റേഷൻഷാപ്പുകൾ പ്രവർത്തിക്കാറുള്ളൂ. പൊതി വിവരണരംഗത്ത് ഒരു മാവേലി സ്റ്റോർ ആണ് പഞ്ചായത്തിലുള്ളത്. അത് പഞ്ചായത്തിലെ 8-ാം വാർഡിലാണ് പ്രവർത്തിക്കുന്നത്. ടി മാവേലി സ്റ്റോറുകളുടെ ഉപഭോക്തൃസാധനങ്ങൾ നീതി പൂർവ്വകമല്ല വിതരണം ചെയ്യുന്നത്. റേഷൻഷാപ്പുകളെയും മാവേലി സ്റ്റോറുകളെയും കുടുതൽ ജനകീയവൽക്കരിക്കുവാൻ

വേണ്ട നടപടികളെടുക്കാനുള്ള അധികാരം പഞ്ചായത്തിനെ ഏൽപ്പിക്കേണ്ടതുണ്ട്. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടുണ്ടാക്കണം.

ഉപഭോക്തൃമേഖലയെ കാര്യക്ഷമമാക്കാനും കുറ്റമറ്റതാക്കാനും ജനങ്ങളെ ബോധവൽക്കരിക്കാനും പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കണം

I. *എട്ടാം പദ്ധതിക്കാലം വരെ നടപ്പിലാക്കാൻഉദ്ദേശിച്ച സ്കീമുകൾ സർക്കാർ ക്ഷേമപദ്ധതികൾ*

1. വിധവാ പെൻഷൻ
2. വാർദ്ധക്യകാല പെൻഷൻ
3. വികലാംഗപെൻഷൻ
4. കർഷകത്തൊഴിലാളി പെൻഷൻ
5. കായികതാരങ്ങൾക്ക് പെൻഷൻ
6. സർക്കസ് താരങ്ങൾക്ക് പെൻഷൻ
7. ക്ഷയരോഗചികിത്സാ ധനസഹായ പദ്ധതി
8. കുഷ്ഠരോഗ ചികിത്സാ ധനസഹായം
9. ക്യാൻസർ രോഗചികിത്സാ ധനസഹായം
10. സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായ പദ്ധതി
11. വാഹനാപകടങ്ങൾക്കിരയാകുന്നവർക്കുള്ള ധനസഹായ പദ്ധതി
12. പാവപ്പെട്ടവർക്ക് നിയമസഹായ പദ്ധതി
13. അത്യാഹിതങ്ങൾക്കിരയാകുന്നവർക്ക് ധനസഹായ പദ്ധതി
14. തൊഴിലില്ലായ്മ വേതനം, സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതി
15. പാവപ്പെട്ടവർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി
16. കുടിൽ ഇൻഷ്വറൻസ് പദ്ധതി

II. മുകളിൽ പറഞ്ഞിട്ടുള്ള എല്ലാ സ്കീമുകളും പൂർത്തീകരിച്ചു നടപടി നടന്നു വരുന്നു.

III. നടപ്പിലായ എല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

IV. പല പദ്ധതികൾക്കും കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

V. പദ്ധതി നടപ്പിലാക്കുന്നതിന് പ്രശ്നങ്ങൾ ഒന്നും തന്നെയില്ല നിയമഭേദഗതി ആവശ്യമുണ്ട്.

VI. ഭാവി പദ്ധതിയിൽ ഉപയോഗപ്പെടുത്താവുന്ന സാദ്ധ്യതകൾ ചുവടെ ചേർത്തുകൊള്ളുന്നു.

വിധവാ പെൻഷനും വാർദ്ധക്യകാല പെൻഷനും കുടുംബവാർഷിക വരുമാനം. 2400 രൂപയാണ് സ്വന്തം വരുമാനം പ്രതിമാസം 100 രൂപയിലും താഴെ ആകണം. ഈ പദ്ധതി പരിധി ദാരിദ്ര്യരേഖയ്ക്ക് 200 ആയി ഉയർത്തേണ്ടതാണ് വികലാംഗപെൻഷനുള്ള കുടുംബ വാർഷിക വരുമാനം 3600-/ രൂപയും സ്വന്തവരുമാനം പ്രതിമാസം 100 രൂപയിൽ കവിയാനും പാടില്ല. ഈ പരിധി ദാരിദ്ര്യരേഖയ്ക്കു താഴെ ആയി താഴ്ത്തേണ്ടതാണ്

*കർഷകത്തൊഴിലാളി പെൻഷൻ 70 രൂപ*

കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്നതിന് കുടുംബവാർഷിക വരുമാനം 1500 ൽ താഴെയാണ്. ഇതിൽ അപേക്ഷകന്റെയും ഭാര്യ അവിവാഹിതരായ മക്കൾ ഇവരുടെ വരുമാനം ഉൾപ്പടും. ഇത് വളരെ കുറവാണ്. (ഈ പെൻഷനു വേണ്ടിയുള്ള കുടുംബ വാർഷിക വരുമാനപരിധി ഒഴിവാക്കണം.)

*കായികതാര പെൻഷൻ 100 രൂപ 200 വരെ*

ഈ പെൻഷൻ അനുവദിക്കുന്നതിന് കുടുംബവരുമാനം 3600 രൂപയിൽ താഴെയായിരിക്കണം ഇത് 4800 രൂപ ആയി ഉയർത്തണം

*അവശതരായ സർക്കസ് താര പെൻഷൻ 150 രൂപ*

ഈ പെൻഷൻ അനുവദിക്കുന്നതിനുള്ള കുടുംബ മാസ വരുമാനം 500 രൂപയിൽ താഴെയാണ് ഇത് 600 രൂപായായി ഉയർത്തണം.

*ക്ഷയം, കുഷ്ഠം, ക്യാൻസർ രോഗ ചികിത്സാ ധനസഹായം*

ഈ രോഗ ചികിത്സാ ധനസഹായം പ്രതിമാസം 100 രൂപ വീതമാണ് ഇതിനുള്ള കുടുംബ വാർഷിക വരുമാനം 2400 രൂപയിൽ താഴെയായിരിക്കണം. ഇത് വളരെ അപര്യപ്തമാണ്. ചികിത്സാധനസഹായം 500 രൂപയ്ക്കും ധനസഹായം വർദ്ധിപ്പിക്കുകയും കുടുംബവരുമാന പരിധി 4800 വരെ ഉയത്തേണ്ടതാണ്.

*സാധുകളായ വിധവകളുടെ പെൺമക്കളുടെ ധനസഹായം*

ഈ ധനസഹായത്തിനുള്ള കുടുംബ വാർഷികവരുമാനം 10000 രൂപയും ധനസഹായം 2000 രൂപയുമാണ്. പെൺകുട്ടിക്ക് കൊടുക്കുന്ന സ്വർണ്ണം ഉൾപ്പടെയുള്ള സ്വത്തുകൾ 6000 രൂപയിൽ കവിയാൻ പാടില്ല. ഈ ധനസഹായത്തിന് പെൺകുട്ടിക്ക് കൊടുക്കുന്ന സ്വർണ്ണം ഉൾപ്പെടെയുള്ള സ്വത്ത് 10000 രൂപയായി ഉയർത്തേണ്ടതാണ്.

*വാഹനാപകടങ്ങൾക്കിരയാകുന്നവർക്കുള്ള ധനസഹായം*

പരിക്കു പറ്റിയവർക്ക് 500 രൂപയ്ക്കും മരിച്ചവരുടെ ആശ്രിതർക്ക് 1000 രൂപ വരെയും ഇടക്കാലാശ്വാസമായി തഹസിൽദാർക്ക് അനുവദിക്കാം. ഈ തുക 1000 വും 5000 വും ആയി വർദ്ധിപ്പിക്കേണ്ടതാണ്.

*പാവപ്പെട്ടവർക്ക് നിയമ സഹായം*

സർക്കാർ കോടതികളിൽ കേസുകൾ വാദിക്കുന്നതിന് ഗവ. മെന്റ് പ്ളീഡറുടെ സേവനം ലഭിക്കും. പ്രതിമാസം കുടുംബ വരുമാനം 400 രൂപയിൽ താഴെ ആയിരിക്കണം. ഇത് പ്രതിമാസം 1000 രൂപ ആയി ഉയർത്തേണ്ടതാണ്

*അത്യാഹിതങ്ങൾക്കിരയാകുന്നവർക്ക് ധനസഹായം*

പ്രകൃതിക്ഷോഭം, തീപിടിത്തം,മറ്റ് അപകടങ്ങൾ എന്നിവയ്ക്ക് ഇരയാകുന്നവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതാണ്. വീടുകൾ ഭാഗികമായി നഷ്ടപ്പെടാൽ 1500 രൂപയും പൂർണ്ണമായി നഷ്ടപ്പെട്ടാൽ 3000 രൂപയുമാണ്. ധനസഹായം. ഇത് ഉയർത്തേണ്ടതാണ്.

*തൊഴിൽ രഹിതവേതനം, സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതി*

തൊഴിൽ രഹിത വേതനത്തിനും സ്വയം തൊഴിലിനും ഉള്ള കുടുംബ വാർഷിക വരുമാനം 4000 രൂപയിൽ താഴെ ആയിരിക്കണം. ഈ പരിധി ഉയർത്തി 6000 രൂപ ആക്കുകയും ഇപ്പോൾ അപേക്ഷ സമർപ്പിച്ചു വെരിഫിക്കേഷൻ നടത്തി അയച്ചാൽ പിന്നെ തുടർന്ന് വേതനം കൈപ്പറ്റുന്നതിന് തടസ്സങ്ങൾ ഇല്ലാത്തതിനാൽ അനർഹരായവരാണ് ഭൂരിഭാഗവും വേതനം കൈപ്പറ്റുന്നത്. തൊഴിൽ രഹിതവേതനം ലഭിച്ചുകൊണ്ടിരിക്കുന്ന പെൺകുട്ടികളെ ജോലിയുള്ളവർ വിവാഹം ചെയ്യുമ്പോഴും അവർക്ക്തൊഴിൽ ലഭിക്കുമ്പോഴും വരുമാനം കൂടുന്നു. ഇടക്കാല അന്വേഷണങ്ങൾ ഇല്ലാത്തിനാൽ അവർ തുടർന്നും വേതനം വാങ്ങാനും ഇടയാക്കുന്നു. ഈ അപാകത പരിഹരിക്കാൻ തനം കൈപ്പറ്റുന്നതു വരെപ്പറ്റി വാർഷികവെരിഫിക്കേഷൻ നടത്തി അർഹരായവരെ നിയന്ത്രിക്കുന്നതിനുള്ള സംവിദാനം ഉണ്ടാകണം. വേതനം കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണ്.

*പാവപ്പെട്ടവർക്ക് അപകട ഇൻഷ്വറൻസ്*

ഒരു കുടുംബത്തിലെ വരുമാനം ഉള്ള അംഗം മരിച്ചാൽ അയാളെ ആശ്രയിച്ചു ജീവിക്കുന്നവർക്ക് അപകട സുരക്ഷിത ഇൻഷ്വറൻസ് പദ്ധതി പ്രകാരം 3000 രൂപ ലഭിക്കും. കുടുംബവരുമാനം 7200 രൂപയാണ്. ഈ ധന സഹായം 10000 രൂപായായി ഉയർത്തേണ്ടതാണ് പാമ്പുകടി, ഭക്ഷ്യവിഷബാധ, ഇടിമിന്നൽ, വൃക്ഷത്തിൽ നിന്നുള്ള വീഴ്ച, ആയുധ ധാരികളായ അക്രമികൾ, കാട്ടുമൃഗങ്ങൾ എന്നീ അപകടം മൂലം മരിക്കുന്നവർക്ക് ധനസഹായത്തിനർഹരാണ്.

*കുടിൽ ഇൻഷ്വറൻസ്*

കുടിൽ തീ പിടിത്തത്തിൽ നശിച്ചാൽ ധനസാഹായമായി കുടിലിന് 1000 രൂപയും സാധനങ്ങൾക്ക് 500 രൂപയും ഉൾപ്പടെ 1500 രൂപ ഇൻഷ്വറൻസ് ധനസഹായം ലഭിക്കും. നാശം സംഭവിച്ചു 45 ദിവസത്തിനികം നിർദ്ധിഷ്ഠ ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. പ്രതിവർഷം കുടുംബവരുമാനം 4800 രൂപയാണ് ധനഹായതുക 3000 രൂപ ആക്കേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിലെ അഗതികളെയും മറ്റും സംരക്ഷിക്കുന്നതിലേക്ക് ഒരു അഗതി മന്ദിരം തുടങ്ങുവാൻ വേണ്ട നടപടികൾ ആരംഭിക്കേണ്ടതാണ്
2. വിവിധ സാമൂഹ്യപെൻഷനുകൾക്ക് അർഹരായിട്ടുള ളവരെ കണ്ടെത്തി, സഹായങ്ങൾ ലഭ്യമാക്കുവാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം. പഞ്ചായത്തിലെ ഒരുദ്യോഗസ്ഥനെ ഇതിന്റെ ചുമതല ഏൽപ്പിക്കണം

## പാർപ്പിടം

വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഏറെ പിൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്തിൽ കൂടുതലും കൂലി പണിയെടുത്ത് ഉപജീവനം നടത്തുന്നവരെയാണ്. അതുകൊണ്ടുതന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ ഭൂരിപക്ഷവും

പഞ്ചായത്തിലെ 6421 വീടുകളിൽ 3285 വീടുകളും ഓല മേഞ്ഞ കുടിലുകളോ ചെറിയ വീടുകളോ ആണ്. ഇതിൽ ബഹുഭൂരിപക്ഷം വീടുകളുടെയും തറ ചാണകം മെഴുകി.യാണ്. 1663 വീടുകളുടെ മേൽക്കൂര ഓട് മേഞ്ഞതാണ് ഇതിൽ 363 വീടുകൾ വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച് ചെറിയ വീടുകളാണ്. ഗൾഫ് പണത്തിന്റെ സ്വാധീനം ഈ ഗ്രാമത്തിൽ വളരെ കുറവാണ് എങ്കിലും അങ്ങിങ്ങായി കോൺക്രീറ്റ് വീടുകൾ പുതിയതായി ഉയർന്നു വരുന്നുണ്ട്. വയൽ നികത്തി

കെട്ടിടങ്ങൾ പണിയുന്ന അവസ്ഥ പഞ്ചായത്തിൽ ഇല്ലാതില്ല. കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവർത്തനത്തിൽ പഞ്ചായത്തിലെ ജനങ്ങൾ ആശങ്കാകുലരാണ്.

പഞ്ചായത്തിൽ നിലവിൽ 16 ഇഷ്ടിക നിർമ്മാണ ശാലകളുണ്ട്. 4, 7, 8, 9, 10 എന്നീ വാർഡുകളിൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ കല്ല് വെട്ടി എടുക്കുന്നു എന്നാൽ അസംഘിടതമായാണ് ഇതു നടക്കുന്നത്.

(വീടുകളുടെ തരം തിരിവ് പട്ടിക വാർഡ് അടിസ്ഥാനത്തിൽ താഴെ)

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | 1-ൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങളുടെ എണ്ണം | കോൺക്രീറ്റ് | ഓട് | ഓല |
|---|---|---|---|---|---|
| I | 683 | 9 | 148 | 288 | 238 |
| II | 598 | 4 | 109 | 189 | 296 |
| III | 643 | 9 | 97 | 167 | 370 |
| IV | 499 | 4 | 81 | 82 | 332 |
| V | 558 | 7 | 89 | 114 | 348 |
| VI | 560 | 7 | 111 | 89 | 353 |
| VII | 645 | 18 | 87 | 118 | 422 |
| VIII | 605 | 10 | 101 | 129 | 365 |
| IX | 568 | 11 | 235 | 187 | 135 |
| X | 642 | 9 | 231 | 189 | 213 |
| XI | 420 | 9 | 87 | 111 | 213 |
| ആകെ | 6421 | 97 | 1376 | 1663 | 3285 |

ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന പ്രത്യേകം സാമ്പത്തിക സ്ഥാപനങ്ങളൊന്നും പഞ്ചായത്തിലില്ല. വാണിജ്യബാങ്കുകളിൽ നിന്ന് സാധാരണക്കാരന് വായ്പ ലഭ്യമല്ല. ലഭിച്ചാൽ തന്നെ അമിതമായ പുലിശയാണ് പ്രസ്തുത സ്ഥാപനങ്ങൾ ഈടാക്കുന്നത്. സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയും യഥാസമയം വായ്പ ലഭിക്കാത്തതും സാധാരണക്കാരെ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും അകറ്റി നിർത്തുന്നു. ഹൗസിങ്ങ് സൊസൈറ്റികൾ രൂപീകരിച്ചാൽ ഇത് ഒരു പരിധി വരെ പരിഹരിക്കുവാൻ കഴിയും. വായ്പാ വ്യവസ്ഥകൾ ഇനിയും ഉദാരവൽക്കരികേണ്ടത്. ധനകാര്യസ്ഥാപനങ്ങൾ വായ്പ നൽകുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്
2. പലിശ നിരക്ക് 12 ശതമാനമായി നിജപ്പെടുത്തേണ്ടതാണ്
3. വായ്പ തിരിച്ചടക്കേണ്ട തവണകൾ വർദ്ധിപ്പിക്കേണ്ടതാണ്.

72–73 വർഷങ്ങളിൽ വിദഗ്ദ്ധ തൊഴിലാളികൾക്ക് 8 രൂപ കൂലി ഉണ്ടാവുമ്പോൾ അവിദഗ്ദ്ധ തൊഴിലാളിക്ക് 5–6 രൂപ ആയിരുന്നു കൂലി നിരക്ക്. 75–76 കാലയളവിൽ വിദഗ്ദ്ധ തൊഴിലാളികൾക്ക് 7 രൂപയും 92–93 വർഷങ്ങളിൽ യഥാക്രമം 80–90 രൂപയും 65–75 രൂപയും 94 കാലയളവിൽ 100–110 വിദഗ്ധതൊഴിലാളികൾക്കും 70–80 രൂപ അവിദഗ്ദ്ധ തൊഴിലാളികൾക്കും ഉണ്ടായിരുന്നു. കൂലി നിരക്ക് 95–96 കാലയളവിൽ വിദഗ്ദ്ധ് തൊഴിലാളികൾക്ക് 90 രൂപ മുതൽ 130 വരെയും അവിദഗ്ദ്ധ തൊഴിലാളികൾക്ക് 90 രൂപ മുതൽ 100 രൂപ വരെ എത്തി നിൽക്കുന്നതായും കണക്കാക്കപ്പെടുമ്പോൾ സ്ത്രീത്തൊഴിലാളികൾ പഞ്ചായത്തിൽ വിദഗ്ദ്ധ തൊഴിലാളികളായി അറിയപ്പെടുന്നില്ല. അവിദഗ്ദ്ധ തൊഴിലാളികളായി പഞ്ചായത്തിൽ സ്ത്രീകൾ കൂടുതൽ ഉള്ളതായും കണക്കാക്കപ്പെടുന്നു. പുരുഷ തൊഴിലാളികളേക്കാൾ കുറവാണ് സ്ത്രീ തൊഴിലാളികളുടെ കൂലി നിരക്ക് ഇപ്പോൾ 95–96 കാലയളവിൽ 80–90 രൂപയാണ് സ്ത്രീത്തൊഴിലാളികൾക്ക്

കെട്ടിടനിർമ്മാണ സാമഗ്രികളായ സിമന്റ് 87–88 കാലയളവിൽ 70 രൂപയും 89 ൽ 100 രൂപയും 92–94 വർഷങ്ങളിൽ150 രൂപയും 95–96 വർഷങ്ങളിൽ 180 രൂപായും എത്തി നിൽക്കുന്നു. 87–88 ൽ 100 കല്ലിന് 200 രൂപായായിരുന്നത് 96ൽ 45– രൂപായായി വർദ്ധിച്ചതായി കാണാം. കല്ലിന്റെ ഗുണത്തിൽ വ്യത്യാസം ഉണ്ടായിട്ടില്ലെന്ന് കണക്കാക്കപ്പെടുന്നു. 87–88ൽ1.കി.ഗ്രാം കമ്പിക്ക്

13 രൂപ ആയിരുന്നത് 96–ൽ 16.50 ൽ എത്തിനിൽക്കുന്നതായി കാണാം. കോൺക്രീറ്റ് യൂണിറ്റിന് 87–88ൽ 1800 കൂലി ഉണ്ടായിരുന്നടുത്ത് ഇപ്പോൾ 2500 ൽ എത്തി നിൽക്കുന്നു. 95–ൽ ഫസ്റ്റ് ക്ലാസ്സ് ഓടിന് 1000 ത്തിന് 5000 രൂപ ഉണ്ടായിരുന്നുത് 96–ൽ 1000 ത്തിന് 5500 എത്തി നിൽക്കുന്നു.

കൂലി നിരക്കിലെയും അതിനേക്കാൾ വെല്ലുന്ന സാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളുമായ ബ്ലോക്കു വഴി നൽകുന്ന RLEGP, NREP, JAY, JRY, MHS എന്നീ പദ്ധതികളുടെ വായ്പാ പരിധിയടും രാജീവ് ദശലക്ഷപാർപ്പിട പദ്ധതിയുടെ വായ്പാ പരിധിയും വർദ്ധിപ്പിക്കുവാനും വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതുണ്ട്.

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കുകയും ഭവനരഹിതർക്ക് വീട് നിർമ്മിച്ചു നൽകാനും സർക്കാർ വിവിധ ഏജൻസികലിലൂടെ ഇപ്പോൾ ലഭ്യമാകുന്ന വായ്പകൾ കൊണ്ടും സഹായങ്ങൾ കൊണ്ടും കാര്യമായി കഴിയില്ലെന്ന അനുഭവം നമ്മെ അറിയിക്കുന്നു. ഇതിനായി വാർഡ് തലത്തിൽ ഒരു ബൃഹത്തായ പദ്ധതിക്കേ ഇതു മാറ്റിയെടുക്കാൻ കഴിയൂ എന്ന് നാം തിരിച്ചറിഞ്ഞിട്ടുണ്ട്. ഇതിനായി വാർഡ് തലത്തിൽ ഗുണഭോക്താക്കളുടേയും സന്നദ്ധസംഘടനകളുടേയും സംയുക്തമായി വിളിച്ചു ചേർത്ത് ഗുണഭോക്താക്കൾക്ക് എത്ര രൂപ സമാഹരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കി സർക്കാർ ഫണ്ടിന് പുറമേ സാധനങ്ങളും അദ്ധ്വാനവും സംഭാവന വഴി സ്വരൂപിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കു. എഞ്ചനീയർ മുതൽ ലേബർ വരെയുള്ളവരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിലേക്കെത്തിക്കുന്ന ഏജൻസിയായ (സന്നദ്ധസംഘടന) ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.

2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനെപോലെ, ഒരു ഏജൻസിയെ ചുമതലപ്പെടുത്തുക.

3. നിർമ്മാണ ച്ചില്വ് 2 ലക്ഷം രൂപക്ക് മുകളിൽ വരുന്ന വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക

4. സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള സാങ്കേതികമായും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക

1. അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യുക

2. രജിസ്ട്രാഫീസിലെ അമിതമായ ഫീസ് ഇല്ലാതാക്കുക

3. കാലതാമസം ഒഴിവാക്കുക

4. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നൽകുക

6. സർക്കാർ ഏജൻസികൾ വഴി വിരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക

7. ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക

8. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക

1. JAY, MHS, JRY, ALEGP എന്നിവ 15,800 രൂപയിൽ നിന്ന് 30000 രൂപായി ഉയർത്തുക

2. രാജീവ് ദശലക്ഷപാർപ്പിട പദ്ധതി 26400 രൂപയിൽ നിന്ന് 50000 രൂപായായി ഉയർത്തുക

3. പ്രകൃതിക്ഷോഭപുനരധിവാസ പദ്ധതി 15000 രൂപയിൽ നിന്ന് 25000 രൂപയായി ഉയർത്തുക

9. നിർമ്മിതി കേന്ദ്രത്തിന്റെ മാതൃകയിൽ പഞ്ചായത്തു തലത്തിൽ ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള ഏജൻസികൾ രൂപീകരിക്കുവാൻ നടപടിയെടുക്കുക

10. കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധിടയിൽ അംഗങ്ങളായവരെ ഉൾപ്പെടുത്തി സൊസൈറ്റി രൂപീകരിക്കുകയും ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുളഅള പരിശീലനം നൽകുകയും ചെയ്യുക

10. പരിസ്ഥിതിക്കു കോട്ടം തട്ടുന്ന വിധത്തിലുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും നിയമം മൂലം നിരോധിക്കുകയും ആയിതനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കുകയും ചെയ്യുക.

12. പഴകുളം സർവ്വീസ് സൊസൈറ്റി, ഇടമൺ സോഷ്യൽ സർവ്വീസ് സൊസൈറ്റി തുടങ്ങിയ ഏജൻസികളിലൂടെ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള പാർപ്പിട നിർമ്മാണ

പദ്ധതിയിലും മറ്റും പല അപാകതകളും ഉണ്ടായിട്ടുണ്ട്. കേന്ദ്ര ഗവ. ന്റെയും സംസ്ഥാന ഗവ. ന്റെയും വിദേശ രാജ്യങ്ങളിലുൾപ്പെടയുള്ള വിവിധ ഏജൻസികളിലൂടെയും ധനം സമാഹരിച്ച് ഈ സൊസൈറ്റികൾ നടത്തുന്ന പ്രവർത്തനങ്ങൾ ഗുണഭോക്താവിന് 100% പ്രയോജനപ്പെടുന്നില്ല. ആയതിനാൽ ഈ സംഘടനകൾക്ക് നൽകുന്ന സാമ്പത്തിക സഹായം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുക. അതിന്റെ ആനുകൂല്യം 100% പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് ഉറപ്പാക്കുകയും ചെയ്യുക.

പഞ്ചായത്തിലെ ഹരിജൻ കോളനികളുടെ പാർപ്പിട പ്രശ്നം സങ്കീർണ്ണമായ മറ്റ് പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. കൊച്ചു കൂരയിലെ ജനബാഹുല്യമാണ് ഇതിന് കാരണം. വീടുകൾ തൊട്ടുതൊട്ടു കിടക്കുന്നും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കോളനികളായി അംഗീകരിച്ചിട്ടുള്ള പ്രദേശത്തേക്കാണ് ആനുകൂല്യങ്ങൾ മിക്കതും എത്തികൊണ്ടിരുന്നത്. ആയതിനാൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ചിന്നിച്ചിതറി കിടക്കുന്ന ഹരിജനങ്ങൾക്ക് പാർപ്പിടം നിർമ്മിക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

ദുർബല വിഭാഗക്കാർക്ക് വീടു വയ്ക്കാനും ഇടത്തരക്കാർക്ക് നിർമ്മാണത്തിനും പുതുക്കി പണിയാനുമുള്ള സഹായമോ,വായ്പയോ ലഭ്യമാവാത്തതിനാൽ ഈ വിഭാഗകാർക്ക് പൊതുവെ പൊതുപ്രവർത്തിനിൽ ഉത്സാഹക്കുറവ് കാണപ്പെടുന്നു. ജനകീയ ആവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിടപ്രശ്നം അടിയന്തിരപ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതുവഴി നാടിന്റെ പ്രത്യുത്പാദന രംഗങ്ങളിൽ ആത്മാർത്ഥതയോടെയും ഉത്സാഹത്തോടെയും സമസ്ത ജനവിഭാഗങ്ങളെയും സജീവമാക്കാൻ കഴിയേണ്ടിരിക്കുന്നു.

വിവിധ തരം പെൻഷനുകൾക്കുള്ള വരുമാന പരിധി ദാരിദ്രരേഖക്ക് താഴെ എന്നാക്കു. മാരക രോഗങ്ങൾ,വൃക്കമാറ്റിവയ്ക്കൽ ഹൃദയശസ്ത്രക്രീയ തുടങ്ങിയവക്ക് അടിയന്തിര സഹായങ്ങൾ നൽകുക.

ആയതിനാൽ നമ്മുടെ ലക്ഷ്യം 5 വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിടപ്രശ്നം പൂർണ്ണമായില്ലെങ്കിലും പരമാവധി പരിഹരിക്കലാവട്ടെ. അതിനുള്ള കൂട്ടായ്മക്കായി നമുക്കൊരുമിക്കാം. ഒരുമിക്കൂ. !

# സംസ്കാരം



ചൈതന്യമത്തായ ഒരു സംസ്കാരത്തിന്റെ ചരിത്ര പാരമ്പര്യം ശൂരനാടിന് ഉണ്ട്. വയലുകളും, കരകളും, തോടുകളും ഇടകലർന്ന് കാണുന്ന പകൃതിരമണീയമായ ഈ ഭൂപ്രദേശം സമ്പന്നമായ ഒരു കാർഷികസംസ്കാരത്തിന്റെ വിളഭൂമി ആണ്. ഈ നാട്ടിലെ അദ്ധ്വാനശീലരായ കർഷക ജനതയുടെ മാർഗ്ഗദീപങ്ങളായിരുന്നവരെ നമുക്ക് മറക്കാനാവില്ല. ചരിത്ര കാലഘട്ടത്തിലൂടെ മുന്നോട്ടുള്ള പ്രയാണത്തിൽ ആ ദാന പ്രധാനങ്ങളിലൂടെ നേടിയെടുത്ത് സിദ്ധികൾ ജനതയുടെ പൊതുവായ സംസ്കാരിക സമ്പത്താണ്.

ശൂരൻമാരുടെ നാട് എന്ന അർത്ഥത്തിലാണ് "ശൂരനാട്" എന്ന സ്ഥലനാമം ലഭിച്ചതെന്ന് ഐതീഹ്യമുണ്ട്. ശൂരൻമാരുടെ നാടും കടമ്പൻമാരുടെ നാടും തമ്മിൽ പോരുവഴിയിൽ വെച്ച് പോര് നടന്നുവെന്നും അതിൽ വിജയിച്ചില്ല നാടിന് " ശൂരനാട്" എന്നപേര് വന്നെന്നും പഴമക്കാർ കരുതുന്നു. മഹത്തായ ഒരു ആയോധന പാരമ്പര്യം നമുക്ക് ഉണ്ട്. എന്നുള്ളതിന് നമുക്ക് ചുറ്റുമുള്ള ചക്കുവള്ളി, നൂറനാട് പടനിലങ്ങൾ, കളരികൾ ഇവ സാക്ഷ്യം വഹിക്കുന്ന ആനയടിയിലെ പുരാതന ഗുഹകൾ പഴയ കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ എന്നിവ നമ്മുടെ പുരാതന ചരിത്ര പാരമ്പര്യം വെളിവാക്കുന്നു.

കളരികളുടെയും ആയോധന വിദ്യയുടെയും പിൻതലമുറക്കാർ ഇന്നും ഇവിടെ ഉണ്ട്. കായംകുളം രാജാവിന്റെയും പന്നീട് വേണാടിന്റെയും അതിന് ശേഷം തിരുവിതാംകൂറിന്റെയും ഭരണഭാഗമായി തീർന്ന

ശൂരനാടിന് കേരളത്തിന്റെ സാംസ്കാരിക സാമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളിൽ അതിപ്രധാനമായ സ്ഥാനമാണുള്ളത്.

ദേവസ്വം സ്വത്തുക്കളുടെ അധിപൻമാരായ ബ്രഹ്മണപ്രഭുക്കൾ, ഫ്യൂഡൽ ജൻമികൾ, കുടിയാൻമാർ, അടിയാൻമാർ എന്നിങ്ങനെ വിഭജിക്കപ്പെട്ട സാമൂഹ്യഘടനയോടു കൂടിയ ഫ്യൂഡൽ കാലഘട്ടത്തിൽ തീണ്ടൽ, തൊടീൽ തുടങ്ങിയ അനാചാരങ്ങൾ നിലവിലുണ്ടായിരുന്നു. അയിത്ത ജാതിക്കാർക്ക് ക്ഷേത്രങ്ങൾ, വിദ്യാലയങ്ങൾ, പൊതുനിരത്തുകൾ എന്നിവ വിലക്കപ്പെട്ടിരുന്നു. 1936-ലെ ക്ഷേത്രപ്രവേശന വിളംബരത്തോടുകൂടി ഈ സ്ഥിതിക്ക് ഒട്ടേറെ മാറ്റം വന്നുവെങ്കിലും ജൻമി, കുടിയാൻ, അടിയാൻ വ്യവസ്ഥ മാറ്റമില്ലാതെ തുടർന്നു.

ഉത്തരവാദ ഭരണത്തിന് വേണ്ടിയും സി.പി.യുടെ മർദ്ദകവാഴ്ചക്കെതിരെയും നടന്ന പോരാട്ടങ്ങളിൽ ശൂരനാട്ട് കർഷക ജനതയുടെ പങ്കാത്തം ഉണ്ടായിരുന്നു. കളക്കാട്ടുതറ പരമേശ്വരൻ നായർ, തണ്ടാശ്ശേരി രാഘവൻ, നെടുതറ കൃഷ്ണൻ, N.ജനാർദ്ദനൻ (N.J കടൂർ) എന്നിവരായിരുന്നു ആദ്യകാല സ്റ്റേറ്റ് കോൺഗ്രസുകാർ. പരുത്തികൃഷിയും, ചർക്കയിൽ നൂൽനൂൽപ്പും സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി നമ്മുടെ നാട്ടിലും പ്രചരിച്ചിരുന്നു. ജന്മി ഭൂവുടമാവർഗ്ഗത്തിന്റെ ചൂഷണങ്ങൾക്കെതിരായുള്ള പോരാട്ടത്തിൽ സ്വന്തം ജീവരക്തം കൊണ്ട് ചരിത്രം കുറിച്ച ധീരൻമാരുടെ ത്യാഗത്തിന്റെ കഥയാണ് ശൂരനാട് കാർഷിക കലാപം എന്ന പേരിൽ പ്രസിദ്ധമായ "ശൂരനാട് സംഭവം " നാടിന്റെ സാമൂഹികഘടനയിൽ വമ്പിച്ച പരിവർത്തനങ്ങൾ വരുത്തുവാൻ ഈ സംഭവം സഹായകമായി. ഗ്രാമീണകർഷകന്റെ കഴുത്തിൽ ജൻമിത്വം വെച്ചുകെട്ടിയ നുകം വലിച്ചെറിയുന്നതിനും ജനിച്ച മണ്ണിൽ ജീവിക്കാനുള്ള അവകാശം നേടിയെടുക്കുന്നതിനും വേണ്ടി നടയിൽ വടക്കതിൽ പരമു നായർ, ചെറുതിട്ട രാമൻനാർ, P.K.പരമേശ്വരൻ പോറ്റി എന്നിവരുടെ നേതൃത്ത്വത്തിൽ രൂപം കൊണ്ട യുവജനസംഘം നടത്തിയ ആദ്യകാല പോരാട്ടങ്ങൾ നാടിന്റെ വിപ്ലവചൈതന്യത്തെ തട്ടിയുണർത്തി.

മദ്ധ്യതിരുവിതാംകൂറിലാകെ തോപ്പിൽ ഭാസിയും, പുതുപ്പള്ളി രാഘവനും, കെ.കേശവൻ പോറ്റിയും നേതൃത്വം നൽകിയ കർഷക പ്രസ്ഥാനത്തിന്റെ ശക്തി കേന്ദ്രങ്ങളിലൊന്നായി തീർന്നു. ശൂരനാട് പനത്താഴ രാഘവൻ മേലക്കാട്ടേത്ത് കുഞ്ഞിരാമൻ, ചേരൂർ മാധവൻപിള്ള എന്നിവർ ശൂരനാട് കർഷകത്തൊഴിലാളി പ്രസ്ഥാനം വളർത്തികണ്ടു വരാൻ മുൻനിന്ന് പ്രവർത്തിച്ചു. ശൂരനാട് കർഷക ജനത കൈവിലങ്ങ് പൊട്ടിച്ചെറിഞ്ഞ 1949 ഡിസംബർ 31 ലെ കർഷക കലാപം കേരളത്തിലെ കർഷക കലാപങ്ങളുടെ ചരിത്രത്തിലെ തിളക്കമുള്ള അദ്ധ്യായങ്ങളിലൊന്നാണ്. നാടിന്റെ പ്രീയ സഖാക്കൾ പായിക്കലിൽ ഗോപാലപിള്ള, തണ്ടാശ്ശേരി രാഘവൻ, കളക്കാട്ട്തറ പരമേശ്വരൻ നായർ, കാഞ്ഞിരപ്പള്ളി വടക്ക് പുരുഷോത്തമക്കുറുപ്പ് എന്നിവർ ഈ സമരത്തിൽ രക്തസാക്ഷികളായി. ഈ സംഭവത്തിൽ പങ്കെടുത്ത് കൊടിയ മർദ്ദനത്തിനെ വിധേയരായവർ ഇന്നും ശൂരനാട്ടിലുണ്ട്. പോലീസ് തേർവാഴ്ചയിൽ ചവിട്ടിയരയ്ക്കപ്പെട്ട നാട്ടിൽ നവോത്ഥാന പ്രസ്ഥാനങ്ങൾ കൂടുതൽ കരുത്താർജ്ജിക്കുകയാണുണ്ടായത്. ജൻമി ഫ്യൂഡൽ വ്യവസ്ഥിതിക്ക് കനത്ത പ്രഹരം ഏൽപ്പിച്ച ശൂരനാട് സംഭവം, ശൂരനാട്ടെ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളിൽ വമ്പിച്ച പരിവർത്തനങ്ങൾ വരുത്തി. കാർഷിക ഉല്പാദന ഉടമ വ്യവസ്ഥയിൽ കാതലായ മാറ്റം വരിത്തുന്നതിന് ഈ സംഭവം ഇടയാക്കി. കർഷകരും, കർഷകത്തൊഴിലാളികളും അരുടേയും അടിമകളല്ലെന്ന് ലോകം അംഗികരിച്ചു. സാമൂഹിക ബന്ധങ്ങളിലുണ്ടായ മാറ്റവും, പുരോഗതിയും നാടിന് നവചൈതന്യം നൽകി.

മഹത്തായ ഒരു സാംസ്കാരിക പാരമ്പര്യം ശൂരനാടിന് ഉണ്ട്. ക്ഷേത്രകലകൾ ക്ഷേത്രശിൽപങ്ങൾ കൊത്തുപണികൾ. നാടൻ കലാരൂപങ്ങൾ എന്നിവ നിദർശനമാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള ആനയടി നരസിംഹ സ്വാമിക്ഷേത്രം, വീട്ടിനാൽ ദേവീക്ഷേത്രം, അഴകിയ കാവ് ദേവീ ക്ഷേത്രം, മങ്ങാട്ട് ക്ഷേത്രം, കൊല്ലശ്ശേരി ക്ഷേത്രം, ആലുവിള ക്ഷേത്രം, പീടികയ്ക്കൽ ക്ഷേത്രം, കളരിവാതുക്കൾ ക്ഷേത്രം, കുണിരാടത്ത് മലനട ദുശളാ ക്ഷേത്രം, കയ്പ്പള്ളി ക്ഷേത്രം, ശ്രീനാരായണപുരം ക്ഷേത്രം എണ്ണശ്ശേരി (ദുശാസന ക്ഷേത്രം) എന്നിവിടങ്ങളിൽ നിലനിന്ന ആചാരാനുഷ്ഠാനങ്ങളും, അനുഷ്ടാനകലാരൂപങ്ങളും, നാടിന്റെ സാംസ്കാരിക പുരോഗതിക്ക് കാര്യമായ പുരോഗതി നൽകി. മലനട ക്ഷേത്രങ്ങളിൽ പുരാതനകാലം മുതൽക്കേ അയിത്തം ഇല്ലാതിരുന്നതും പുറംങ്ങാടികൾ, കുറവർ, വേലർ തിടങ്ങിയ ബ്രാഹ്മണേതര പൂജാരികൾ, പൂജാതി കർമ്മങ്ങൾ നിർവ്വഹിച്ചിരുന്നുവെന്നതും ശ്രദ്ധേയമാണ്. പുതിയടത്ത് ക്ഷേത്രത്തിൽ വത്താകൃതിയിലുള്ള ശ്രീകോവിലും, വീട്ടിനാൽ ക്ഷേത്രത്തിലെ ദാരുശിൽപങ്ങളും, ആനയടി, തേവർനട, പുതിയിടം പീടികയ്ക്കൽ ക്ഷേത്രങ്ങളിലെ ശിൽപങ്ങളും, നാടിന്റെ സാംസ്കരി താൽപര്യത്തെ വിളിച്ചറിയിക്കുന്നു.

ക്ഷേത്രങ്ങളോടനുബന്ധിച്ച് നിലനിന്നിരുന്ന

കരകൾ, കരയോഗങ്ങൾ, എന്നിവ നാടിന്റെ സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളിൽ കാര്യമായ സ്വാധീനം ചെലുത്തിയിരുന്നു.പാതിരിൽ, പുലികുളം,ഇടപ്പനയം, ആനയടി, നടുവിലെമുറി പടിഞ്ഞാറ്റംമുറി, പടിഞ്ഞാറെകിഴക്ക് മുറി എന്നീ കരകളായി നാടിനെ വിഭജിച്ചിരിക്കുന്നു. ആൽ, ആൽത്തറ, കളിത്തട്ട്, ചുമട്താങ്ങി എന്നിവ ആക്കാലത്ത് സാംസ്കാരിക സവിശേഷതയുടെ ഭാഗമായിരുന്നു.

ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ നമ്മുടെ നാട്ടിൽ ഉയർന്ന് വന്ന കൃസ്ത്യൻ ആരാധനാലയങ്ങളും, മുസ്ലീം പള്ളികളും വാസ്തു വിദ്യയിൽ തനതായ മാനങ്ങൾ സൃഷ്ടിച്ചുകൊണ്ട് ശൂരനാടിന്റെ സാംസ്കാരത്തെ പരിപോഷിപ്പിച്ച് വരുന്നു. തെക്കേമുറി പള്ളിച്ചന്ത പ്രദേശങ്ങളിലുള്ള കൃസ്ത്യൻ പള്ളികൾ ജനങ്ങളുടെ സാംസ്കാരിക വിദ്യാഭ്യാസ ആതുര ശുശ്രൂഷ രംഗങ്ങളിൽ കാര്യമായ സംഭാവനകൾ നൽകുന്നുണ്ട്.പള്ളിച്ചന്തിയുലെ ലത്തീൻ കത്തോലിക്കാ പള്ളിയിലെ മാർഗ്ഗം കളി തുടങ്ങിയ കൃസ്ത്യൻ കലാ പ്രകടനങ്ങൾ പഠിപ്പിച്ചിരുന്നു. പുളിമൂട് ജംഗ്ഷനിലുള്ള ശൂരനാട് മുസ്ലീം ജമാ അത്ത് പള്ളി ഒരു പ്രധാന ആരാധനാലയമാണ്. ദഫ്മുട്ട് കളി, മാപ്പിളപ്പാട്ട്, ഇവ മുസ്ലീങ്ങളുടെ തനത് കലാരൂപങ്ങളാണ്. പെരംകുളം മുസ്ലീം പള്ളി കേന്ദ്രമാക്കി ഉയർന്നു വരുന്ന അറബനമുട്ട്, കോൽകളി, സംഘങ്ങളുടെ പ്രവർത്തനങ്ങളും ഉണ്ട്.

ആരാധനാലയങ്ങൾ എല്ലാം നമ്മുടെ നാടിന്റെ മഹത്തായ സാംസ്കാരിക പാരമ്പര്യവും, മതേതര പാരമ്പര്യവും സംരക്ഷിക്കുന്നവയും ജനതയുടെ ഐക്യബോധം പ്രകടമാക്കുന്നതും ആണ്. വൈവിധ്യത്തിലുള്ള ആചാരനുഷ്ടാനങ്ങൾ പാലിക്കുമ്പോൾ പോലും സാംസ്കാരികവും രാഷ്ട്രീയവുമായ ഐക്യം പാലിക്കുന്നതിനും, ഒരുമയോടെ ജിവിക്കുന്നതിനും, നാടിന്റെ പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഒരുമിച്ച് നിൽക്കുന്നതിന് ജനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ശൂരനാട് ജനതയുടെ സംസ്കാരം രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിക്കുവാൻ ആരാധനാലയങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

ആശാൻ കളരി സമ്പ്രദായത്തിലുള്ള എഴുത്ത് പള്ളിക്കൂടങ്ങളും, തുള്ളൽകലാകേന്ദ്രങ്ങളും, കാക്കാരശി നാടകം, പരിശ്മുട്ടുകളി എന്നിവ പഠിപ്പിക്കുന്ന കേന്ദ്രങ്ങളും നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു. ഈ സ്ഥാപനങ്ങൾ നാടിന്റെ വിദ്യാഭ്യാസ സാംസ്കാരിക പുരോഗതിയിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. കൊല്ലക ആശാൻമാർ കൊല്ലശ്ശേരി ക്ഷേത്രത്തിൽ വെച്ച് കാക്കാരശി നാടകം പഠിപ്പിച്ചിരുന്നു ദേവീക്ഷേത്രങ്ങളിൽ കളമെഴുത്തും, പാട്ടും, നടത്തുന്ന സമ്പ്രദായം ഇപ്പോളും ഉണ്ട്. പടയണി, ഗരുഡൻ തൂക്കം, കാക്കാരശി നാടകം, തുള്ളൽ, വേലൻതുള്ളൽ, പാണൻപാട്ട്, പുള്ളുവൻപാട്ട്, ശാസ്താം പാട്ട്, കുഴുവേലിക്കട എന്നീ കലാരൂപങ്ങൾ നമ്മുടെ ക്ഷേത്രങ്ങളിൽ അവതരിപ്പിച്ചിരുന്നു.ഈ കലാരൂപങ്ങൾ അവതരിപ്പിച്ചിരുന്ന അനുഗൃഹീത കലാകാരൻമാർ ഈ നാട്ടിൽ ഉണ്ടായിരുന്നു. തിരുവനന്തപുരത്ത് അൽപശി ഉൽസവത്തിന് പൂവണ്ണാക്കുറുപ്പിന്റെ തുള്ളൽ പരിപാടികൾ ഉണ്ടായിരുന്നതായി എ.ഡ്.ഹരിശർമ്മ നളചരിതം തുള്ളലിന്റെ അവതാരികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, ദിവാൻ സി.പി.യിൽ നിന്നും ബഹുമതി നേടിയ വാസ്തു വിദ്യ വിദഗ്ദൻ കൊച്ചുവീട്ടിൽ കിട്ടുപിള്ള ശൂരനാട് നിവാസികളായിരുന്നു.ഗോവിന്ദപ്പിള്ള ആശാൻ, മൃദംഗ വിദ്വാൻ, കഥകളി വിദ്വാൻ പായിക്കാട്ട് നാണുആശാൻ എന്നിവർ അക്കാലത്ത് പ്രസിദ്ധരായിരുന്നു. നാദസ്വര വിദ്വാൻമാരായ പരമു പണിക്കർ, പരമു ആചാരി, രാമകൃഷ്ണ ഭാഗവതർ, തകിൽ വിദ്വാൻ ഗോപാലൻ ആചാരി എന്നിവരും പ്രസിദ്ധരായിരുന്നു. ചിത്രകലയിലും ശിൽപകലയിലും നൂതനമാനങ്ങൾ സൃഷ്ടിച്ച ശ്രീ.ഉപേന്ദ്രകൃഷ്ണ ശൂരനാടിന്റെ അഭിമാനമാണ്. ലളിതകലാ അക്കാഡമി അംഗമായിരുന്ന ഇദ്ദേഹം കലാശോഭയുള്ള അമൂല്യ ചിത്രങ്ങൾ രചിച്ചിട്ടുണ്ട്. പശ്ചിമബംഗാൾ, ശാന്തിനികേതനിലെ ചിത്രകലാ അദ്യാപകനായ ശൂരനാട് ആർ. ശിവകുമാർ പ്രസിദ്ധനാണ്. അറിയപ്പെടുന്ന സംഗീജ്ഞൻമാർ വയ്യാങ്കര മധുസൂധനൻ ആനയടി പ്രസാദ് എന്നിവർ നമ്മുടെ നാട്ടുകാർ എന്നുള്ളത് അഭിമാനകരമാണ്.

ആയുർവ്വേദം, സിദ്ധവൈദ്യം, മൃഗചികിത്സാ, എന്നീ രംഗങ്ങളിൽ പ്രസിദ്ധരായവർ ശൂരനാട് ഉണ്ടായിരുന്നു.ജ്യോതിഷപണ്ഡതൻമാരുംപ്രശസ്തരായവർ ആയിരുന്ന. മുഖ്യചികിത്സാ സമ്പ്രദായം ആയുർവ്വേദമായിരുന്നു. വിഷചികിത്സാ വിദഗ്ദൻമാരുടെ സേവനം ഇതരദേശങ്ങളിൽ ഉള്ളവർ പോലും പ്രയോജനപ്പെടുത്തിയിരുന്നു. ആയുർവ്വേദ ചികിത്സയിലും മൃഗചികിത്സയിലും നമ്മുടെ നാടിന്റെ പാരമ്പര്യം കാത്തു സൂക്ഷിക്കുന്ന ശ്രീ. മക്ഷിവിളയിൽ നാരായണൻനായരുടെ സേവനം ഇന്നും നമുക്ക് അനുഗ്രഹമാകുന്നു. വൈദ്യശാസ്ത്ര വിഷയങ്ങൾ പ്രതിപാദക്കുന്ന നിരവധി താളിയോല ഗ്രന്തങ്ങൾ ഇന്നും നമുക്ക് ലഭ്യമാണ്.

സാഹിത്യ വിഷയത്തിലും നമ്മുടെ നാടിന് മഹത്തായ പാരമ്പര്യമുണ്ട്. ക്ഷേത്രകലാരൂപങ്ങളായ

തുള്ളൽ, കാക്കരശ്ശി, പടയണി, കളമെഴുത്തും പാട്ടും, വേലൻ തുള്ളൽ, സർപ്പം പാട്ട്, എന്നിവയുടെ അനുഷ്ടാനങ്ങളും സമ്പന്നമായ ഒരു സാഹിത്യ ശാഖ നമുക്കുണ്ട്. ഗ്രമീണ ജനതയുടെ ഹൃദയത്തിൽ നിന്നുറവെടുത്ത ഞാറ്റുപാട്ടുകളും വിത്തിടീൽ പാട്ടുകളും, ജീവിതയാഥാത്ഥ്യങ്ങളുടെ തീഷ്ണത വെളിവാക്കുന്ന സർഗ്ഗസാഹിത്യ സൃഷ്ടികളാണ്. ഇവയുടെ സമ്പന്നമായ ഒരു സാഹിത്യവിഭാഗം ശൂരനാടിനുണ്ട്. വേദന തിങ്ങുന്ന സമൂഹത്തിൽ നിന്നും ഉറവെടുത്ത ആ ഗാനങ്ങൾ ശൂരനാടിന്റെ ഗ്രാമഹൃദയത്തിൽ അലതല്ലിയിരുന്നു. ഇവയൊന്നും സമഗ്രമായി സമാഹരിക്കപ്പെട്ടില്ലെന്ന് ദുഃഖകരമാണ്.

മലയാള ഭാഷയ്ക്കും, സാഹിത്യത്തിനും ഗണനീയ സംഭാവനകൾ നൽകിയ അഭിവന്ദ്യനായ ശ്രീ. ശൂരനാട് കുഞ്ഞൻപിള്ളയുടെ ജനനം കൊണ്ട് പവിത്രവും ധന്യവും ആണ് നമ്മുടെ നാട്. മലയാളിയും മളയാളവും ഉള്ളടത്തെല്ലാം ശൂരനാട് മണ്ഡലത്തിൽ നിത്യശോഭയുള്ള നക്ഷത്രമ്ണ്. ബഹുഭാഷാ പണ്ഡിതൻ, നിരൂപകൻ, ചരിത്രഗേവേഷകൻ, കവി, ഭാഷാശാസ്ത്രജ്ഞൻ, ലിപി പരിഷ്കർത്താവ്, എന്നീ നിലനിലകളിൽ ബഹുമുഖാ പ്രതിഭയായിരുന്നു. അദ്ദേഹം ഉന്നതമായ വ്യക്തിത്വം, തെളിഞ്ഞ ചിന്തയും, ലളിതമായ ജിവിതവും കൊണ്ട് അദ്ദേഹം മലയാളികളുടെ ആചാര്യനായി ഭാഷാ സാഹിത്യത്തിലെ കുലപതി കളിലൊരാളായിരുന്ന അദ്ദേഹത്തിന്റെ പ്രഥമ എഴുത്തച്ഛൻ പുരസ്കാരം ഉൾപ്പെടെ നിരവധി അവാഡുകൾ ലഭ്യമായിട്ടുണ്ട്.

സരസ പണ്ഡിതൻ, അഡ്വക്കേറ്റ് കണ്ണമത്ത് ഗോപാലൻ നായർ പ്രസിദ്ധനായ കവിയായിരുന്നു. കെ.സി.ആനൂരം കവിയെന്ന നിലയിൽ പ്രസിദ്ധനായി. ഇവുരടെ കവിതകൾ ആനുകാലങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. ആനുകാല പ്രസിദ്ധീകരണങ്ങളിൽ തങ്ങളുടെ സർഗ്ഗ രചനകൾ പ്രസിദ്ധീകരിച്ചിട്ടുള്ള നിരവധി യുവ സാഹിത്യകാരൻമാർ നമുക്കുണ്ട്.

ശ്രീ. എ.പി.കളക്കാടിന്റെ പോർക്കലി എന്ന പ്രസിദ്ധമായ നോവലിൽ ശൂരനാട്ടെ കർഷക ജനത സാമൂഹിക, രാഷ്ട്രീയ മണ്ഡലങ്ങളിൽ നടത്തിയ ഐതിഹാസിക പോരാട്ടങ്ങളുടെയും, നേടിയെടുത്ത വിജയങ്ങളുടെയും കഥ പറയുന്നു. തോപ്പിൽ ഭാസിയുടെ ഒളിവിലെ ഓർമ്മകൾ ശൂരനാടിന്റെ ചരിത്ര പശ്ചാത്തലം വെളിവാക്കുന്നു. ശൂരനാട്ട് കർഷക ജനതയുടെയും സംസ്കാരത്തിലേക്കും സ്വഭാവ സവിശേഷതകളിലേക്കും വെളിച്ചം വീശുന്ന ഈ കൃതി ശൂരനാടിനെ മലയാള സാഹിത്യ കൃതികൾക്ക് പരിചയപ്പെടുത്തി കൊടുത്തു.

തോപ്പിൽ ഭാസിയുടെ നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന നാടകത്തിന്റെ പ്രമേയവും, പശ്ചാത്തലവും ശൂരനാടിന്റെ ഗ്രാമപ്രദേശവുമായി ബന്ധപ്പെട്ടതാണ് പുതിപ്പള്ളി രാഘവന്റെ വിപ്ലവ സ്മരണകൾ എന്ന ചരിത്ര ഗ്രന്ഥത്തിൽ മധ്യതിരുവിതാംകൂറിലെ മർദ്ദിത ജനതയുടെയും ഉയർത്തെഴുന്നേൽപ്പിന്റെയും ചരിത്രം വിവരിക്കുമ്പോൾ ശൂരനാടിനർഹമായ പരിഗണനയും, പ്രാധാന്യവും നൽകിയിട്ടുണ്ട്.

കൈകൊട്ടിക്കളി, തിരുവാതിര കുടമുത്ത് എന്നിങ്ങനെ സ്ത്രീകൾ അവതരിപ്പിച്ചിരുന്ന കലാരൂപങ്ങൾക്കും ഇവിടെ വലിയ പ്രാധാന്യം ലഭിച്ചിരുന്നു. ഇവയുടെ പാട്ടുകൾ നമ്മുടെ നാടൻ സാഹിത്യശാഖക്ക് മുതൽ കൂട്ടുകളാണ്.

വിവിധ കൈവഴികളിലൂടെ ഒഴികുയെത്തിയ സംസ്കാരത്തിന്റെ ധാരകൾ ഒരുമിച്ച് ചേർന്നതാണ് ആധുനിക ശൂരനാടിന്റെ സാംസ്കാരിക ധാരയെ സമ്പന്നവും, സമ്പുഷ്ടവും ആക്കിയത്. ജനങ്ങളെ അറിവിന്റെ നിറവിലേക്ക് നയിച്ച സരസ്വതീ ക്ഷേത്രങ്ങൾ സ്ഥാപിക്കുന്നതിനും, വളർത്തികൊണ്ട് വരുന്നതിനും മുൻനിന്ന് പ്രവർത്തിച്ച ശ്രീമാൻമാർ കളത്തൂർ ഗോപാലപിള്ള, തെന്നില ഗോപാലപിള്ള എന്നിവരുടെ സേവനങ്ങൾ വിലപ്പെട്ടതാണ്. തെന്നല L.P.S. അഴകിയകാവ് L.P.S. എന്നിവയാണ് നാട്ടിലെ ആദ്യസരസ്വതീ ക്ഷേത്രങ്ങൾ.ഈ വിദ്യാലയങ്ങളിലെ ആദ്യ അദ്ധ്യാപകൻമാരായ ശ്രീ. നിലകണ്ടപിള്ള, പരമുപിള്ള, രാഘവൻ പിള്ള എന്നിവരുടെ സേവനങ്ങൾ സ്മരിക്കപ്പെടേണ്ടതാണ്. 1152 ൽ സ്ഥാപിതമായ ശൂരനാട് ഹൈസ്കൂൾ കൂടാതെ 3 U.P.സ്കൂളുകളും 3 L.P. സ്കൂളുകളും പൊതുവിദ്യാഭ്യസ രംഗത്ത് പ്രവർത്തനം നടത്തുന്നു. നഴ്സറി തലം മുതൽ ഹൈസ്കൂൾ തലം വരെയുള്ള പതിനെട്ടോളം വിദ്യാകേന്ദ്രങ്ങൾ ഇന്നിവിടെയുണ്ട്.

അനൗപചാരിത വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ കൂട്ടത്തിൽ ആദ്യകാലത്തുണ്ടായിട്ടുള്ളവ ശൂരനാട്ട് പബ്ലിക്ക് ലൈബ്രറിയും പടിഞ്ഞാറ്റം മുറിയിൽ സ്ഥാപിച്ച ചങ്ങമ്പുഴ സ്മാരക ശാലയും പിന്നീട് പഞ്ചായത്ത് വകയായി പരിണമിക്കുകയും ചെയ്തു. ശൂരനാട് പഞ്ചായത്താഫീസ് കോമ്പൗണ്ടിൽ ചങ്ങമ്പുഴ വായനശാലയും, സാംസ്കാരിക നിലയവും സ്ഥിതിചെയ്യുന്നു.

ആനയടി ഗ്രാമോദ്ധാരണ ഗ്രന്ഥശാല നടുവിലെമുറി, നേതാജി ഗ്രന്ഥശാല, തെക്കേമുറി ഭാസ്കർ ഗ്രന്ഥശാല, ചക്കുവള്ളി മാംഗൾ പാണ്ഡെ സ്മാരക ഗ്രന്ഥശാല,

ശൂരനാട് ഗവ.ഹൈസ്കൂൾ ലൈബ്രറി എന്നിവയാണ് ഇന്ന് ഗ്രാമത്തിലുള്ള മറ്റ് ഗ്രന്ഥാലയങ്ങൾ. ചങ്ങമ്പുഴ സമര വായനശാലയൊഴികെയുള്ള വായനശാലകൾക്ക് സ്വന്തമായി കെട്ടിട സൗകര്യമില്ല. വാടക മറ്റ് പ്രവർത്തന ചെലവുകൾ എന്നിവക്കാവശ്യമായ തുകകൾ അംഗങ്ങളിൽ നിന്ന് മാസവരിയായി ശേഖരിക്കുന്നു. ഗ്രന്ഥശാല സംഘത്തിന്റെ ഗ്രാന്റ് ഉപയോഗപ്പെടുന്നത് നേതാജി ഗ്രന്ഥശാല മാത്രമാണ്. മറ്റ് ഗ്രന്ഥശാലകൾ നിർജീവമാണ്. വനിതാ അംഗങ്ങൾ ഏറ്റവും കൂടുതൽ ഉള്ളത് ചങ്ങമ്പുഴ ഗ്രന്ഥശാലയിലാണ്. വിദ്യാർത്ഥികളും, ചെറുപ്പക്കാരും ഉൾപ്പെടെ വളരെ അധികം ആളുകൾ ഈ ഗ്രന്ഥശാലയുടെ സേവനം പ്രയോജനപ്പെടുന്നു. ഹൈസ്കൂൾ ലൈബ്രറിയുടെ സേവനം വിദ്യാർത്ഥികൾക്ക് ലഭ്യമാണ്. വായനശാലയുടെ അഭിമുഖ്യത്തിൽ മറ്റ് കലാപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

**കലാകായിക സമതികൾ**

സാംസ്കാരിക നവോത്ഥാനത്തിന് ജനതയെ പ്രാപ്തമാക്കുന്ന സന്നദ്ധ സംഘടനകളാണ് കലാകായിക സമതികൾ. 1954 ൽ കണ്ണമത്ത് ചന്ത കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ച ശൂരനാട് കലാനിലയം ആണ് ഇക്കൂട്ടത്തിൽ ഗണനീയം, സംസ്കാര ആർട്സ് ക്ലബ്, രജ്ഞിനി ആർട് ക്ലബ്, യമുനാ പാറക്കടവ്, അപ്പോളോ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് എന്നിവയാണ് പിൽക്കാലത്തുണ്ടായ കലാ കായിക സമതികൾ. ഇവയിൽ മിക്കവാറും എണ്ണം ഇന്ന് പ്രവർത്തന രഹിതമായി. നമ്മുടെ സാംസ്കാരിക രംഗത്തിന് നവചൈതന്യം വരുത്തുവാൻ സാഹായിച്ച സാഥാപനങ്ങളാണിവ. ഇന്ന് കലാസാംസ്കാരിക രംഗത്ത് സജീവമായി നിലകൊള്ളുന്ന 15 (പതിനഞ്ചോളം) ഉപസംഘടനകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കലാസാംസ്കാരിക രംഗത്ത് നവചൈതന്യം സൃഷ്ടിക്കുവാൻ ഈ സംഘടനകൾക്ക് കഴിഞ്ഞിട്ടുണ്ട്. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും പുരോഗമനകലാ സാഹിത്യ സംഘത്തിന്റെയും യുവകലാസമിതിയുടെയും യൂണിറ്റുകൾ ശൂരനാട് വടക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സാംസ്കാരിക മലിനീകരണത്തിനെതിരെ പ്രതികരിക്കുകയും ജനകിയകലാ സാഹിത്യ സമീപനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്ന സംഘടനകളാണിവ. യുക്തിവാദിസംഘം യൂണിറ്റും ഇവിടെ പ്രവർത്തമുണ്ടായിരുന്നു. അർഹമായ പരിഗണനയും പ്രോത്സഹനവും ലഭിക്കാതെ മുരടിച്ചു പോകുന്ന മൗലികപ്രതിഭകളെയെല്ലാംകണ്ടെത്തി പ്രോത്സാഹനം നൽകാനുതകന്ന ഒരു കേന്ദ്ര കലാ സാംസ്കാരിക കായിക സംഘടനയുടെ അഭാവം പഞ്ചായത്തിലുണ്ട്.

വളരെയധികം പത്രമാസികകൾ നമ്മുടെ നാട്ടിൽ പ്രചാരത്തിലുണ്ട്. അമ്പതുകൾക്കു മുൻപുതന്നെ നമ്മുടെ നാട്ടിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് പ്രചാരം ലഭിച്ചിരുന്നു മലയാള രാജ്യം, , മലയാളി ദേശബന്ധു, കേരള ശബ്ദം ഇവയായിരുന്നു ആദ്യകാല പ്രസിദ്ധീകരണങ്ങൾ, മാതൃഭൂമി, മലയാള മനോരമ, കേരള കൗമുദി, ദേശാഭിമാനി, മംഗളം, മാധ്യമം എന്നീ ദിനപത്രങ്ങളും ഭാഷാപോഷിണി, കഥ, ശാസ്ത്രഗതി, ചിന്ത, നവയുഗം, പ്രവാഹം, എന്നിവയും വാരികകളായ മനോരമ, മാതൃഭൂമി, ദേശാഭിമാനി, കലാകൗമിദി, കൗമുദി, എന്നിവയും ഇവിടെ പ്രചരിക്കുന്നുണ്ട്. സംഘ ഗാനം, സംസ്കാരം എന്നിങ്ങനെയുള്ള മിനി മാഗസിനുകൾ ഇവിടെ നിന്നും പ്രസിദ്ദീകരിച്ചിരുന്നു. ആദ്യകാലത്ത് സ്റ്റേറ്റ് കോൺഗ്രസ്, കമ്മ്യൂണിസ്റ്റ് പാർട്ടി, മുസ്ലീം ലീഗ് എന്നീ സംഘടനകളാണ് ഇവിടെ പ്രവർത്തിച്ചിരുന്നത്. ഉപ്പോൾ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് CPI, CPM, RSP, മുസ്ലീംലീഗം കേരള കോൺഗ്രസ് J.S.S. ജനതാദൾ, B.J.P. എന്നീ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. യൂത്ത് കോൺഗ്രസ്, AIYF, DYFI, FYF എന്നി യുവജനപ്രസ്ഥാനങ്ങളും പ്രവർത്തിക്കുന്നുണ്ട്. രാഷ്ട്ര സേവന രംഗത്തും ഭരണരംഗത്തും പ്രഗത്ഭൻമാരെ സംഭാവന ചെയ്യാൻ നമ്മുടെ നാടിന് കഴിഞ്ഞിട്ടുണ്ട്. പാർലമെന്റംഗമായ തെന്നല ബാലകൃഷ്ണ പിള്ള യെപ്പോലുള്ള സമുന്നത രാഷ്ട്രീയ നേതാക്കൾ നമ്മുടെ നാട്ടുകാരായുണ്ട്.

സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം കുന്നത്തൂർ താലൂക്കിന്റെയും, കുന്നത്തൂർ ദ്വയാംഗഅസംബ്ലി മണ്ഡലത്തിന്റെയും ഭാഗമായിത്തീർന്നു ശൂരനാട്. 1953-ൽ തിരുക്കൊച്ചി പഞ്ചായത്ത് ആക്ട് അനുസരിച്ച് ശൂരനാട് പഞ്ചായത്തിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. തറയിൽ രാമകൃഷ്ണൻ പ്രസിഡന്റായ ഭരണസമിതി അധികാരമേറ്റു. പഞ്ചായത്താസ്ഥാനം പള്ളിച്ചന്തയായിരുന്നു. 1965-ൽ പഞ്ചായത്ത് വിഭജിച്ച് വടക്കുള്ള അഞ്ചു വാർഡികൾ ചേർത്ത് ശൂരനാട് വടക്ക് പഞ്ചായത്തും തെക്കുള്ള നാലു വാർഡുകൾ ചേർത്ത് ശൂരനാട് തെക്ക് പഞ്ചായത്തും രൂപീകരിച്ചു. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. കളത്തൂർ ഗോപാലപിള്ള പ്രസിഡന്റായുള്ള ഭരണസമിതി അധികാരത്തിൽ വന്നു. തുടർന്നു നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പുകളിൽ അഡ്വ.ജി.അനിരുദ്ധൻ, പ്രൊ.സി.എം.ഗാപലകൃഷ്ണൻ നായർ, ശ്രീമതി. J.ബീന, എന്നിവരുടെ നേതൃത്ത്വത്തിലുള്ള ഭരണസമിതികൾ അധികാരമേറ്റു.

ഹിന്ദുക്കളാണ്. ക്രിസ്ത്യാനികളും മുസ്ലീംങ്ങളും തൊട്ടടുത്ത സ്ഥാനങ്ങളിലുണ്ട്. ഹിന്ദു മുസ്ലീം ക്രിസ്ത്യൻ ദേവാലയങ്ങൾ അടുത്തടുത്ത പ്രദേശങ്ങളിലായി മതസൗഹാർദ്ദ പ്രതീകമായി വർത്തിക്കുന്നു. ആരാധനാലയങ്ങളിലെ ഉത്സവങ്ങൾക്ക് ജാതിമതഭേദമന്യേ എല്ലാ വിഭാഗം ജനങ്ങളും പങ്കെടുക്കുന്നു. ഇടത്തരം, കർഷകരും കർഷകത്തൊഴിലാളികളും കൈത്തൊഴിൽകാരും, നിർമ്മാണ തൊഴിലാളികളും, കശുവണ്ടി തൊഴിലാളികളും ജീവനക്കാരും ചെറുകിടകച്ചവടക്കാരും ഉൾപ്പെടുന്ന അധ്വാനജന വിഭാഗമാണ് ഇന്നിവിടെ വസിക്കുന്നത്. വർഗ്ഗബന്ധങ്ങളിൽ വന്ന മാറ്റങ്ങൾക്കനുസൃതമായി നമ്മുടെ നാട്ടിലുണ്ടായിട്ടുള്ള മാറ്റങ്ങൾ നമ്മുടെ സംസ്കാരത്തെ മുന്നോട്ടു നയിക്കുന്നു.

# വനിതാക്ഷേമം

ഇൻഡ്യൻ രാഷ്ട്രീയ സാംസ്കാരിക ചരിത്രത്തിൽ നിസ്തുലമായ സംഭാവനകൾ നൽകിയവരാണ് വനിതകൾ. സമസ്ത മേഖലകളിലും അവർ ബഹുദൂരം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുമ്പോഴും, ഒരു വിഭാഗം പീഡിതരും ദുഃഖിതരും, നിരാലംബരും അബലകളുമായി വിലപിക്കുന്ന ദയനീയ രംഗമാണ് കാണാൻ കഴിയുന്നത്. "നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്ന സ്മൃതി വചനം അക്ഷരാർത്ഥത്തിൽ അംഗീകരിച്ചു പോരുന്ന മാനസികമായ അടിമത്വത്തിലാണവരിപ്പോഴും. ശൂരനാട്ടെ വനിതകളുടെ സ്ഥിതിയും ഇതിൽ നിന്ന് അൽപവും വിഭിന്നമല്ല. മറ്റു ഗ്രാമങ്ങളിൽ നിന്നും വ്യത്യസ്തമായി പീഡനങ്ങൾ ഏറെ അനുഭവിക്കേണ്ടി വന്നവരായിരുന്നു ശൂരനാട്ടെ വനിതകൾ. അവർ അനുഭവിക്കേണ്ടി വന്ന പീഡനങ്ങൾ വിവരണാതീതമാണ്. ശൂരനാട് സമരത്തിനു ശേഷം പോലീസും ജന്മിമാരും ചേർന്ന് നടത്തിയ നരനായാട്ടിൽ ഏറ്റവും കൂടുതൽ നരകയാതന അനുഭവിക്കേണ്ടി വന്നത് ഇവിടുത്തെ വനിതകൾക്കായിരുന്നു.

ശൂരനാട്ടെ വനിതാ ചരിത്രത്തിലേക്ക് കണ്ണോടിക്കുമ്പോൾ അവർക്ക് വിദ്യാഭ്യാസം നൽകുന്നതിൽ വിമുഖത കാട്ടിയിരുന്നതായി കാണാൻ കഴിയും. അവരെ വെറും അടുക്കള ജോലിക്കാരായി കരുതി പോയിരുന്നു. ഒരു വിഭാഗം വനിതകൾക്ക് വിദ്യാഭ്യാസ മേഖലയിൽ പ്രവേശനം പോലും നിഷേധിച്ചിരുന്നതായി കാണാം. എന്നാൽ പ്രതിസന്ധികളെ നേരിട്ടുകൊണ്ട് വിദ്യാഭ്യാസ രാഷ്ട്രീയ മണ്ഡലങ്ങളിൽ മുൻ നിരയിലെത്തിയ വനിതകളും ഉണ്ടായിരുന്നു. ഇന്നു വനിതകൾ വിദ്യാഭ്യസ രംഗത്തും രാഷ്ട്രീയ രംഗത്തും മുൻ നിരയിലേക്ക് വന്നു കൊണ്ടിരിക്കുന്നു.

ഈ പഞ്ചായത്തിൽ 1991 – ലെ സെൻസസ് പ്രകാരം 13091 വനിതകളാണുള്ളത്. പഞ്ചായത്തിൽ ബിരുദധാരികളും, ബിരുദാനന്തര ബിരുദധാരികളുമായി നിരവധി വനിതകളുണ്ട്. ഗവൺമെന്റ് ജോലിയുള്ള വനിതകളിൽ അദ്ധ്യാപികമാരാണ് കൂടുതൽ. എന്നാൽ സാങ്കേതിക വിദ്യാഭ്യാസ മേഖലകളിൽ വനിതകൾ വളരെ പിന്നിലാണ്. ഈ അവസ്ഥ മാറിയെ തീരു. വനിതാ തൊഴിലാളികൾ ഏറ്റവും കൂടുതൽ കാർഷിക മേഖലയിലായിരുന്നു. 1996–ൽ ഈ പഞ്ചായത്തിലുണ്ടായ സ്വകാര്യ കശുവണ്ടി ഫാക്ടറികളുടെ ആവിർഭാവം മൂലം വനിതകളിൽ കൂടുതൽ കശുവണ്ടി തൊഴിലാളികളായി മാറി. എന്നാൽ ഈ മേഖലകളിൽ കൊടും ചൂഷണം മാത്രമാണ്. അവർക്ക് ന്യായമായ വേതനമോ, മറ്റാനുകൂല്യങ്ങളോ ലഭിക്കുന്നില്ല.

തൊഴിലില്ലായ്മയുടെ രൂക്ഷത അവരെ ഇവിടെ ജോലി ചെയ്യിക്കാൻ നിർബന്ധിതരാക്കുന്നു. ഇവിടെ നടക്കുന്ന ചൂഷണത്തിനെതിരെ വനിതകൾ സംഘടിക്കേണ്ടിയിരിക്കുന്നു.

പഴയ കാലങ്ങളിൽ ഓണാഘോഷങ്ങളുമായി ബന്ധപ്പെട്ട് ഓരോ പ്രദേശത്തെയും സ്ത്രീകൾ ഒത്തു ചേരുകയും, പരമ്പരാഗത കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഇന്ന് ടെലിവിഷൻ കാണുന്നതിലേക്കാണ് വനിതകൾ ശ്രദ്ധിക്കുന്നത്. നാട്ടിലെ നടത്തപ്പെടുന്ന നിരവധി ഉത്സവാഘോഷങ്ങളിൽ അവർ വെറും കാഴ്ചക്കാരായി മാറുന്ന ചിത്രമാണുള്ളത്. കലാ രംഗങ്ങളിൽ പ്രാവീണ്യം നേടിയവരിൽ നിന്നുള്ള പ്രോത്സാഹനവും ലഭിച്ചാൽ വനിതകളെ കൂടുതൽ കലാരംഗത്തേക്ക് ആകർഷിക്കുവാൻ കഴിയും.

പുരുഷൻമാരുടെ മദ്യപാനശീലം വനിതകൾക്ക് ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുവാൻ ഇടയാകുന്നു. ഇത് കുടുംബകലഹങ്ങൾക്കും, പട്ടിണിക്കും കാരണ

മാവുകയും, അങ്ങനെ സ്ത്രീകളുടെ സ്വൈര്യജീവിതം നശിക്കുകയും ചെയ്യുന്നു. സ്ത്രീധനമാണ് വനിതകൾ അനുഭവിക്കുന്ന മറ്റു ദുരിതങ്ങൾക്ക് ഏറ്റവും പ്രധാനപ്പെട്ട കാരണം. സ്ത്രീധന നിരോധന നിയമം ഇപ്പോഴും കടലാസിൽ ഒതുങ്ങുന്നു. സ്ത്രീധനമില്ലാത്തതിന്റെ പേരിൽ വിവാഹം നടത്താൻ നിർവ്വാഹമില്ലാതെ വീട്ടിൽ തന്നെ കഴിയേണ്ടി വരുന്ന വനിതകളുടെ എണ്ണം നിരവധിയാണ്. സ്ത്രീധനത്തിന്റെ പേരിലുള്ള പീഡനങ്ങൾ ഇപ്പോഴും നടക്കുന്നതായി മനസ്സിലാക്കാൻ സാധിക്കും. ആയതിനാൽ മദ്യപാനവും, സ്ത്രീധനവും സമൂഹത്തിന്റെ ശാപമായി കണക്കാക്കുകയും. അതിനെതിരെ വ്യാപകമായ പ്രചാരണപ്രവർത്തനങ്ങളും ബോധവൽക്കരണങ്ങളും നടത്തേണ്ടിയിരിക്കുന്നു. പുരോഗമന പ്രസ്ഥാനങ്ങൾ ഈ ദുഃസ്ഥിതിക്കെതിരെ അണിനിര ക്കേണ്ടിയിരിക്കുന്നു.

*വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി താഴെപ്പറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കുന്നു.*

1. ഓരോ വാർഡിലും ഓരോ മഹിളാസമാജങ്ങൾ രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കണം.
2. സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കുകയും വനിതകളെ കൂടുതൽ അറിവുള്ളവരാക്കുകയും വേണം.
3. ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ള വനിതകളുടെ സഹായത്തോടുകൂടി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കണം.
4. കലാവാസനയുള്ള പെൺകുട്ടികളെ കണ്ടെത്തി അവരുടെ കലാവാസനകളെ പരിപോഷിപ്പിക്കണം.
5. വനിതകൾ രാഷ്ട്രീയ രംഗത്ത് സജീവമായി പ്രവർത്തിക്കണം.
6. അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
7. സമാന സ്വഭാവമുള്ള ജോലിക്ക് സമാനവേതനം ഏർപ്പെടുത്തണം.
8. ചെറുകിട വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം. കൈത്തറി, ചിരട്ടകൊണ്ടുള്ള കരകൗശല വസ്തുക്കൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ഇലക്ട്രോണിക് ഉൽപന്നങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് പ്രാധാന്യം നൽകണം.
9. സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണം
10. പഞ്ചായത്തിൽ ഒരു വനിതാ സഹകരണ സംഘം രൂപീകരിക്കണം.
11. ഒരു വനിതാ ഗ്രന്ഥശാല രൂപീകരിച്ച് പ്രവർത്തനമാരംഭിക്കണം.
13. പച്ചക്കറി കൃഷി, കോഴിവളർത്തൽ, ആടുവളർത്തൽ, പശു വളർത്തൽ എന്നിവ വനിതകൾക്കായി നടപ്പാക്കാൻ കഴിയണം.
14. ശൂരനാട് പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ശോച്യാവസ്ഥ മൂലം ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നത് വനിതകളാണ്. അതുകൊണ്ട് പി.എച്ച്. സെന്റർ ഒരു കമ്മ്യൂണിറ്റി സെന്ററായി ഉയർത്തുക. ഒരു ഗൈനക്കോളജിസ്റ്റിന്റെ മുഴുവൻ സമയ പ്രവർത്തനവും ഉറപ്പാക്കുക. സബ്സെന്ററുകൾ വാർഡടിസ്ഥാനത്തിൽ സ്ഥാപിക്കുക.
15. സമൂഹവിവാഹം സംഘടിപ്പിക്കുക.
15. അശ്ലീല പോസ്റ്ററുകളുടെ പ്രചരണം തടയുക.
17. ഭരണഘടന വിഭാവനം ചെയ്യുന്ന എല്ലാ അവകാശങ്ങളും സ്ത്രീകൾക്ക് ഉറപ്പാക്കുക.
18. സ്ത്രീ പുരുഷസമത്വം ഉറപ്പാക്കുക.

# സഹകരണമേഖല

**ശൂരനാട്** ഗ്രാമം ഉദ്ദേശം 34 വർഷങ്ങൾക്ക് മുൻപു വരെ ഒറ്റ ഗ്രാമമായാണു അറിയപ്പെട്ടിരുന്നത്. ശൂരനാട്ടെ ആദ്യത്തെ സഹകരണ പ്രസ്ഥാനമാണ് "ശൂരനാട് പരസ്പര സഹായ സഹകരണ സംഘം" ഇത് 1101-ധനു 12-നു രജിസ്റ്റർ ചെയ്തു. കുംഭം 10-നു പ്രവർത്തനം ആരംഭിച്ചു. (1926 ഡിസംബറിൽ) ഇതിന്റെ സ്ഥാപക പ്രസിഡന്റും പനമ്പിലാവിൽ ശ്രീനാരായണപിള്ള അവർകൾ ആയിരുന്നു. ഈ സ്ഥാപനം വളർന്നു ശൂരനാട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കായി മാറി. ഈ വളർച്ചക്ക് നേതൃത്വം നൽകിയത് സഹകരണമേഖലയിൽ അറിയപ്പെട്ടിരുന്ന മുടിയിൽത്തറ ശ്രീ.വി. ഭാസ്കരൻ അവർകളായിരുന്നു.

ശൂരനാട് ഗ്രാമത്തെ രണ്ടായി വിഭജിച്ചു. "ശൂരനാട് വടക്ക് എന്നും ശൂരനാട് തെക്ക് എന്നും" രണ്ട് വില്ലേജുകളും രണ്ട് പഞ്ചായത്തുകളും ഉണ്ടായി. ശൂരനാട് വടക്ക് വില്ലേജിൽ ഇടപ്പനയം, പാതിരിയ്ക്കൽ, പുലിക്കുളം, ആനയടി, നടുവിലമുറി, തെക്കേമുറി, പടിഞ്ഞാറ്റു കിഴക്ക്, പടിഞ്ഞാറ്റംമുറി എന്നിങ്ങനെ എട്ടു

കരകളുണ്ട്. ഇതിൽ തെക്കേമുറി പടിഞ്ഞാറ്റ കിഴക്കതിന്റെ ഏതാനും ഭാഗങ്ങളും ഒഴിച്ച് ബാക്കി ഭാഗങ്ങൾ ചേർത്ത് 28-3-1956 ൽ " ശൂരനാട് ഗ്രാമോദ്ധാരണ സർവ്വീസ് സഹകരണ സംഘം രജിസ്റ്റർ ചെയ്തു. 28-5-1956 ൽ പ്രവർത്തനം തുടങ്ങി. ഇതിന്റെ സ്ഥാപകപ്രവർത്തകർ ശ്രീ. വയ്യാങ്കര രാഘവക്കുറുപ്പ്, ശ്രീ. കുഞ്ഞുകൃഷ്ണൻ മുതലാളി മുതലായ മഹത് വ്യക്തികളായിരുന്നു. 27-7-1977 മുതൽ ഈ സ്ഥാപനം ശൂരനാട് ഗ്രാമോദ്ധാരണ സർവ്വീസ് സഹകരണ ബാങ്കായി പ്രവർത്തിക്കുന്നു. തെക്കേമുറി, പോരുവഴി ഗ്രാമപഞ്ചായത്തിൽപ്പെട്ട പോരുവഴി സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിലാണ്. പടിഞ്ഞാറ്റ കിഴക്കിന്റെ ഏതാനും ഭാഗം (ഇപ്പോഴത്തെ 8-9 വാർഡുകൾ) മേൽപ്പറഞ്ഞ ശൂരനാട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിലാണ്. ഇങ്ങനെ 3 സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തന മേഖലയാണ് ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്. ബഹുഭൂരിപക്ഷം പ്രദേശവും ശൂരനാട് ഗ്രാമോദ്ധാരണ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിലാണ്.

ഈ ഗ്രാമപഞ്ചായത്തിൽ 6 ക്ഷീരോല്പാദക സഹകരണസംഘങ്ങളും ഒരു പട്ടികജാതി സഹകരണ സംഘവും ശൂരനാട് ഗവ.ഹൈസ്കൂളിൽ ഒരു സ്കൂൾ സഹരണ സംഘവും ഖാദിഗ്രാമവ്യവസായ വകുപ്പിന്റെ കീഴിൽ 2 തീപ്പെട്ടി വ്യവസായ സഹകരണ സംഘങ്ങളും ശൂരനാട് ഗ്രാമവികസന സഹകരണസംഘവും ഉണ്ട്. എന്നാൽ ശൂരനാട് തീപ്പെട്ടി വ്യവസായ സഹകരണസംഘവും, ശൂരനാട് ഗ്രാമവികസന സഹകരണ സംഘവും പ്രവർത്തന രഹിതമാണ്. കൂടാതെ കുന്നത്തൂർ താലൂക്ക് റൂറൽ ഹൗസിംങ്ങ് സഹകരണ സംഘം (ക്ലിപ്തം Q 151) കാർഷിക മേഖലയിലെ ലീഡു ബാങ്കായ ശാസ്താംകോട്ട കാർഷിക വികസനസഹകരണ ബാങ്ക്, ശാസ്താംകോട്ട കോക്കനട്ട് പ്രോസസ്സിംഗ് മാർക്കറ്റിംഗ് സഹകരണസംഘം എന്നിവകളുടെ പ്രവർത്തന മേഖല കൂടിയാണ് ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്.

**ദീർഘകാല കാർഷിക വായ്പ**

കുന്നത്തൂർ, അടൂർ താലൂക്കുകൾ പ്രവർത്തപരിധിയായുള്ള ശാസ്താംകോട്ട ഭൂവികസന കാർഷിക സഹകരണ ബാങ്കാണ് ഈ പഞ്ചായത്തിലെ കർഷകർക്കാവശ്യമായ ദീർഘകാല കാർഷിക വായ്പകൾ നൽകി വരുന്നത്. ഈ ബാങ്കിൽ നിന്നും ശൂരനാട്ടു വടക്കു പഞ്ചായത്തിലെ 1500 അംഗങ്ങൾക്കായി ഏകദേശം 90 ലക്ഷം രൂപാ ദീർഘകാല കാർഷികവായ്പ ഇനത്തിൽ നൽകിയിട്ടുണ്ട്. കാർഷിക മേഖലയുടെ ദീർഘകാല കാലാവശ്യത്തിനുള്ള ഫണ്ട് ഈ സ്ഥാപനത്തിൽ ലഭ്യമാണെങ്കിലും വായ്പ ലഭിക്കുന്നതിനുള്ള സങ്കേതിക ബുദ്ധിമുട്ട് കാരണം അർഹതയുള്ള മുഴുവൻ അംഗങ്ങൾക്കും യഥാ സമയം വായ്പ ലഭ്യമാക്കാൻ കഴിയുന്നില്ല. അർഹതയുള്ള മുഴുവൻ കർഷകർക്കും അംഗത്വം നൽകി ഓഹരി മൂലധനം വർദ്ധിപ്പിക്കുകയും വായ്പ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

**പാർപ്പിട പ്രശ്നം**

സഹകരണ മേഖലയിൽ വിവിധ സംഘങ്ങൾ വഴി വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന വായ്പയാണ് ഈ പഞ്ചായത്തിൽ ഭൂരിഭാഗവും ഉപയോഗിക്കുന്നത്. കുന്നത്തൂർ താലൂക്ക് റൂറൽ ഹൗസിംഗ് സഹകരണ സംഘം ഈ രംഗത്ത് പ്രവർത്തിക്കുന്നുവെങ്കിലും ഫണ്ടുകളുടെ അപര്യപ്തത കാരണം വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റാൻ കഴിയുന്നില്ല. ഗുരുതരമായ പാർപ്പിട പ്രശ്നം ബന്ധപ്പെട്ട് സംഘങ്ങളുടെ സഹായത്തോടു കൂടി അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. ഇതിനായി കൂടുതൽ വായ്പകൾ അനുവദിക്കുകയും, വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ ലളിതമാക്കുകയും വേണം.

***ഹ്രസ്വകാല വായ്പ***

ഏകദേശം 85% ത്തോളം കർഷക കുടുംബങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. കർഷകർക്കാവശ്യമായ ഹ്രസ്വകാല വായ്പ, ദീർഘകാല വായ്പ എന്നിവയാണ് മുഖ്യമായും വിതരണം ചെയ്യുന്നത്. മുഴുവൻ കൃഷിക്കാർക്കും അർഹമായ വായ്പകൾ നൽകുവാൻ ഫണ്ടിന്റെ അപര്യാപ്തത കാരണം ഈ ബാങ്കുകൾക്ക് കഴിയുന്നില്ല

**ശൂരനാട് ഗ്രാമോദ്ധാരണ സർവ്വീസ് സഹ.ബാങ്ക്**

ഏകദേശം 4000 കർഷക കുടുംബങ്ങൾ ഈ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ ഉണ്ട്. എന്നാൽ മുഴുവൻ കർഷകരെയും ഈ ബാങ്കിൽ അംഗങ്ങളല്ല. 25 ലക്ഷം രൂപയുടെ ഹ്രസ്വകാല കാർഷിക വായ്പ 96-96ൽ കൊടുത്തിട്ടുണ്ട്. നബാർഡ് നിലവിലുള്ള വായ്പാ വിതരണ സമ്പ്രദായത്തിൽ മാറ്റം വരുത്തിയാൽ മാത്രമേ ഉദ്ദേശിച്ച രൂപത്തിൽ മുഴുവൻ കൃഷിക്കാരെയും സഹായിക്കുവാൻ കഴിയുകയുള്ളൂ.

സ്വർണ്ണപ്പയ വായ്പ, പ്രവർത്തനവും വളം വിതരണവും നടക്കുന്നുണ്ട്. വായ്പ കൃത്യമായി തിരിച്ചയടക്കത്തത് ബാങ്കിന്റെ സുഗമമായ പ്രവർത്തനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഈ ബാങ്കിൽ അംഗങ്ങളായിട്ടുള്ള കർഷകരുടെ സൗകര്യാർത്ഥം ശൂരനാട് എച്ച്.എസ് ജംഗ്ഷന് സമീപം ബാങ്കിന്റെ ഒരു ബ്രാഞ്ച് തുറന്നു പ്രവർത്തിക്കേണ്ടതാണ്.

കർഷകരുടെ ചെറുതും വലുതുമായ നിക്ഷേപങ്ങൾ ടി ബാങ്കിൽ നിക്ഷേപിക്കുന്നതിനാവശ്യമായ അവബോധമ അംഗങ്ങളിലുണ്ടാവണം.

· ശൂരനാട് ഗ്രാമോദ്ധാരണ സർവ്വീസ് സഹകരണ ബാങ്കാണ് ഈ പഞ്ചായത്തിൽ ക്രഡിറ്റു മേഖലയിൽ ഏക സഹകരണ സ്ഥാപനം. കൃഷിക്കാരെ സഹായിക്കാൻ ഒട്ടേറേ പദ്ധതികൾ നടപ്പാക്കുന്നു. മുഴുവൻ കർഷകർക്കും ഏതു സമയത്തും സഹായം എത്തിക്കത്തക നിലയിലേക്ക് ഈ സ്ഥാപനം ഉയരണം. കൂടുതൽ വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തണം എങ്കിൽ വളരെ കൂടുതൽ പണം ആവശ്യമാണ്. ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്ക് കൂടുതൽ ഊന്നൽ കൊടുക്കണം. ആവശ്യം വേണ്ട തുക പലിശ രഹിത ദീർഘകാല വായ്പയായോ ഓഹരി മൂലധനമായോ അനുവദിക്കണം. ഈ പ്രദേശത്തു നിന്നും മറ്റു ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന തുകകൾ ഈ പ്രദേശത്തിന്റെ വികസന പ്രവർത്തനത്തിന് ഉതകുമാറ് സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിക്കണം. ഗ്രാമപഞ്ചായത്തും ക്രഡിറ്റും സഹകരണബാങ്ക് ചേർന്നുള്ള പ്രവർത്തനം ഉണ്ടാകണം.

**പട്ടികജാതി സഹകരണ സംഘം**

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | [illegible] | പ്രവർത്തന പരിധി | [illegible] | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പകൾ | | പ്രവർത്തന മൂലധനം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം | | |
| 1 | ശൂരനാട് ഗ്രാമോദ്ധാരണ സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ - 3947 | 28-5-1958 | 8,9 വാർഡുകളും തെക്കേമുറി കരപ്രദേശവും ഒഴികെ ശൂരനാട് വടക്ക് പഞ്ചായത്തിൽ മുഴുവൻ ഭാഗവും | 7250 | 841185 | 5400000 | 2786000 | 7323749 | 767679 | | 9 |
| 2 | പോരുവഴി സർവ്വീസ് സഹ: ബാങ്ക് (ക്ലിപ്തം) നമ്പർ - 1132 | | ശൂരനാട് വടക്ക് പഞ്ചായത്തിലെ തെക്കേ മുറി കരപ്രദേശം | 1379 | | | | 1000000 | 1500000 | | |
| 3 | ശൂരനാട് ഫാർമേഴ്സ് സർവ്വീസ് സഹ: ബാങ്ക് (ക്ലിപ്തം) നമ്പർ - 1136 | | ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിൽ 8,9 വാർഡുകൾ മാത്രം | 936 | | | | 500000 | 1000000 | | |
| 4 | ശാസ്താംകോട്ട കാർഷിക വികസന സഹ: ബാങ്ക് (ക്ലിപ്തം) നമ്പർ ക്യു. 873 | | | | | | | ദീർഘകാല വാർഷിക വായ്പ | 800000 | 1060000 | |

19-5-1959ൽ പ്രവർത്തനമാരംഭിച്ച Q87-ാം നമ്പർ പട്ടികജാതി സഹകരണസംഘം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 1083 അംഗങ്ങളുള്ള ഈ സംഗത്തിന്റെ പ്രവർത്തന പരിധി ഈ പഞ്ചായത്ത് മുഴുവനാണ്. മുഖ്യമായും സർക്കാരിന്റെ സാമ്പത്തിക സഹായം കൊണ്ടാണ് പ്രവർത്തിക്കുന്നത്. പട്ടികജാതി സഹകരമ സംഘങ്ങൾക്ക് പ്രവർത്തന മൂലധന ഫണ്ട് ഇനത്തിൽ അനുവദിയ്ക്കുന്ന തുകയുടെ പരിധി 2 ലക്ഷം രൂപായിൽ നിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്. ഇങ്ങനെ അനുവദിക്കുന്ന തുക ഉപയോഗിച്ച് അംഗങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനാവശ്യമായ പദ്ധതികൾ പ്ലാൻ ചെയ്തു നടപ്പിലാക്കണം. മാനേജീരിയൽ സബ്സിഡി തുക വർദ്ധിപ്പിക്കുകയും, കാലാവധി 15 വർഷമായി ദീർഘിപ്പിക്കുകയും ചെയ്ത് ഗവൺമെന്റ് സംഘങ്ങളെ പരിപോഷിപ്പിക്കേണ്ടതാണ്.

**വനിതാ വ്യവസായ സഹകരണ സംഘം**

ശൂരനാട് തെക്ക്-വടക്ക് വില്ലേജിൽ പ്രവർത്തനപരിധിയായുള്ള ഈ സംഘത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. ഖാദി ബോർഡിൽ നിന്നും കൂടുതൽ വായ്പകൾ നൽകി ഈ സംഘത്തിൽ വനിതകൾക്ക് പുതിയ തൊഴിലവസരം സൃഷ്ടിക്കണം വനിതകൾക്ക് പുതിയ തൊഴിലവസരം സൃഷ്ടിക്കണം. ഈ സംഘം ഇപ്പോൾ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവും, നോട്ടുബുക്ക് നിർമ്മണവുമാണ് നടത്തവരുന്നത്. 30-ഓളം വനിതകൾ നോട്ട്ബുക്ക് നിർമ്മണത്തിന് 6 പേർ തയ്യലിനും ഉണ്ടു. ടി സംഘത്തിന് ഒരു പ്രസ്സുകൂടി നടത്തുന്നതിനാവശ്യമായ നടപടി സർക്കാരിൽ നിന്ന് ഉണ്ടാവണം.

**ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ**

ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്തിൽ ആകെ 6 ക്ഷീരവ്യവസായ സഹകരണ സംഘങ്ങളാണുള്ളത്. മൊത്തം സംഘങ്ങളിൽ കൂടി ആകെ 1854 ക്ഷീരകർഷകർ മാത്രമാണ് അംഗങ്ങളായിട്ടുള്ളത്. അർഹതപ്പെട്ട മുഴുവൻ കർഷകർക്കും അംഗത്വം നൽകി ഓഹരി മൂലധനം വർദ്ധിപ്പിക്കുകയും, ഉത്പ്പാദനം കൂടുകയും ചെയ്യേണ്ടാതാണ്. ഇപ്പോൾ മുഴുവൻ സംഘങ്ങളിലും കൂടി ദിവസവും ശരാശരി 3100 ലിറ്റർ പാൽ മാത്രമാണ് ശേഖരിക്കുവാൻ കഴിയുന്നത്. കൂടുതൽ ഉത്പ്പാദനശേഷിയുള്ള കറവമാടുകളെ സംഘം മുഖേന വിതരണം ചെയ്യുകയും, വരുന്ന 5 വർഷത്തിനുള്ളിൽ ഉൽപ്പാദനം, വരുന്ന 5 വർഷത്തിനുള്ളിൽ ഉൽപ്പാദനം ഇരട്ടിയാക്കുവാനും ലക്ഷ്യമിട്ട് ഓരോ സംഘവും പ്രവർത്തിക്കേണ്ടതാണ്. (പട്ടിക-II നോക്കുക)

മറ്റു നിർദ്ദേശങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേരും നമ്പരും | അംഗങ്ങളുടെ എണ്ണം | ദിവസം ശേഖരിക്കുന്ന പാൽ (ശരാശരി) | പഞ്ചായത്തിൽ വിതരണം ചെയ്യുന്നത് (ശരാശരി) | പുറത്തേയ്ക്ക് അയയ്ക്കുന്നത്. (ശരാശരി) |
|---|---|---|---|---|---|
| 1 | കളീക്കത്തറ, ക്ഷീരോൽപാദക സഹ: സംഘം No- Q 89 D | 495 | 550-650 ലിറ്റർ | 40-70 ലിറ്റർ | 495-600 ലിറ്റർ |
| 2 | പാതിരിക്കൽ ക്ഷീരോൽപാദക സഹ: സംഘം നമ്പർ Q-287-D | 250 | 350-425 ലിറ്റർ | 20-25 ലിറ്റർ | 330-400 ലിറ്റർ |
| 3 | പുലിക്കുളം, ക്ഷീരോൽപാദക സഹ: സംഘം നമ്പർ Q-86 D | 351 | 500-600 ലിറ്റർ | 25-30 ലിറ്റർ | 475-570 ലിറ്റർ |
| 4 | ആനയടി ക്ഷീരോല്പാദക സഹ: സംഘം നമ്പർ Q-120 D | 295 | 450-550 ലിറ്റർ | 70 ലിറ്റർ | 380-480 ലിറ്റർ |
| 5 | തെക്കേമുറി ക്ഷീരോൽപാദ സഹ: സംഘം നമ്പർ Q187 D | 345 | 500-650 ലിറ്റർ | 30 ലിറ്റർ | 470-620 ലിറ്റർ |
| 6 | പടിഞ്ഞാറ്റകിഴക്ക് ക്ഷീരോൽപാദക സഹ: സംഘം നമ്പർ Q187 D | 118 | 370-450 ലിറ്റർ | 35 ലിറ്റർ | 335-415 ലിറ്റർ |

1. നല്ലയിനം കറവമാടുകളെ അംഗങ്ങൾക്ക് ലഭിക്കുന്നതിനുള്ള സംവിധാനം സംഘങ്ങൾ ചെയ്തുകൊടുക്കണം.

2. കൂടുതൽ അംഗങ്ങളെ ചേർത്ത് ഉത്പ്പാദനം വർദ്ധിപ്പിക്കണം.

3. കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

4. കളീക്കത്തറ ക്ഷീരസംഘത്തോടനുബന്ധിച്ച് പ്രവർത്തിച്ച വരുന്ന ഊർജ്ജിത കന്നുകാലി വികസന കേന്ദ്രത്തന്റെ പ്രവർത്തനം മുഴുവൻ സമയവും കർഷകർക്ക് ലഭ്യമാക്കണം.

5. എല്ലാ ക്ഷീര സംഘങ്ങളിലും ഊർജ്ജിത കന്നുകാലി വികസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

6. പഞ്ചായത്ത് തലത്തിലും, മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതാണ്.

**ശാസ്താംകോട്ട കോക്കനട്ട് പ്രോസസ്സിങ് ആന്റ് മാർക്കറ്റിംഗ് സഹകരണസംഘം**

ശാസ്താംകോട്ട, ഓച്ചിറ. N.E.S ബ്ലോക്കുകൾ പ്രവർത്തനമേഖലയായിട്ടുള്ള ഈ സ്ഥാപനം 14-8-61ൽ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു. മുടിയിൽത്തറ ശ്രീ. ഭാസ്കരൻ അവർകളാണ് ഇതിന്റെയും സ്ഥാപകൻ; 2 ഏക്കറോളം വസ്തുക്കളും ഗോഡൗണുകൾ ഉൾപ്പടെ ഉള്ള കെട്ടിടങ്ങൾ, ഓയിൽ മിൽ മുതലായവകൾ ഉണ്ട്എങ്കിലും ഇന്നു പ്രവർത്തന രഹിതമാണ് നാളീകേര സംസ്ക്കരണമായിരുന്നു പ്രധാന ലക്ഷ്യം. 250 തൊഴിലാളികളും 13 ജീവനക്കാരുമുണ്ടായിരുന്ന ഈ സ്ഥാപനത്തൽ ഇന്നു ഒരു സെക്രട്ടറി മാത്രമാണ് ഉള്ളത്. കേരകർഷരകുടെ ഒരു ആശാ കേന്ദ്രമായിരുന്നു ഈ സ്ഥാപനം. കേരകർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനും,

കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിനും ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിനോട് ചേർന്ന് കിടക്കുന്ന ഈ സ്ഥാപനം പുനരുദ്ധരിയ്ക്കേണ്ടത് അത്യാവശ്യമാണ്.

കേരകർഷകനു ന്യായവില ലഭിക്കും.

തൊഴിൽ സാദ്ധ്യതകൾ

കൊപ്രാ ആട്ടി എണ്ണ വിതരണം നടത്താം.

കൊപ്രാപിണ്ണാക്ക് കന്നുകാലി തീറ്റ ഉണ്ടാക്കുന്നതിന് ഉപയോഗിക്കാം.

തൊണ്ട് സംസ്ക്കരിച്ച് കയർ പിരിക്കാം.

നാളീകേരത്തിന്റെ വെള്ളം ഉപയോഗിച്ചു ശീതളപാനീയങ്ങൾ നിർമ്മിക്കാാം.

(ഈ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള ഒരു സഹകരണ സ്ഥാപനം ഉണ്ടാകേണ്ടത് അത്യാന്താപേക്ഷിതമാണ്.)

**പൊതു നിർദ്ദേശങ്ങൾ**

സർവ്വീസ് സഹകരണ ബാങ്കുകൾ ഇന്ന് പലുതും വളരെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാതെ വരുന്നു. കർഷകർക്ക് യഥാസമയങ്ങളിൽ വേണ്ട വായ്പകൾ ലഭിക്കുന്നില്ല.

സർവ്വീസ് സഹകരണ ബാങ്കുകൾക്ക് വേണ്ടത്ര ഡിപ്പോസിറ്റുകൾ ലഭിക്കുന്നില്ല. (സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ ആകർഷണിയമായ പലിശ കൊടുത്ത് സർവ്വീസ് സഹകരണ ബാങ്കിലേക്കു വരേണ്ട പണം സ്വകാര്യ സ്ഥാപനങ്ങളിലേക്കുമാറ്റുന്നു.) സർവ്വീസ് സഹകരണ ബാങ്കുകൾ വായ്പകൾക്ക് വേണ്ടി ജില്ലാ സഹകരണ ബാങ്കുകളെ ആശ്രയിക്കുന്നു. അവർ നിൽകുന്ന വായ്പകൾ വിതരണം ചെയ്തു കിട്ടുന്ന പലിശയുടെ 2% മാത്രമാണ് സർവ്വീസ് സഹകരണ ബാങ്കുകൾക്കം ലഭിക്കുന്നത്. ഈ തുക ഭരണ ചെലവുകൾക്ക് പോലും തികയാതെ വരുന്നു. തന്നയുമല്ല ഈ ബാങ്കുകൾ ഇരട്ടി ജോലി ചെയ്യുകയും ചെയ്യുന്നു. സർവ്വീസു സഹകരണ ബാങ്കുകളുടെ സുഗമമായ നടത്തിപ്പിനു ഇടത്തട്ടു സംവിധാനം ഒഴിവാക്കണം.

1. സുഗമമായ നടത്തിപ്പിനു ഇടത്തട്ടു സംവിധാനം ഒഴിവാക്കണം.

2.സ്വകാര്യപണമിടപാടു സ്ഥാപനങ്ങൾ സർവ്വത്ര ഉണ്ടാകുന്നത് തടയണം.

3.കർഷകർക്ക് കാർഷിക വായ്പകൾക്ക് പലിശ ഇളവ് അനുവദിയ്ക്കണം.

4.കൃഷികാർക്ക് ഉപയോഗപ്രദമായ വിധത്തിൽ സ്കീം വായ്പകൾ വിതരണം ചെയ്യണം. ഇതിനായി കൃഷിഭവനും സഹകരണസംഘങ്ങളും സഹകരിച്ചു പ്രവർത്തിക്കണം.

5.സർവ്വീസ് സഹകരണ ബാങ്കുകൾക്ക് കൂടുതൽ ചിട്ടികൾ നടത്തുന്നതിനുള്ള അംഗീകാരംകൊടുക്കണം. 25000 രൂപാ വരെ എന്നുള്ള പരിധി 50000 മോ 1 ലക്ഷമോ ആക്കി ഉയർത്തണം.

6.സ്വകാര്യ പണമിടപാടുകരെ പ്രോത്സാഹിപ്പിക്കുന്നതും സ്വകാര്യ പണമിടപാടുകാർ സഹകരണ സ്ഥാപനങ്ങളിൽ ഭരണാധിപന്മാരുമായി വരുന്നതും നിയമം മൂലം നിരോധിക്കണം.

7. കാർഷിക മേഖലയിലും മറ്റും പരസ്പര സഹകരണത്തിന്റെ ആവശ്യകതയെക്കുറിച്ചും ബോധവൽക്കരണ പരിപാടികൾ നടത്തണം. (സഹകരണ സ്ഥാപനങ്ങളുടെ വാർഷിക പൊതുയോഗത്തിൽ ഇതിനുള്ള വേദി ഒരുക്കാവുന്നതാണ്.)

8. പാടശേഖരങ്ങളിൽ ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റികൾക്ക് രൂപം നല്കി പ്രവർത്തനം കാര്യക്ഷമമാക്കണം.

9. സഹകരണ മേഖലയിൽ ഒരു കാലിത്തീറ്റ ഫാക്ടറി ഈ ഗ്രാമപഞ്ചായത്തിൽ തുടങ്ങണം. (ഇതിന്നാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഇവിടെ നിന്നുതന്നെസംഭരിക്കാവുന്നതാണ്.)

10. ഒരു കുടുംബത്തിലെ ഒരു അംഗമെങ്കിലും സർവ്വീസ് സഹകരണ ബാങ്കിൽ അംഗമായിരിക്കണം എന്നു നിർബന്ധമാക്കണം. കുടുംബാംഗങ്ങളിൽ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും ഈ സമ്പാദ്യങ്ങൾ സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് കാര്യക്ഷമമായി നടപ്പിലാക്കണം.

11. ഗ്രാമപഞ്ചായത്തുകളുടെ ഫണ്ട് അതാതു പ്രദേശത്തെ സർവ്വീസ് സഹകരണ ബാങ്കുകൾ വഴി വിനിയോഗിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

12. ഒരു "കോക്കനട്ട് പ്രോസ്സസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം" ഉണ്ടാകണം.

13. സർക്കാറിൽ നിന്നും ലഭിക്കുന്ന പലിശ സബ്സിഡി യഥാകാലം വായ്പകാർക്ക് ലഭിക്കുന്നതിനു ഗവ: തലത്തിലും ബാങ്കു തലത്തിലും നടപടികൾ ഉണ്ടാകണം.

14. കർഷകരുടെ സൗകര്യാർത്ഥം ശൂരനാട് ഗ്രാമോദ്ധാരണ സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ച് ശൂരനാട് ഹൈസ്ക്കൂൾ ജംഗ്ഷൻ കേന്ദ്രമാക്കി പ്രവർത്തനം ആരംഭിക്കണം. ഇവിടെ വളം ഡിപ്പോ, മാവേലിസ്റ്റോർ ഓണചന്ത മുതലായ നടത്തുന്നതിനുള്ള സ്ഥല സൗകര്യങ്ങൾ ബാങ്കുവകയായി ഉണ്ടാകണം.

15. ദീർഘകാല കാർഷിക വായ്പകൾ നൽകുന്ന ശാസ്താംകോട്ട കാർഷിക വികസന ബാങ്കിന്റെ വായ്പ വിതരണ സംമ്പ്രദായം കൂടുതൽ ലളിതമാക്കണം.

സഹകരണ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനു ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ ഉണ്ടാകണം.

**മറ്റു നിർദ്ദേശങ്ങൾ.**

1. കുന്നത്തൂർ താലൂക്ക് കേന്ദ്രീകരിച്ചു ഒരു അർബൻ സഹകരണ ബാങ്ക് രൂപീകരിക്കണം.

2. വനിതകളുടെ ക്ഷേമത്തിനായി ഗ്രാമപഞ്ചായത്തുതലത്തിൽ ഒരു വനിതാ സഹകരണസംഘം രൂപീകരിക്കണം.

3. നിലവിലുള്ള ഖാദീഗ്രാമ വ്യവസായ സഹകരണ സംഘങ്ങൾ പുനർജീവിപ്പിക്കുകയും പുതിയ സംഘങ്ങൾ ഗ്രാമപഞ്ചായത്തുതലത്തിൽ രൂപീകരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും വേണം.

4. പുതിയതായി ഒരു മോട്ടർ സഹകരണസംഘം പഞ്ചായത്തുതലത്തിൽ രൂപീകരിക്കണം.

5. ബീഡിത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഒരു ബീഡിത്തൊഴിലാളി സഹകരണസംഘം രൂപീകരിക്കണം.

6. പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി കർഷകരുടെ സൗകര്യാർത്ഥം ക്ഷീരോൽപ്പദക സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

7. ഒരു ടെക്നിക്കൽ എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിക്കണം.

8. മുട്ട ഉല്പാദന വിപണന സഹകരണസംഘം പഞ്ചായത്തുതലത്തിൽ രൂപീകരിക്കണം.

9. ഉൾനാടൻ മത്സ്യ വളർത്തൽ സഹകരണ സംഘം രൂപീകരിക്കണം.

10. ഒരു പച്ചക്കറി സംഭരണ വിപണന സഹകരണ സംഘം പഞ്ചായത്തു തലത്തിൽ രൂപീകരിക്കണം.

11. എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആരംഭിക്കണം.

ഇങ്ങനെ വിവിധ മേഖലകളിലൂടെ സഹകരണ മേഖല പുഷ്ടിപ്പെടുത്തിയാൽ കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിനും സാമ്പത്തികമായ വളർച്ച പ്രാപിക്കുന്നതിനും തന്മൂലം നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ മാറ്റുന്നതിനും നമുക്ക് കഴിയും കഴിയണം. ഇതിനായി പൊതുജനങ്ങളുടെയും, ഗ്രാമപഞ്ചായത്തിന്റെയും ബന്ധപ്പെട്ട സ്ഥാപനം ആവശ്യമാണ്.

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 16% പട്ടികജാതി വിഭാഗമാണ്. പട്ടിക വർഗ്ഗ കുടുംബങ്ങൾ ഇല്ല. സമൂഹത്തിന്റെ അടിത്തട്ടിൽ കഴിഞ്ഞിരുന്ന ഇവർക്ക് ജന്മി - നാടുവാഴി വ്യവസ്ഥയിൽ കീഴിൽ അനുഭവിക്കേണ്ടി വന്ന ദുരിതങ്ങൾ നിരവധി ആണ്. തൊട്ടുകൂടായ്മയും, തീണ്ടികൂടായ്മയും നില നിന്ന നാടാണ് നമ്മുടേത്. ജന്മി തമ്പുരാക്കളുടെ വക ഭൂമിയിൽ ചെറ്റക്കുടിൽ കെട്ടിയാണ് ഇവർ താമസിച്ചിരുന്നത്. ജന്മിയുടെ നിർദ്ദേശമനുസരിച്ച് പാടത്തും പറമ്പിലും പകലന്തിയോളം പണിയെടുക്കണമായിരുന്നു. പണി ചെയ്താൽ കൂലി ചോദിക്കാൻ പാടില്ലായിരുന്നു.ഒരു നേരം കഞ്ഞിയും ചില്ലിക്കാശുമായിരുന്നു കൂലി. പാത്രത്തിൽ കഞ്ഞികുടിക്കുവാൻ അവകാശ മില്ലായിരുന്നു. ജോലിസ്ഥലങ്ങളിൽ മണ്ണിൽ കുഴികുഴിച്ച് അതിൽ ഇലയോ പാളയോ വച്ച് വിളമ്പിക്കൊടുത്ത കഞ്ഞി മാത്രമായിരുന്നു ഭക്ഷണം. മരിച്ചാൽ കുഴിച്ചിടുവാൻ ആറടി മണ്ണിന്റെ ഉടമാവകാശം പോലും ഇവർക്കില്ലായിരുന്നു. സ്വന്തം വീടിന് വീടെന്നു പറയുവാൻ അവകാശമില്ലായിരുന്നു. "മാടമെന്നോ" "കൊട്ടിൽ" എന്നോ പറയണമായിരുന്നു. ക്ഷേത്രങ്ങളിലും സ്കൂളുകളിലും പോകുവാൻ അവകാശമുണ്ടായിരുന്നില്ല. നല്ല വസ്ത്രം ധരിക്കുവാൻ അവകാശമുണ്ടായിരുന്നില്ല. പ്രായപൂർത്തിയായ പട്ടികജാതി യുവതികൾക്ക് മാറ് മറയ്ക്കുവാൻ അവകാശമില്ലായിരുന്നു. അന്ധവിശ്വാസങ്ങളിലും, അനാചാരങ്ങളിലും ആണ്ടിറങ്ങിയിരുന്നു ഇവർ. ഇവർ അനുഭവിച്ച ദുരിതങ്ങളും മർദ്ദനങ്ങളും ജാതീയമായ ഉച്ചനീചത്വങ്ങളും വർണ്ണനാതീതമാണ്.

ഐതിഹാസിമായ ശൂരനാട് വിപ്ലവത്തോടെയാണ് ജന്മി-നാടുവഴി വ്യവസ്ഥയ്ക്കു വിരമാമിട്ടത്.

ഇതോടെ ഒരു പുത്തൻ ജീവിതം അനുഭവിക്കുന്നവരായി ഇവർമാറ്റപ്പെട്ടു. ഭൂപരിഷ്കരണനിയമം നടപ്പിലാക്കിയതോടെ കുടികിടപ്പവകാശവും കൈവശം ഭൂമിക്ക് പട്ടയം ലഭിച്ചു.യ ഇവർ ഭൂമിയുടെ ഉടമകളായി മാറി. ജാതിയുടെയോ, സ്വത്തിന്റെയോ പേരിൽ യാതൊരുവിധ ഉച്ചനിചത്വങ്ങളും ഇന്ന് നിലനിൽക്കുന്നില്ല. എന്നത് ഒരു

| വാർഡ് | M | F | Total |
|---|---|---|---|
| 1 | 357 | 371 | 728 |
| 2 | 272 | 241 | 513 |
| 3 | 189 | 208 | 397 |
| 4 | 212 | 246 | 458 |
| 5 | 237 | 212 | 449 |
| 6 | 123 | 121 | 244 |
| 7 | 168 | 155 | 313 |
| 8 | 176 | 187 | 363 |
| 9 | 242 | 123 | 465 |
| 10 | 161 | 182 | 343 |
| | | | |

സത്യമായി നാം അംഗീകരിക്കുന്നു.

കോളനികളുടെ പട്ടിക

വാർഡ് 1
- ഇടപ്പനയം കോളനി
- ചിറപ്പാട്ട് കോളനി
- കരിയാപ്പിള്ളേത്ത് കോളനി

വാർഡ് 2
- പുലിക്കുളം ഐ.എച്ച്.ഡിപി കോളനി
- താഴത്തടത്ത് കോളനി
- പാറയിൽ ലക്ഷംവീട് കോളനി
- പെരുമ്പ്രാൽ കോളനി

വാർഡ് 3
- കല്ലുമ്പുറം കോളനി
- പറങ്കിമാംവിള കോളനി
- വെള്ളച്ചിറ കോളനി
- ഊരാളിപ്പറമ്പ് കോളനി

വാർഡ് 4
- വയലിൽ കോളനി
- പാതിരിക്കൽ കോളനി

വാർഡ് 5
- കൊക്കിനാംമുകൾ കോളനി
- കക്കാട് കോളനി
- വേപ്പൂക്കുറ്റി കോളനി
- മുഖത്തലഭാഗം കോളനി
- മടയശ്ശേരി ഭാഗം കോളനി

വാർഡ് 6
- കുന്നുംപുറം കോളനി

വാർഡ് 7
- അരിയിക്കൽ കോളനി

എണ്ണശ്ശേരി ഭാഗം കോളനി

മൂലപ്പാട്ട് കോളനി

വാർഡ് 8
- കുന്നുമ്പുറം കോളനി
- ഞാറയ്ക്കൽ കോളനി
- കാട്ടൂർകുഴി കോളനി
- ലക്ഷംവീട് കോളനി
- ഇയ്യാരം കോളനി

വാർഡ് 9
- കുന്നിൽതാഴെ കോളനി
- കുന്നിൽ താഴെ ഡിപ്പാർട്ട്മെന്റൽ കോളനി
- മാവിള കോളനി

വാർഡ് 10
- കാത്താവിള കോളനി
- വട്ടത്തറ കോളനി
- കല്ലുവെട്ടാംകുഴി കോളനി

വാർഡ് 11
- മണ്ണാവേലി കോളനി
- കിഴകിട് കോളനി
- കളത്തൂർ കോളനി

**അവലോകനം**

ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്തിൽ ആകെ 1025 പട്ടികജാതി കുടുംബങ്ങൾ പാർക്കുന്നുണ്ട്. ഇവർ പ്രധാനമായും 25 കോളനികളിലായും മറ്റുള്ളവർ ഇടകലർന്നുമാണ് താമസിക്കുന്നത്. പഞ്ചായത്തിലെ

സ്ഥിതി മൊത്തത്തിൽ പരിശോധിച്ചാൽ 251 കുടുംബങ്ങൾക്കെങ്കിലും സ്വന്തമായി വീടില്ലാത്തവർ ആണെന്ന് കാണുവാൻ കഴിയും. ഇതിൽ തന്നെ 10% ആളുകൾക്ക് വീടു വയ്ക്കാൻ സ്വന്തമായി വസ്തുവും ഇല്ലാത്തവരാണ്.

ആകെ കുടുംബങ്ങളിൽ 75% ത്തിനും ഇന്നും വൈദ്യുതി എത്തിയിട്ടില്ല. കോളനികൾ കേന്ദ്രീകരിച്ച് വൈദ്യുതി എത്തിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും ഒറ്റപ്പെട്ട വീടുകളിൽ വൈദ്യുതി എത്തിക്കുവാനുള്ള ശ്രമം നടക്കുന്നില്ല.

വൈദ്യുതിയേക്കാളേറെ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്ന രംഗം കുടിവെള്ളം പ്രശ്നമാണ് എൺപത് ശതമാനത്തിനു മുകളിൽ കോളനികളിൽ ഇന്ന് കുടിവെള്ളം എത്തിക്കാനുള്ള സൗകര്യം ഇല്ല. വട്ടത്തറ കോളനികളിൽ പഞ്ചായത്തു ഫണ്ടിൽ നിന്ന് പണം ഒടുക്കിയിട്ടില്ലെങ്കിലും പൈപ്പ് ലൈൻ സ്ഥാപിക്കുവാനുള്ള നടപടികളൊന്നും എടുത്തിട്ടില്ല. പല കോളനികളിലും പല വീടുകൾക്കായി നിർമ്മിച്ചിരിക്കുന്ന ഒരു കിണർ വേനൽക്കാല മാവുമ്പോഴേക്ക് വറ്റി വരളുകയും തൽഫലമായി മറ്റു മാർഗ്ഗത്തിൽ ജലം ശേഖരിക്കുന്ന കാഴ്ചയും സാധാരണമാണ്. വയലുകളിൽ കുഴികളുണ്ടാക്കിയും മറ്റും ശേഖരിക്കുന്ന ജലം ശുദ്ധജലം അല്ലെന്നിരികക്ക പല രോഗങ്ങൾക്കും ഇത് കാരണമാകാറുണ്ട

## വിദ്യാഭ്യാസം

സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിന്റെ ഫലമായി നിരക്ഷരരർ പൊതുവെ കുറവാണെങ്കിലും വിദ്യാഭ്യാസ നിലവാരം ഉയർന്നിട്ടില്ല. സാക്ഷരതാ പ്രവർത്തനങ്ങളുടെ ഫലം പ്രധാനമായി കാണുവാൻ കഴിയുന്നത് പട്ടികജാതി കുടുംബങ്ങളിലാണ്. തുടർ വിദ്യാഭ്യാസത്തിന്റെ അഭാവം ഈ നേട്ടത്തെ കുറച്ചിട്ടുണ്ട്.

വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി വരെ പഠിക്കുവാൻ സാധാരണയായി പോകാറുണ്ട്. കൊഴിഞ്ഞുപോക്കിന്റെ ശതമാനം വളരെ നേരിയ തോതിലാണ്. എന്നാൽ എസ്.എസ്.എൽ.സി പാസ്സാകുന്നതിനോ തുടർന്ന് പഠിക്കുന്നതിനോ ശ്രമക്കുന്നതിനു പകരം പലരും സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം മറ്റ് ജോലികൾക്കായി പോകുന്ന കാഴ്ചയാണ് പൊതുവേ കാണുന്നത്. സ്കൂളിൽ പഠിച്ചിരുന്നതിൽ വളരെ കുറച്ച് പേർ മാത്രമാണ് ഉപരി പഠനത്തിന് പോകുന്നത്. പ്രൊഫഷണൽ ബിരുദദാരികൾ ചിലരെങ്കിലും ഉണ്ടെങ്കിലും ഇനിയും നില മെച്ചപ്പെടുത്തിയേ മതിയാകൂ. സർക്കാർ സർവ്വീസിൽ പ്രവേശിക്കുവാൻ സംവരണം സഹായക്കുന്നുണ്ടെങ്കലും ഇതിന്റെ പ്രയോജനം വേണ്ടത്ര ഉപയോഗപപ്പെടുത്താൻ ശ്രമിക്കുന്നില്ല. ആൺകുട്ടികളിൽ ഭൂരിപക്ഷവും നിർമ്മാണ ജോലികൾ തുടങ്ങിയ കരാറുകാരോടൊപ്പമുള്ള ജോലികൾക്കായും

| No | സ്കൂളിന്റെ പേര് | സ്റ്റാന്റേഡ് | ആൺ കുട്ടികൾ | പെൺ കുട്ടികൾ | തൊഴിലില്ലാത്തവർ | ആകെ |
|---|---|---|---|---|---|---|
| 1 | അഴകിയ കാവിൽ L.P.S | 1 | 5 | 12 | | 17 |
| | | 2 | 9 | 8 | | 17 |
| | | 3 | 9 | 13 | | 22 |
| | | 4 | 13 | 11 | | 24 |
| 2 | P.S.P.T.M. L.P.S | 1 | 1 | | | 1 |
| | | 2 | 3 | | | 3 |
| | | 3 | 3 | 1 | | 3 |
| | | 4 | 4 | 1 | | 5 |
| 3 | തൈന്നല L.P.S | 1 | 11 | 10 | | 21 |
| | | 2 | 9 | 8 | | 17 |
| | | 3 | 6 | 7 | | 13 |
| | | 4 | 10 | 5 | | 15 |
| 4 | ആനയടി L.P.S | 1 | 11 | 3 | | 14 |
| | | 2 | 11 | 14 | | 25 |
| | | 3 | 6 | 1 | | 7 |
| | | 4 | 3 | 15 | | 18 |
| 5 | നടുവിൽ L.P.S | 1 | 5 | 4 | | 9 |
| | | 2 | 7 | 14 | | 21 |
| | | 3 | 5 | 7 | | 12 |
| | | 4 | 12 | 9 | 1 | 21 |
| | | 5 | 13 | 3 | | 16 |
| 6 | സെന്റ് തോമസ് U.P.S | 5 | 13 | 8 | | 14 |
| | | 6 | 6 | 7 | | 11 |
| | | 7 | 4 | 7 | | 9 |
| 7 | R.K.N. P.S ആനയടി | 5 | 3 | 6 | | 9 |
| | | 6 | 11 | 7 | | 18 |
| | | 7 | 4 | 4 | | 8 |
| 8 | ഗവ: ഹൈസ്കൂൾ ശൂരനാട് | 5 | 20 | 13 | | 33 |
| | | 6 | 21 | 20 | 1 | [illegible] |
| | | 7 | 24 | 15 | | 39 |
| | | 8 | 28 | 34 | | 62 |
| | | 9 | 18 | 30 | 1 | [illegible] |
| | | 10 | 21 | 21 | | 42 |
| | ആകെ | | 360 | 318 | | 678 |

പെൺകുട്ടികൾ തയ്യൽ തുടങ്ങി പെട്ടെന്ന് വരുമാനമുണ്ടാകുവാനായുള്ള ജോലികൾക്കായും എസ്.എസ്.എൽ.സി ക്കു ശേഷം തിരിയുന്നുണ്ട്.

**തൊഴിൽ രംഗം**

പട്ടികജാതി-കുടുംബങ്ങളിൽ ഭൂരിപക്ഷവും കൃഷിപ്പണികളിൽ ഏർപ്പെട്ടിരുന്നവരായിരുന്നു. കാർഷികവൃത്തി അവരുടെ സാദ്ധ്യതയായി കരുതിയിരുന്ന നാളുകൾ ഇപ്പോൾ വിസ്മൃതിയിലാണ്. മറിച്ച് ഇന്ന് കാർഷികവൃത്തി തൊഴിലായി സ്വീകരിച്ചിരിക്കുന്നവർ വളരെ ചുരുക്കമാണ്. പുതുതായി ആരും തന്നെ ഈ രംഗത്തേക്ക് വരുന്നില്ല. സ്ത്രീകൾ കൃഷിപ്പണികളുടെ ഇടവേളകളിൽ തഴപ്പായ, ഈറ കൊണ്ടുള്ള മറ്റ് ഉൽപ്പന്നങ്ങൾ തുടങ്ങിയ നിർമ്മാണ പ്രവൃത്തികളിൽ ഏർപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ തഴപ്പായ നിർമ്മാണമോ മറ്റ് പ്രവൃത്തികളോ തുലോം തുച്ഛമാണ്.

പുരുഷന്മാർ പ്രധാനമായും നിർമ്മാണരംഗത്താണ് ഇന്ന് പണിയെടുക്കുന്നത് ജോലിയിലുള്ള സ്വാതന്ത്ര്യവും കൂലിയിലുള്ള വർദ്ധനവുമാണ് പ്രധാനമായും ഈ മേഖല കേന്ദ്രീകരിക്കുവാൻ കാരണം. സ്ത്രീകൾ ഭൂരിഭാഗവും കശുവണ്ടി മേഖലയിലാണ് ജോലി ചെയ്യുന്നത്. സ്വകാര്യ ചെറുകിട കശുവണ്ടി ഫാക്ടറികളുടെ ആവിർഭാവം മിക്ക ദിവസങ്ങളിലും ഈ മേഖലയിലുള്ളവർക്ക് ജോലി കിട്ടുന്നതിന് സഹായിക്കുന്നുണ്ട്.

ഇക്കാരണത്താൽ കാർഷിക വൃത്തിക്ക് ജോലിക്കാരെ കിട്ടുന്നതിന് ബുദ്ധിമുട്ടുണ്ട്. പല കർഷകർക്കും വയൽ നികത്ത മറ്റ് പല കൃഷികളും ചെയ്യുന്നതിലേക്ക് തിരിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയിൽ പ്രധാനമായും ഇപ്പപ്പോൾ റബ്ബർ നല്ലസ്ഥാനം നേടിയെടുത്തിട്ടുണ്ട്. ഇത് ഭക്ഷ്യധാന്യ മേഖലകളിൽ ഗുരുതരമായ പ്രത്യാഘാതത്തിന് വഴി വെയ്ക്കും.

**നിർദ്ദേശങ്ങൾ**

വിദ്യാഭ്യാസം : വിദ്യാഭ്യാസപരമായി പട്ടികജാതി വിഭാഗത്തിലുള്ളവർ ഇനിയും ഉയരേണ്ടതുണ്ട്. ആയതിനാൽ ഈ വിഭാഗത്തിലുള്ളവരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ചില കാര്യങ്ങൾ ചെയ്യാവുന്നതാണ്. സ്കൂളികളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കൂൾ സമയത്തിനു ശേഷം അതാത് സ്കൂളുകളിൽ തന്നെ പ്രത്യേക ട്യൂഷൻ സൗകര്യം എർപ്പെടുത്താവുന്നതാണ്. എസ്.എസ്.എൽ.സി തോറ്റ വിദ്യാർത്ഥികൾക്കായി സ്കൂളുകളിൽ തന്നെ ഒരു വർഷം കൂടി പഠിച്ച് പരീക്ഷയെഴുതുവാൻ സൗകര്യം ചെയ്തു കൊടുക്കാവുന്നതാണ്. എസ്.എസ്.എൽ.സി തോൽക്കുന്ന കുട്ടികൾക്ക് തുടർന്ന് ട്യൂട്ടോറിയലിൽ ചേർന്ന് പഠിക്കുന്നതിനുള്ള ധനസഹായം നൽകുക. വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനുള്ള സൗകര്യാർത്ഥം ഇലക്ട്രിസിറ്റി ഇല്ലാത്ത വീടുകൾക്ക് ഈ മുൻഗണനാ പ്രകാരം കണക്ഷൻ കൊടുക്കാവുന്നതാണ്. മേശ, കസേര ഇവ ഇല്ലാത്ത വീടുകളിലെ വിദ്യാർത്ഥികൾക്കായി ഇവ നിർമ്മിച്ചു നൽകാവുന്നതാണ്. പട്ടികജാതി, വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കായി പ്രത്യേക കലാ-കായിക ക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതാണ്. കലാ-കായിക പരിശീലനം നൽകുന്നതിനായി പ്രത്യേക ഇൻസ്ട്രക്ടർമാരെ വച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും.

**തൊഴിൽ**

സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക വഴി യുവാക്കളുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുവാൻ കഴിയും. കഴിവതും കൂട്ടായ പ്രയത്നം വേണ്ടുന്ന തൊഴിൽ മേഖലകൾ തേടുവാൻ പരിശീലിപ്പിക്കുക വഴി സമൂഹത്തിലെ ഒരു നല്ല അംഗമാക്കി മാറ്റുവാൻ കഴിയും. പുരുഷന്മാർക്കായി ഇഷ്ടിക വ്യവസായം, തീപ്പെട്ടി നിർമ്മാണം തുടങ്ങിയവ സഹകരണ അടിസ്ഥാനത്തിൽ തുടങ്ങുന്നതിന് വേണ്ട നിർദ്ദേശങ്ങളും ധനസഹായവും നൽകാവുന്നതാണ്. ഒരു കോളനി ഒരു യൂണിറ്റായി പരിഗണിച്ച് വ്യവസായ സ്ഥാപനങ്ങൾ അനുവദിക്കാവുന്നതാണ്. സ്ത്രീകൾക്കായി സഹകരണ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒട്ടാകെ 4 സ്ഥലങ്ങളിലെങ്കിലും തയ്യൽ പരിശീലനം കേന്ദ്രവും റെഡിമെയ്ഡ് വസ്ത്ര നിർമ്മാണകേന്ദ്രവും ആരംഭിക്കാവുന്നതാണ്. റെഡിമെയ്ഡ് ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി പഞ്ചായത്തിലെ പ്രധാനപ്പെട്ട 2 സ്ഥലങ്ങളിൽ വിപണന കേന്ദ്രം ആരംഭിക്കാവുന്നതാണ്. പ്രത്യേകമായി സ്വയം തൊഴിൽ സംരംഭങ്ങളിലേർപ്പെടുവാൻ താൽപര്യപ്പെടുന്ന യുവൾക്കായ നൽകാവുന്ന നല്ല പദ്ധതിയാണ് ഓട്ടോ റിക്ഷകളുടെ വിതരണം. ന്യായമായ ലഘുതവണ വ്യവസ്ഥയിൽ ലോൺ അനുവദിച്ച് യുവാക്കൾക്കായി ഓട്ടോ റിക്ഷാകൾ നൽകാവുന്നതാണ്. യുവതികൾക്കയി സ്വന്തമായി സ്ഥലമുള്ളവരുടെ കാര്യത്തിൽ പുഷ്പകൃഷി പ്രോത്സാഹി പ്പിക്കാവുന്നതാണ്. വളരെ കുറച്ചു മാത്രം മുതൽ മുടക്കും നിത്യവും ശ്രദ്ധയും വേണ്ടുന്ന പുഷ്പകൃഷി യുവതികളെ സംബന്ധിച്ചിടത്തോളം അനുയോജ്യമാണ്. വിപണനസാദ്ധ്യതയും ഉറപ്പു വരുത്തേണ്ടതുണ്ട്.

**ആരോഗ്യം**

ആര്യോഗ്യരംഗം വളരെയേറെ ശ്രദ്ധിക്കേണ്ട ഒരു മേഖലയാണ് കോളനികൾ വളരെയടുത്തടുത്തായി നിർമ്മിച്ചിരിക്കുന്ന വീടുകൾ രോഗങ്ങളുടെ ആരംഭത്തിനും പകർച്ചയുടെ തോതിനും ആക്കം കൂട്ടുന്നു അതിനാൽ കോളനികൾ കേന്ദ്രീകരിച്ച് പകർച്ച വ്യാധികൾ തടയുന്നതിനായുള്ള മുൻ കരുതൽ നടപടികൾ സ്വീകരിക്കുകയും മുടങ്ങാതെയുള്ള ആരോഗ്യ പരിശോധനകൾ നടത്തുകയും ചെയ്യണം. മെഡിക്കൽ ക്ലാസ്സുകൾ സംഘടിപ്പിക്കുക എന്നത് പ്രയോഗത്തിൽ വരുത്തുക.

**സാംസ്കാരികം**

കോളനികൾ കേന്ദ്രീകരിച്ച് ഒരു റീഡിംഗ് റൂം സ്ഥാപിക്കുകയും, പ്രധാന ദിനപത്രങ്ങൾ എത്തിക്കുയും ചെയ്യുക. ഓരോ റീഡിംഗ് റൂം കേന്ദ്രീകരിച്ച് ഓരോ ടി.വി സെറ്റും സ്ഥാപിക്കാവുന്നതാണ്. അന്യം നിന്നു പോകുവാൻ ഇടയുള്ള നാടൻ കലാരൂപങ്ങളും കലാ പ്രകടനങ്ങളും പട്ടികജാതി വിഭാഗത്തിന്റേതായിട്ടുണ്ട്. ഇവ തുടർന്ന് കൊണ്ടു പോകുന്നതിന് വേണ്ട പ്രോത്സാഹനം നൽകാവുന്നതാണ്. ഓണം, ക്രിസ്തുമസ്സ, ദീപാവലി, പെരുനാൾ തുടങ്ങിയ ഉത്സവ ആഘോഷങ്ങളോടനുബന്ധിച്ച് ഉത്സവമേളകൾ സംഘടിപ്പിക്കുക

**കൃഷി**

1.പട്ടകജാതി കർഷകർക്ക് സ്വന്തം ഭൂമിയിൽ കൃഷി ചെയ്യാൻ പ്രോത്സാഹനം നൽകുക.

2. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി നടത്തുവാൻ സഹായം നൽകുക

3. കൃഷി വകുപ്പിൽ നിന്നും കാർഷിക ഉപകരണങ്ങൾ വിത്ത്, വളം, കീടനാശിനി, പമ്പ് സെറ്റ് മുതലായവ കാലാകാലങ്ങളിൽ നൽകുക.

കൃഷി ഭൂമി സ്വന്തമായി ഇല്ലാത്ത പട്ടികജാതിക്കാർക്കായി അവ വിതരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരക്കക്കേണണ്ടതാണ്. കൈവശ ഭൂമിയുടെ പരിധി കുറച്ചകൊണ്ടു വരിക വഴി ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുവാൻ കഴിയും. കൃഷി ഭൂമി വാങ്ങുന്നതിന് ഗ്രാന്റും, ലോണും അനുവദിക്കേണ്ടതാണ്.

**പാർപ്പിടം**

പഞ്ചായത്തിൽ ആകെയുള്ള പട്ടികജാതി കുടുംബങ്ങളിൽ നാലിലൊന്നിന് എങ്കിലും സ്വന്തമായി പാർപ്പിടം ഇല്ലാത്തവരാണ്. അടിയന്തിര ശ്രദ്ധ അർഹിക്കുന്ന മേഖലയാണിത്. ഗവൺമെന്റിൽ നിന്നും പാർപ്പിട നിർമ്മാണത്തിനാവശ്യമായ അനുവദിക്കുന്ന തുക ഇതിനുമതിയാകുകയില്ല. മനുഷ്യാധ്വാനം മാത്രം കൈമുതലായുള്ള ഈ വിഭാഗക്കാർക്ക് അനുവദിക്കുന്ന ഗ്രാന്റ് തുക വർദ്ധിപ്പിച്ചു നൽകേണ്ടതാണ്.

1. പട്ടികജാതി കുടുംബങ്ങളുടെ പാർപ്പിട പ്രശ്നം സമയബന്ധിതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

2. പണം തിരിച്ചടയ്ക്കുവാൻ കഴിവുള്ളവരെ കണ്ടെത്തി വീട് വയ്ക്കുന്നതിന് ആവശ്യമായ ലോൺ സ്വന്തം വസ്തുവിന്റെ ഈടിന്മേൽ മതിയായ ലോൺ ലഭ്യമാക്കേണ്ടതാണ്.

3. ഭൂമിയും വീടും ഇല്ലാത്ത കുടുംബങ്ങൾ നിരവധി ഓരോ വാർഡിലും താമസിക്കുന്നു. ഒരു വീട്ടിൽ തന്നെ രണ്ടും മൂന്നും കുടുംബം താമസിച്ചു വരുന്നുണ്ട്. ഇവരെ കണ്ടെത്തി ഭൂമിയും വീടും നൽകുന്നതിനാവശ്യമായ പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്

സാനിട്ടേഷൻ രംഗമാണ് മറ്റൊരു ശ്രദ്ധയാകർഷിക്കുന്ന മേഖല. എല്ലാ പട്ടികജാതി, കുടുംബങ്ങൾക്കും കക്കൂസ് സൗജന്യമായി നിർമ്മിച്ചു കൊടുക്കേണ്ടതാണ്.

# വിഭവസമാഹരണം

നമ്മുടെ ഗ്രാമത്തിൽ സുലഭമായി ലഭിക്കുന്ന കാർഷിക ഉൽപന്നങ്ങൾ ഈ സംഖ്യയുടെ പകുതിയിലേറെ വരുന്ന തൊഴിൽ രഹിതരുടെ സഹകരണത്തോടെ, വൈദ്യുതിയുടെയും ആധുനിക യന്ത്രങ്ങളുടെയും സഹായത്തോടെ സംസ്കരിച്ച് വിപണനം നടത്തുകയാണെങ്കിൽ ഗ്രാമീണ ജനതയുടെ ജീവിതനിലവാരം ഉയർത്താനും ഗ്രാമത്തിന്റെ മൊത്തത്തിലുള്ള വിഭവ ശേഷി വർദ്ധിപ്പിക്കാനും കഴിയും. കേരളപിറവിക്കും സംവത്സരങ്ങൾക്ക് മുൻപ് ജന്മിത്വത്തിനും അനീതിക്കുമെതിരെ ജനകോടികൾക്ക് മാതൃക കാട്ടിയ ശൂരനാടിന്റെ വിപ്ലവനായകൻമാരുടെ പിൻതലമുറക്കാരായ യുവജനങ്ങളുടെ ശക്തി എല്ലാ മേഖലകളിലും വ്യാപിപ്പിച്ച് വിഭവസമാഹരണം നടത്താനും അതിലൂടെ ഐശ്വര്യപൂർണ്ണമായ ഒരു ഗ്രാമം കെട്ടിയെടുക്കാനും സാധിക്കണം.

**വൈദ്യുതി**

വൈദ്യുതി പ്രശ്നം പരിഹരിക്കാൻ മാത്രമെ വികസനവും സാധ്യമാകൂ. ശക്തി കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ഗ്രാമത്തിന്റെ

എല്ലാ ഭാഗങ്ങളിലും വൈദ്യുതി ലഭ്യമാക്കാനുള്ള നടപടിയും ഉണ്ടാവുകയാണെങ്കിൽ വ്യവസായം തുടങ്ങാൻ മടിച്ചു നിൽക്കുന്ന പലരും വ്യവസായം തുടങ്ങാനും വിഭവശേഷി വർദ്ധിപ്പിക്കാനും സാധ്യമാകു.

**സമ്പാദ്യ പദ്ധതികൾ**

ഓരോ കുടുംബത്തിനും മിച്ചം വരുന്ന തുക അതാത് പ്രദേശങ്ങളിലുള്ള സഹകരണബാങ്കുകളിൽ നിക്ഷേപിക്കാനും അതുകൊണ്ട് പ്രത്യുൽപാദനമേഖലകളിൽ നിക്ഷേപിക്കാനും ബോധവൽകരണം നടത്തിയാൽ സമ്പാദ്യം പിരിച്ചെടുക്കുന്നതിന് തൊഴിലില്ലാത്ത വനിതകളെ നിയോഗിക്കാനും സാധിക്കുന്നതിലൂടെ നാടിനും നാടാർക്കും ഗുണമേറും.

**ബാങ്ക് വായ്പാ**

ബാങ്ക് വായ്പാ രീതി ലളിതമാക്കിയാൽ സ്വകാര്യ കഴുത്തറപ്പൻ പണമിടപാട് സ്ഥാപനങ്ങൾ ഇല്ലാതാക്കാനും നാടിന്റെ വിഭവം നാട്ടിൽ തന്നെ ലഭിക്കാനും സാധ്യതയേറും.

**കാർഷിക ഉൽപന്നങ്ങൾ**

മരച്ചീനി, ചേന, ചേമ്പ്, നാരങ്ങ, പൈനാപ്പിൾ മുതലായവ ആധുനിക സമ്പ്രദായങ്ങളിലൂടെ കൃഷിചെയ്ത് സംസ്കരിച്ചെടുക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ചാൽ തൊഴിലില്ലായ്മക്കറുതി വരുത്താനും വിഭവശേഷി വർദ്ധിപ്പിക്കാനും സാധിക്കും.

**ഡയറി യൂണിറ്റുകൾ**

ഗ്രാമത്തിലെ 52 ശതമാനത്തോളം വരുന്ന സ്ത്രീകളുടെ സഹായത്തോടെ പശു, ആട്, എരുമ മുതലായവയെ വളർത്തുന്ന സഹകരണസ്ഥാപനങ്ങങ്ങൾ സ്ഥാപിച്ചാൽ, വിവിധതരം പാൽ ഉൽപന്നങ്ങൾ തയ്യാറാക്കാനും തൊഴിൽ, വർദ്ധിച്ചു സാമ്പത്തിക നിലവാരം മെച്ചപ്പെടാനും സാധിക്കും.

**മത്സ്യം :**

25 ഏക്കർ വരുന്ന ഗ്രാമപഞ്ചായത്ത് വക കുളങ്ങളിലും പുഞ്ചകളിലും മത്സ്യം വളർത്തുകയാണെ ങ്കിൽ തൊഴിലില്ലായ്മക്ക് പരിഹാരവും സമ്പത്ത് വർദ്ധിപ്പിക്കുകയും ചെയ്യാം.

**പട്ടികജാതി വികസനം**

കൈത്തൊഴിൽ വിപുല പ്പെടുത്തു ന്നതിലൂടെഗ്രാമത്തിലെ ജനസംഖ്യയുടെ 16 ശതമാനം വരുന്ന പട്ടികജാതി വിഭാഗത്തിലെ സ്ത്രീകൾ അസംഘടിതമേഖലയിൽ ജോലി ചെയ്യുന്ന ഈറ്റ, തഴപ്പായ്, മെറ്റൽഅടി, സോപ്പ് നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, തയ്യൽ എന്നിവയെ സഹകരണ സംഘങ്ങളായി സാമ്പത്തിക സഹായം നൽകാനുള്ള പദ്ധതി ആവിഷ്കരിക്കാനും വിഭവശേഷി വർദ്ധിപ്പിക്കാനും സാധിക്കും.

**ഖനനം**

അഞ്ചാം വാർഡിലെ കൊക്കിനാം മുകൾ പ്രദേശത്തും മറ്റു ഭാഗങ്ങളിലും കണ്ടു വരുന്ന വിവിധ ഇനം ലോഹങ്ങളുടെ അയിരുകൾ വേർതിരിച്ചെടുക്കുന്ന ഒരു ഫാക്ടറി സ്ഥാപിച്ചാൽ ആയിരങ്ങൾക്ക് തൊഴിലും രാഷ്ട്രത്തിന് വിദേശനാണ്യം നേടാനുമാകും.

**പച്ചക്കറി**

എല്ലാ വാർഡുകളിലും നല്ലയിനം പച്ചക്കറികളും വിത്തിനങ്ങളും വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ സ്ഥാപിച്ചാൽ ഓരോ വീട്ടിലും അടുക്കളത്തോട്ടങ്ങൾ വച്ച് പിടിപ്പിച്ച് കുടുംബവരുമാനം കൂട്ടാനും അനാവശ്യ കീടനാശിനികളിൽ നിന്ന് രക്ഷപ്പെടാനും സാധിക്കും.

**തരിശ്ഭൂമി -**

കൃഷിയോഗ്യമായ ഭൂമി ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ ഏറ്റെടുത്ത് കൂട്ടു കൃഷി സമ്പ്രദായം ഏർപ്പെടുത്തി വിഭവശേഷി വർദ്ധിപ്പിക്കാൻ കഴിയും.

**റബ്ബർ**

ഗ്രാമത്തിൽ ഇപ്പൾ 174 ഏക്കർ സ്ഥലത്ത് റബ്ബർ കൃഷിയുണ്ടെങ്കിലും റബ്ബർ ബോർഡിന്റെ സാമ്പത്തിക സഹായങ്ങളോ ഉപദേശങ്ങളോ യാതൊന്നും ലഭിക്കുന്നില്ല. റബ്ബർ ബോർഡിന്റെ ഒരു മേഖലാ ആഫീസ് ഇവിടെ ആരംഭിച്ച് ധനസഹായം നൽകുകയാണെങ്കിൽ ധാരാളം ആളുകൾ റബ്ബർ കൃഷി ആരംഭിക്കുകയും വിഭവശേഷി വർദ്ധിപ്പിക്കുകയും ചെയ്യാം.

**നികുതി**

(എ) - ഇപ്പോൾ ഗ്രാമത്തിലെ 4 ശതമാനം മാത്രം വരുന്ന ഉദ്യോഗസ്ഥൻമാരും കച്ചവടക്കാരും മാത്രമെ തൊഴിൽ നികുതി നൽകുന്നുള്ളു. വരുമാനമുള്ള എല്ലാ ജനങ്ങളൽ നിന്നും ചെറിയ നിരക്കിൽ നികുതി പിരിച്ചെടുത്താൽ വികസന പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടാനും ഗ്രമവാസികളിൽ അർപ്പണ മനോഭാവം കൈവരിക്കാനും സാധിക്കും.

(ബി) ആഡംബര വസ്തുക്കൾ ഉപയോഗിക്കുന്ന വീടുകൾക്ക് ഏറ്റകുറച്ചിലുകളുടെ അടിസ്ഥാനത്തിൽ നികുതി ഏർപ്പെടുത്താവുന്നതാണ്.

(ഡി) - ഷോപ്പിംഗ് കോംപ്ലക്സ്, ചക്കുവള്ളി, ആനയടി, പാറക്കടവ് എന്നിവിടങ്ങളിലെ റവന്യൂ പുറമ്പോക്കുകളിൽ ഷോപ്പിംഗ് കോപ്ലക്സ് നിർമ്മിച്ച് വിഭവശേഷി വർദ്ധിപ്പിക്കാം.

(ഇ) കല്യാണമണ്ഡപം - ശൂരനാട് ഹൈസ്കൂൾ ജെങ്ഗ്ഷനിൽ ഒരു കല്യാണമണ്ഡപവും ആഡിറ്റോറിയവും സ്ഥാപിച്ചാൽ ഗ്രാമത്തിന് എന്നെന്നും മുതൽക്കൂട്ടും വരുമാന വർദ്ധനവും ഉണ്ടാകും.

(എഫ്) - വിദേശമലയാളികളുടെ സമ്പത്ത് - വിദേശമലയാളികളുടെ സമ്പത്ത് മുഴുവനും ഗ്രാമത്തിലെ സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചാൽ അതുകൊണ്ട് വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാനും നാട്ടിൽ തിരിച്ചെത്തുന്ന മലയാളികൾക്ക് തൊഴിൽ നൽകാനും സാധിക്കും.

(ജി)– സർക്കാർ നികുതികളും ഫീസുകളും – ഇപ്പോൾ ഗ്രാമത്തിൽ നിന്നും പിരിച്ചെടുക്കുന്ന വിവിധ നികുതികളും ഫീസുകളും മേൽത്തട്ടിൽ പോയി മൂന്നും നാലും വർഷം കഴിഞ്ഞാണ് പഞ്ചായത്തിലെത്തുന്നത്. ഈ നടപടി മൂലം വികസന പ്രവർത്തനങ്ങൾക്ക് കാലതാമസവും അഴിമതിയും ഉണ്ടാകുന്നു. ഇത്തരം നടപടി നിർത്തലാക്കി തുക പിരിച്ചെടുക്കുന്ന ഡിപ്പാർട്ട്മെന്റ് തന്നെ അതേ സാമ്പത്തിക വർഷം ടി തുക ഗ്രാമപഞ്ചായത്തിനെ ഏൽപിച്ചാൽ വികസനപ്രവർത്തനം കാര്യക്ഷമമാകും.

(എച്ച്) ഓരോ വർഷവും പദ്ധതിവിഹിതം കൂട്ടുന്നെങ്കിലും പ്രവർത്തനമാന്ദ്യം അനുഭവപ്പെടുന്നതായി ഗ്രാമവാസികൾക്ക് മനസ്സിലായിട്ടുള്ളതാണ്.

ആയതിനാൽ ഗ്രാമത്തിന്റെ മുഖ്യവിഭവമായ യുവജനപങ്കാളിത്തത്തോടെ എല്ലാ വാർഡുകളിലും വികസന. പ്രവർത്തനം നടത്തുകയാണെങ്കിൽ തന്നെ ചെലവാക്കാനും എല്ലാ ഗ്രാംവാസികളും വികസനത്തിൽ പങ്കാളികളാകുന്നു എന്ന് ഉറപ്പ് വരുത്താനും സാധിക്കും. തെറ്റിദ്ധാരണകൾ ഒഴിവാക്കാൻ സാധിക്കുന്നതിലൂടെ മാത്രമെ "ഇൻഡ്യയുടെ ഹൃദയം ഗ്രാമങ്ങളിൽ" എന്ന മഹാത്മജിയുടെ സ്വപ്നം സാക്ഷാത്കരിക്കാനാകൂ.

1. ആർഭാടമായി നടത്തുന്ന വിവാഹങ്ങൾക്ക് നികുതി ഏർപ്പെടുത്തുക.
2. വിവാഹ രജിസ്ട്രേഷൻ ഫീസ് ഏർപ്പെടുത്തുക.
3. പട്ടികളെ വളർത്തുന്നതിന് നിർബന്ധിത ഫീസ് ഈടാക്കുക.

| | ഇനം | വരുമാനത്തിലെ വ്യതിയാനം | 1991-92 | 95-96 | വ്യത്യാസം | ശതമാനം |
|---|---|---|---|---|---|---|
| a | കെട്ടിട നികുതി | | 88655.80 | 173393 | 8473720 | 95.61 |
| b | തൊഴിൽ നികുതി | | 56280 | 104955 | +48675 | 86.51 |
| c | മറ്റ് വരവ് | | 17254 | 38286 | +21032 | 121 |
| d | ഉപാധിരഹിത ഫണ്ട് | | 220350 | 332090 | +111740 | 50.7 |
| e | ജെ. ആർ. വൈ | | 800891 | 518511 | -282380 | 35.3 |
| f | ഗ്രാന്റുകൾ | | 583283 | 873661 | 290378 | 33.2 |
| | ആകെ വരവ് | | 1766713.80 | 2040896 | | |
| | ആകെ ചെലവ് | | 1757332 | 1914297 | | |

# ഉപസംഹാരം

നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വെമ്പൽ കൊള്ളുന്ന ഈ സാഹചര്യത്തിൽ വികേന്ദ്രീകൃത ആസൂത്രണം ഒരു പുതിയ പ്രേരക ശക്തി നൽകുമെന്ന് പ്രതീക്ഷിക്കുന്നു. നാം ഉപ്പോൾ നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിലെ തന്നെ നിർണായക ഘട്ടത്തീലൂടെ കടന്നു പോവുകയാണ്. സാമ്പത്തികമായ സ്വയം പര്യാപ്തതയും, ശക്തിയും, സാമൂഹികമായ ഏകതാഭാവവും, ഗാഢമായ സാംസ്കാരിക ഉദ്ഗ്രഥനവും നിലനിൽക്കുന്ന ഒരു പുരോഗമന ഗ്രാമത്തിന്റെ നിർമ്മാണ പ്രക്രിയയിൽ അതിന്റേതായ പങ്ക് വഹിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും ഈ പഞ്ചായത്ത് സമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാവുന്നതാണ്.

പുതിയ പഞ്ചായത്ത് ഭരണസമിതി 95 ഒക്ടോബർ 2 ന് അധികാരത്തിൽ വന്നതിനുശേഷം പുതിയ ഭരണസംവിധാനമനുസരിച്ച വാർഡ് തലത്തിൽ ഗ്രാമസഭകൾ ചേരുകയും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ പഞ്ചായത്ത് സമിതി അധികാരത്തിൽ വന്നതിനുശേഷം ശൂരനാട് ഗവ: ഹൈസ്കൂളിന് കമ്പ്യൂട്ടർ കോഴ്സ് അനുവദിച്ചതും, പോസ്റ്റാഫീസ് അപ്ഗ്രയിഡ് ചെയ്തതും, ഇലക്ട്രിസിറ്റി ആഫീസ്സ് സെക്ഷൻ ആഫീസ് ആയതും അഭിമാനകരമാണ്. ഒരു ഗവൺമെന്റ് ഹോമിയോ ആശുപത്രി അനുവദിച്ചത് ആഭിമാനകരമായി പ്രവർത്തിക്കുന്നു. പഞ്ചായത്ത് ഗ്രന്ഥശാലക്ക് ഇരുപത്തി എണ്ണായിരം രൂപക്ക് പുസ്തകം വാങ്ങാൻ കഴിഞ്ഞതുൾപ്പെടെ നിരവധി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഒമ്പതാം പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന്റെ ഭാഗമായി ഈ പഞ്ചായത്തിൽ സെപ്റ്റംബർ 12 ന് ശില്പശാല ചേരുകയും, 15 മുതൽ വിശേഷാൽ ഗ്രാമസഭകൾ ആരംഭിക്കുകയും, 29 ന് അവസാനിക്കുകയും ചെയ്തു. ഗ്രാമസഭകളിൽ നാടിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ക്രിയാത്മക നിർദ്ദേശങ്ങൾ ഉയർന്നു വന്നു. അവ ഒന്നിച്ചു പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിലും, ജനപങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ പൂർണ്ണമാക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. ജനകീയ പ്രവർത്തനങ്ങളുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിലും, ജനപങ്കാളിത്വത്തോടെ നവംബർ 1-ന് മൂന്ന് റോഡുകളുടെ പുനരുദ്ധാരണ പണികൾ നടന്നു. പഞ്ചായത്തിന്റെ വികസനരേഖ തയ്യാറാക്കുന്നതിൽ ഗ്രാമസഭകൾ മുതൽ ഇതുവരെയുള്ള പ്രവർത്തനങ്ങൾക്ക് സഹായമായി പ്രവർത്തച്ചുകൊണ്ടിരിക്കുന്ന ജില്ലാ റിസോഴ്സ് പേഴ്സൻമാരോടും വിവിധ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരോടുമുള്ള നന്ദി പഞ്ചായത്ത് കമ്മറ്റിക്കുവേണ്ടി രംഖപ്പെടുത്തുന്നു. തുടർന്നുള്ള പ്രവർത്തനങ്ങളിൽ മുഴുവനാളുകളുടെയും , എല്ലാവിധ സഹായസഹകരണങ്ങളും ഉണ്ടാകണമെന്ന് പഞ്ചായത്ത് കമ്മറ്റിക്കു വേണ്ടി അഭ്യർത്ഥിക്കുന്നു.

എന്ന്

J. ബീന
പ്രസിഡന്റ്
ശൂരനാട് വടക്ക് പഞ്ചായത്ത്

## വികസനരേഖ തയ്യാറാക്കിയവർ

കൃഷിയും ജലസേചനവും
1. ശ്രീമതി. S. ലീല (സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ)
2. R.ശദാശിവൻപിള്ള
3. H.അബ്ദുൾഖലീൽ
4. പ്രഭാകരൻ പിള്ള.കെ.
5. ശ്രീധരൻ. K.
6. K.ചന്ദ്രമതി

മൃഗസംരക്ഷണം മത്സ്യബന്ധനം
1. വേണുഗോപാലക്കുറുപ്പ് (മെമ്പർ)
2. വത്സലയമ്മ. ബി.
3. തുളസീധരൻപിള്ള
4. M.C.തങ്കപ്പൻ
5. ഹരിദേവ പണിക്കർ

വിദ്യാഭ്യാസം
1. S.രമേശ്ബാബു (മെമ്പർ
2. സോമരാജൻ നായർ
3. പ്രൊ. വാസുദേവൻ
4. കെ.കൃഷ്ണകുമാർ
5. ഗോവിന്ദൻ നായർ
6. R.സോമരാജൻ പിള്ള

വ്യവസായം
1. A. സുമ (മെമ്പർ)
2. ജോണി
3. എ.രാഘവൻ
4. സാബു മല്ലശ്ശേരി
5. ഉഷാ കുമാരി

കുടിവെള്ളം പൊതുജനാരോഗ്യം
1. വി.ദിവാകരൻ (മെമ്പർ)
2. പൊടിയൻ.കെ.
3. മംഗല.ജി.എസ്സ്.
4. ഗോപിനാഥൻപിള്ള. ആർ
5. വിശ്വനാഥപിള്ള. S.S.

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
1. P.T.S. തങ്ങൾ (മെമ്പർ)
2. R.സുന്ദരേശൻ പിള്ള
3. R.സോമനാഥനുണ്ണിത്താൻ
4. ദേവരാജൻ .S.
5. കെ.തങ്കപ്പൻ

സഹകരണം
1. വേലായുധൻപിള്ള.കെ.ആർ (മെമ്പർ)
2. ഗോപാലൻ നായർ. S.
3. V.കൃഷ്ണൻ
4. രാധാകൃഷ്ണപിള്ള. G.
5. രഘുനാഥൻ പിള്ള

പട്ടകജാതി പട്ടികവർഗ്ഗ ക്ഷേമം
1. വി.ദിവാകരൻ (മെമ്പർ)
2. S.ഹരികുമാർ
3. അശോകൻ.കെവി.
4. സി.എസ്സ്.സൈനുദ്ദീൻ

വിഭവസമാഹരണം
S.S.വിജയകുമാർ (മെമ്പർ)
1. രാധ.കെ
2. ലത്തീഫ്
3. വിജയൻപിള്ള. M.R.
4. അബു

പാർപ്പിടവും സാമൂഹ്യക്ഷേമവും
1. വി.എം. അബ്ദുൾസലാം (മെമ്പർ)
2. S.S.ശിവപ്രസാദ്
3. പി.ടി.വഹാബ്
4. സുധർമ്മ. പി.എസ്സ്.
5. C.ജയകുമാരി

സംസ്കാരം
1. J.ബീന (പ്രസിഡന്റ്)
2. സി.മോഹൻ
3. ചിത്രജാതൻ
4. N.കേശവചന്ദ്രൻ
5. N. രാമചന്ദ്രൻ നായർ

വനിത
1. J.ബീന (പ്രസിഡന്റ്)
2. P.അജയകുമാർ
3. കെ.എൻ അനിയൻ
4. ശ്യാമളാമ്മ
5. ശശികല.കെ
6. സേതുലക്ഷ്മി



*സംസ്ഥാന റിസോഴ്സ് പേഴ്സൺ*

**വി. രമണി**

*ജില്ലാ റിസോഴ്സ് പേഴ്സൺസ്*

ആർ. സദാശിവൻപിള്ള

ആർ.സുന്ദരശൻപിള്ള

ഡി.ജോണി

കെ. പൊടിയൻ

എം.സി. തങ്കപ്പൻ

എസ്.എസ്. ശിവപ്രസാദ്

(പഞ്ചായത്ത് സെക്രട്ടറി - ചീഫ് കോർഡിനേറ്റർ)




KERALA INSTITUTE OF LOCAL ADMINISTRATION ★ THRISSUR-680581 ★ LIBRARY
4204

Printed at Santhosh Industries, Kollam - 1 Phone : 70382